# പഞ്ചായത്ത്‌രാജ്

പുസ്തകം 54 ◆ ലക്കം 2 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം മേയ് 2014





## ഗ്രാമകേന്ദ്രങ്ങളിലൂടെ പങ്കാളിത്ത ജനാധിപത്യം സമ്പൂർണ്ണതയിലേക്ക്

എല്ലാ വാർഡിലും 'സേവാഗ്രാം' എന്ന പേരിൽ ഗ്രാമകേന്ദ്രം

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്


പഞ്ചായത്ത് രാജ്
മേയ് 2014

# ഉള്ളടക്കം




5 എഡിറ്ററുടെ പേജ്

6 'സേവാഗ്രാമി'ലൂടെ പങ്കാളിത്ത ജനാധിപത്യം സമ്പൂർണ്ണതയിലേക്ക്
ഡോ. എം.കെ. മുനീർ



8 മെയ് ദിനം അന്നും ഇന്നും
ഡോ.എം.വി.തോമസ്



11 ഐ.എസ്.ഒ. നടപടിക്രമങ്ങൾ
ഡോ. ജെ.ബി. രാജൻ & ബിജു. എസ്.കെ.

14 പരസ്യ നികുതിയിലെ രഹസ്യം നിയമദൃഷ്ടി
ജോൺ എസ് ജെയിംസ്

17 പുതിയ ചരിത്രം രചിക്കുന്ന ഉത്തരവ് – പ്രവർത്തന മാർഗ്ഗരേഖ

20 ഗ്രാമപഞ്ചായത്തുകളിലൂടെ



22 സുഭിക്ഷ –നാളികേരാധിഷ്ഠിത ദാരിദ്ര്യ ലഘൂകരണ മാതൃക
ആബെ ജേക്കബ്



25 വീണ്ടുമൊരു ലോകകപ്പ് ഫുട്ബോൾ
പി.ടി. രാമചന്ദ്രൻ

28 സൈബർ കുറ്റങ്ങൾക്കെതിരെ പോരാട്ടം
കെ.കെ പാന്ത്



31 യോഗ ശാസ്ത്രവും ആരോഗ്യവും
ഹരിദാസൻ മൂളിയിൽ

35 പഞ്ചായത്ത് രാജ് പ്രവർത്തനം കേരളം നേട്ടങ്ങളുടെ നെറുകയിൽ



38 ഗ്രാമപഞ്ചായത്ത് തമിഴ്നാട്ടിൽ ഒരു പഠനാനുഭവം
സി.എം. ഷെരീഫ് & ജി.കെ. സുനിൽ

# ജാഗ്രതാസമിതികൾ ശാക്തീകരിക്കാൻ സർക്കാർ നിയമഭേദഗതി കൊണ്ടുവരുന്നു

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അവകാശസംരക്ഷണത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ജാഗ്രതാസമിതികൾ ശാക്തീകരിക്കുന്നതിന് കേരള പഞ്ചായത്ത്‌രാജ് നിയമത്തിലും കേരള മുനിസിപ്പൽ നിയമത്തിലും സർക്കാർ ഭേദഗതി വരുത്തും. വാർഡ് മെമ്പർ കൺവീനർമാരായി വാർഡ് തലത്തിലും പഞ്ചായത്ത് പ്രസി ഡണ്ട് അദ്ധ്യക്ഷനായും ഐ.സി.ഡി.എസ് സൂപ്പർവൈസർ മെമ്പർ സെക്രട്ടറിയായി പഞ്ചായത്ത് തലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിശ്ചിത കാലയളവിൽ സമിതി യോഗം വിളിച്ചുചേർത്തില്ലെങ്കിൽ സമിതിയിലെ ജനപ്രതിനിധികളുടെ അംഗത്വം നഷ്ടമാകുമെന്നതാണ് നിർദ്ദിഷ്ട നിയമഭേദഗതിയുടെ ഒരു സവിശേഷത.

ഇതുമായി ബന്ധപ്പെട്ട് കിലയിൽ നടന്ന ശിൽപ്പശാല സാമൂഹ്യനീതി-പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി സി.എം. ഷെരീഫ് ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ. പി.പി. ബാലൻ അദ്ധ്യക്ഷനായിരുന്നു. സാമൂഹ്യനീതി വകുപ്പിലെ ലോ ഓഫീസർ ബി. പ്രതാപ ചന്ദ്രൻ, കില അസോസിയേറ്റ് പ്രൊഫസർ ഡോ. പീറ്റർ എം. രാജ്, ചൈൽഡ് റിസോഴ്സ് സെന്റർ കൺസൾട്ടന്റ് കെ.എൽ സുധാമണി, കില അസിസ്റ്റന്റ് ഡയറക്ടർ കെ.എം.സലിം, വനിത കമ്മീഷൻ അംഗം ഡോ.ലിസി ജോസ്, വനിത കമ്മീഷൻ പ്രോജക്ട് ഓഫീസർ ഡോ. പ്രേംന ശങ്കർ, നിർഭയ പ്രോജക്ട് ഓഫീസർ ഷാനിബ, കേരള സാമൂഹ്യനീതി-പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ സ്പെഷൻ പി.എ നാസർഎസ്റ്റേറ്റ്മുക്ക്, കൂത്താട്ടുകുളം പഞ്ചായത്ത് പ്രസിഡണ്ട് സീന ജോൺസൺ, മാള ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ അഡ്വ. ജി. കിഷോർകുമാർ, കിലയിലെ എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

മേയ് 9 നു ചേരുന്ന ശിൽപ്പശാലയിൽ നിയമഭേദഗതികളെക്കുറിച്ച് അന്തിമതീരുമാനമുണ്ടാകും. നിയമം എത്രയും വേഗം പ്രാബല്യത്തിൽ വരുത്താനായി ഓർഡിനൻസ് കൊണ്ടുവരുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണെന്നറിയുന്നു.



*തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ കാര്യ ക്ഷമമാക്കുന്നതിനു പഞ്ചായത്ത്-മുനിസിപ്പൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനെ ക്കുറിച്ച് ചർച്ച ചെയ്യാൻ കിലയിൽ നടന്ന ശിൽപ്പശാല സാമൂഹ്യനീതി-പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി സി.എം. ഷെരീഫ് ഉദ്ഘാടനം ചെയ്യുന്നു.*

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മേയ് 2014 | പുസ്തകം 54 | ലക്കം 2 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

## എഡിറ്റോറിയൽ

**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
**ജയിംസ് വയ്യഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷഷസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**എ. സെയിദ്**
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്ജ്)

എഡിറ്റർ
**എ. സെയിദ്**
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
aadhigraphics@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

പഞ്ചായത്തുരാജ് സംവിധാനം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. അതുകൊണ്ട് തന്നെയാണ് ഈ രംഗത്ത് കേരളം എക്കാലവും ആദരിക്കപ്പെടുന്നത്. മികച്ച പഞ്ചായത്ത് രാജ് പ്രവർത്തനം കാഴ്ചവെച്ച ഏറ്റവും നല്ല രണ്ടാമത്തെ സംസ്ഥാനമെന്ന പദവിക്കാണ് ഈ വർഷം കേരളം അർഹമായത്. ഒന്നാം സ്ഥാനം തന്നെ നിലനിർത്താനാണ് നാം ആഗ്രഹിക്കുന്നത്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആദ്യരണ്ട് വർഷം പിന്നിട്ട് മൂന്നാം വർഷ പദ്ധതി നടത്തിപ്പിലേക്ക് കടന്നിരിക്കയാണ് നമ്മുടെ ഗ്രാമ പഞ്ചായത്തുകൾ. മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഇപ്പോൾ പദ്ധതി പ്രവർത്തനങ്ങൾക്ക് മതിയായ സമയം ലഭിക്കുന്നുണ്ട്. ഇങ്ങനെ സമയം ലഭിക്കുന്നതു കാരണം പദ്ധതി പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പാക്കാനും സുതാര്യത നിലനിർത്താനും അവസരം ലഭിക്കുന്നു. ഇതു മൂലം പദ്ധതി പ്രവർത്തനങ്ങളുടെ ഗുണമേന്മ വർദ്ധിക്കും. ഇത്തരം പ്രവർത്തനങ്ങളിലൂടെ പങ്കാളിത്ത ജനാധിപത്യം സമ്പൂർണ്ണതയിലേക്ക് എത്തുന്ന കാഴ്ചകളാണ് നാം കാണുന്നത്. ഗ്രാമ സഭകളുടെ ശാക്തീകരണം സംഭവിച്ചുകൊണ്ടിരിക്കുന്നു. ബഹു. പഞ്ചായത്തു വകുപ്പ് മന്ത്രി പ്രത്യേകം താല്പര്യമെടുത്തു നടപ്പിലാക്കിയ ഗ്രാമ യാത്രയും, ജനാധിപത്യ ശാക്തീകരണത്തിന്റെ അന്താരാഷ്ട്ര സെമിനാറും ഗ്രാമ സഭകളുടെ ശാക്തീകരണത്തിനു നിമിത്തമായി മാറിയിട്ടുണ്ട്. എന്നിരുന്നാലും പൂർണ്ണമായി എന്നുപറയാൻ കഴിയില്ല. പക്ഷെ ഗ്രാമസ്വരാജ് എന്ന മഹാത്മാവിന്റെ സ്വപ്നം പൂവണിയണമെങ്കിൽ ഗ്രാമ സഭകൾ ശക്തിപ്പെട്ടേ കഴിയൂ. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് 2014 മാർച്ച് 28 ന്റെ ചരിത്രപരമായ തീരുമാനം. ബഹു. പഞ്ചായത്തു വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ കേരള നിയമസഭയിൽ നല്കിയ ഉറപ്പിന്റെ തുടർ നടപടിയാണ് ഈ തീരുമാനം. ഗ്രാമ സഭാംഗങ്ങളുടെ കൂടിച്ചേരലിനും തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും ചർച്ചകൾക്കുമായി ഓരോ വാർഡിലും

ഭസേവാഗ്രാം എന്ന പേരിൽ ഗ്രാമ കേന്ദ്രം സ്ഥാപിച്ചു ഗ്രാമ സഭകളുടെ പ്രവർത്തനം കൂടുതൽ സാർത്ഥകമാക്കാനും ശക്തിപ്പെടുത്താനും ഉതകുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കാൻ അനുമതി നല്കുന്നതായിരുന്നു ആ തീരുമാനം. (സർക്കുലർ നം.35208/ഡി.എ3/2012/തസ്വഭവ തീയതി 28.03.2014) പ്രസ്തുത സർക്കുലറിലെ മാർക്ഷ നിർദ്ദേശങ്ങൾ പൂർണ്ണ അർത്ഥത്തിൽ പ്രവർത്തികമാക്കാൻ എല്ലാ ഗ്രാമ പഞ്ചായത്തും ശ്രദ്ധിക്കേണ്ടതാണ്.

ജനങ്ങളുമായി നേരിട്ട് ബന്ധമുള്ള ജനങ്ങൾക്ക് വേഗത്തിൽ ബന്ധപ്പെടാൻ കഴിയുന്ന പ്രാദേശിക സർക്കാർ ആയ ഗ്രാമ പഞ്ചായത്തുകൾക്ക് ജനങ്ങളുടെ സമഗ്ര പുരോഗതിക്ക് ഉതകുന്നതരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ ബാധ്യതയുണ്ട്. ബഹു. കേരള സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന വിഷൻ 676 എന്ന പേരിലുള്ള പദ്ധതികൾ ഈ ലക്ഷ്യം നിറവേറ്റുക എന്ന ഉദ്ദേശ്യത്തോടെ തന്നെയാണ്. തരിശുനിലങ്ങളിലെ പച്ചക്കറി കൃഷി, ഉറവിടമാലിന്യ സംസ്കരണം, മാതൃകാ സ്ലോട്ടർഹൗസ് നിർമ്മാണം, മാതൃകാ ഗ്യാസ് ക്രിമിറ്റോറിയം, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നികുതി ഒടുക്കൽ, കെട്ടിട പെർമിറ്റുകൾ ഓൺലൈൻ മുഖേനെ ലഭ്യമാക്കൽ, ക്രൈംമാപ്പിംഗ്, ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കൽ, എല്ലാ ഗ്രാമ പഞ്ചായത്തുകളും ഐ.എസ്.ഒ പദവി നേടിയെടുക്കൽ, സമ്പൂർണ്ണ ക്യാൻസർ ഇൻഷുറൻസ്, ലേബർ ബാങ്ക്, ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഏറ്റെടുത്ത പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം തുടങ്ങിയവയാണ് വിഷൻ 676ൽ ഉൾപ്പെട്ട പഞ്ചായത്തു വകുപ്പുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികൾ. ഇത്തരം പദ്ധതികൾക്ക് പ്രാമുഖ്യം നല്കി പ്രാദേശിക സർക്കാർ എന്ന ഉത്തരവാദിത്വം നിർവ്വഹിക്കാൻ ഓരോ ഗ്രാമ പഞ്ചായത്തും തയ്യാറാകേണ്ടതാണ്.

**എ. സെയിദ്**
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്ജ്)




ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

പഞ്ചായത്ത് രാജ് സംവിധാനം അതിന്റെ ആത്മസത്ത മുഴുവൻ ഉൾക്കൊണ്ട് വിജയകരമായി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ഈ രംഗത്തെ നേട്ടം സാർവത്രികമായി പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്. മികച്ച പഞ്ചായത്ത്‌രാജ് ഭരണത്തിനുള്ള കേന്ദ്രപുരസ്കാരം തുടർച്ചയായി കരസ്ഥമാക്കുന്നത് നമ്മുടെ സംസ്ഥാനമാണ്. ഈ വർഷം മികച്ച പഞ്ചായത്ത് രാജ് പ്രവർത്തനം കാഴ്ചവച്ച ഏറ്റവും നല്ല രണ്ടാമത്തെ സംസ്ഥാനത്തിനുള്ള ബഹുമതിക്കാണ് കേരളം അർഹമായത്. ഒന്നാം സ്ഥാനം തന്നെ നിലനിർത്തണം എന്നാണ് നമ്മുടെ ആഗ്രഹം. കേരളത്തിൽ ജനാധിപത്യ ശാക്തീകരണം എത്രത്തോളം സഫലമായി എന്ന വിലയിരുത്തലിന് കഴിഞ്ഞ ജനുവരിയിൽ കോവളത്ത് നടന്ന അന്താരാഷ്ട്ര സമ്മേളനം വേദിയാവുകയുണ്ടായി. അവിടെ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സ്വാംശീകരിച്ച് മുന്നോട്ടുള്ള പ്രയാണം തുടരുന്ന പ്രക്രിയയിലാണ് നാമിപ്പോൾ.

2014 മാർച്ച് 28ന് കേരളം ചരിത്രപരമായ ഒരു തീരുമാനം കൈക്കൊള്ളുകയുണ്ടായി. ജനാധിപത്യം കേരളത്തിലെ ഓരോ പൗരന്റെയും നിത്യജീവിതത്തിൽ അനുഭവ വേദ്യമാകുന്ന വിപ്ലവകരമായ ഒരു തീരുമാനമാണത്. ഗ്രാമസഭാ പ്രവർത്തനം സംബന്ധിച്ച് ഞാൻ കേരള നിയമസഭയിൽ നൽകിയ ഉറപ്പിന്റെ തുടർനടപടിയുടെ ഭാ

# 'സേവാഗ്രാമി'ലൂടെ പങ്കാളിത്ത ജനാധിപത്യം സമ്പൂർണ്ണതയിലേക്ക്





ഗം കൂടിയാണ് ഈ തീരുമാനം. ഗ്രാമസഭാ അംഗങ്ങളുടെ കൂടിച്ചേരലിനും തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും ചർച്ചകൾക്കുമായി ഗ്രാമപഞ്ചായത്തിന്റെ ഓരോ വാർഡിലും 'സേവാഗ്രാം' എന്ന പേരിൽ ഗ്രാമകേന്ദ്രം സ്ഥാപിച്ചുകൊണ്ട് പ്രാദേശിക ഭരണ സംവിധാനം കൂടുതൽ ജനാധിപത്യവൽക്കരിക്കാനും ഗ്രാമസഭകളുടെ പ്രവർത്തനം കൂടുതൽ സാർത്ഥകമാക്കാനും ശക്തിപ്പെടുത്താനും ആണ് നമ്മുടെ ദൃഢനിശ്ചയം. ഗ്രാമസഭകൾക്ക് ആസ്ഥാനമില്ല എന്ന പരിമിതിക്ക് ഇതോടെ പരിഹാരമാവുകയാണ്. ആഴ്ചയിൽ അഞ്ച് ദിവസമെങ്കിലും വൈകുരേം 3 മണി മുതൽ 7 മണി വരെ ഗ്രാമകേന്ദ്രം തുറു പ്രവർത്തിക്കും. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് അന്യത്ര കൊടുത്തിരിക്കുന്നു (പേജ് നമ്പർ-17).

സേവാഗ്രാമിന്റെ പ്രവർത്തന സംവിധാനത്തിൽ വാർഡ് വികസന സമിതിക്ക് കേന്ദ്രസ്ഥാനമുണ്ട്. ഓരോ വാർഡിലും ബന്ധപ്പെട്ട ജനപ്രതിനിധി അദ്ധ്യക്ഷനായും പഞ്ചായത്ത് ഭരണസമിതി നാമനിർദ്ദേശം ചെയ്യുന്ന പൊതുസമ്മതരായ 10 തദ്ദേശവാസികളും വാർഡിലെ ഓരോ അയൽ സഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു സ്ത്രീയും പുരുഷനും അംഗങ്ങളായും ഉള്ളതാണ് സമിതി. അംഗങ്ങളിൽ നിന്ന് ഒരാളെ കൺവീനറായി തെരഞ്ഞെടുക്കാം. വാർഡ് വികസന സമിതികൾക്ക് വിപുലമായ ചുമതലകളാണ് നൽകിയിട്ടുള്ളത്. ജനങ്ങൾക്ക് വേണ്ട കാര്യങ്ങൾ അവർക്ക് തന്നെ തീരുമാനിക്കാനും തങ്ങളുടെ പ്രദേശത്തിന് ആവശ്യമില്ലാത്തത് എറെക്കുറെ തിരസ്കരിക്കാനും കഴിയുന്ന ഒരു സംവിധാനമാണ് ഇതിലൂടെ രൂപപ്പെടുക. സുതാര്യത ഉറപ്പാക്കാൻ അങ്ങേയറ്റം ജാഗ്രത പുലർത്താൻ ഈ സംവിധാനത്തിന് കഴിയും.

ഇതോടൊപ്പം തന്നെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഓരോ വാർഡിലും 50 മുതൽ 100 വരെ അടുത്തടുത്ത കുടുംബങ്ങൾ ഉൾപ്പെടുന്ന അയൽസഭകൾ രൂപീകരിക്കപ്പെടും. അയൽസഭയ്ക്ക് ഒരു നിർവാഹക സമിതി ഉണ്ടായിരിക്കും. വികസന - സാമൂഹ്യ - സാംസ്കാരിക - ശുചിത്വ മേഖലകളിലെ ഇടപെടലുകൾക്കൊപ്പം സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും ഭിന്നശേഷിയുള്ളവർക്കും എതിരായ അതിക്രമങ്ങൾക്ക് സമർത്ഥമായ പ്രതിരോധം ഉയർത്തുക കൂടി അയൽസഭകൾക്ക് ഏറ്റെടുക്കാൻ കഴിയും.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സ്വപ്നമായ 'ഗ്രാമസ്വരാജ്' പുതുമയുടെ അനശ്വരപദമാണ്. വാർദ്ധയിലെ തന്റെ പ്രധാന ആസ്ഥാനത്തിന് ഗാന്ധിജി നൽകിയ നാമമാണ് 'സേവാഗ്രാം', നമ്മുടെ ഗ്രാമകേന്ദ്രങ്ങൾ 'സേവാഗ്രാ'മുകൾ ആവുന്നതിലൂടെ ഗാന്ധിയൻ സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിലേക്കും അതുവഴി പാവങ്ങളിൽ പാവങ്ങളായവരുടെ ശബ്ദം ജനാധിപത്യത്തിന്റെ പവിത്ര വേദികളിൽ പ്രതിധ്വനിക്കാനും ആവശ്യങ്ങൾ നിർവഹിക്കപ്പെടുന്നതിൽ അവർ തന്നെ കേന്ദ്രബിന്ദുവായി പ്രവർത്തിക്കാൻ കഴിയുകയും ചെയ്യുന്ന ഈ അവസ്ഥ ഒരു പക്ഷെ ഇന്ത്യ ആദ്യമായി ദർശിക്കുന്നത് കേരളത്തിലായിരിക്കും. ഈ ജനാധിപത്യ വിപ്ലവത്തിൽ ഓരോ പൗരനും അണിചേർന്നേ കഴിയൂ. അന്യരാജ്യ തീവ്രവാദികളുടെ ഹിംസാത്മകതയ്ക്ക് മുന്നിൽ 23 വർഷം മുമ്പ് ഛിന്നഭിന്നമായിപ്പോയ ഇന്ത്യൻ പഞ്ചായത്ത് രാജ് ശിൽപ്പിയായ ആ മഹാതേജസ്വിയുടെ, ശ്രീ.രാജീവ് ഗാന്ധിയുടെ, ചിരസ്മരണക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നവഭാരതസൃഷ്ടി പൂർത്തിയാക്കാനുള്ള പ്രതിജ്ഞ നമുക്ക് നിറവേറ്റാം. ◆

**നമ്മുടെ ഗ്രാമകേന്ദ്രങ്ങൾ 'സേവാഗ്രാ'മുകൾ ആവുന്നതിലൂടെ ഗാന്ധിയൻ സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിലേക്കും അതുവഴി പാവങ്ങളിൽ പാവങ്ങളായവരുടെ ശബ്ദം ജനാധിപത്യത്തിന്റെ പവിത്ര വേദികളിൽ പ്രതിധ്വനിക്കാനും ആവശ്യങ്ങൾ നിർവഹിക്കപ്പെടുന്നതിൽ അവർ തന്നെ കേന്ദ്രബിന്ദുവായി പ്രവർത്തിക്കാൻ കഴിയുകയും ചെയ്യുന്ന ഈ അവസ്ഥ ഒരു പക്ഷെ ഇന്ത്യ ആദ്യമായി ദർശിക്കുന്നത് കേരളത്തിലായിരിക്കും.**



# മെയ് ദിനം അന്നും ഇന്നും

ഡോ. എം. വി. തോമസ്

"എട്ടു മണിക്കൂർ ജോലി; എട്ടുമണിക്കൂർ വിശ്രമം" എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് അമേരിക്കൻ സോഷ്യലിസ്റ്റ് പാർട്ടി 1886 മെയ് ഒന്നിന് നടത്തിയ ചരിത്രപ്രസിദ്ധമായ തൊഴിലാളി സമരത്തിന്റെ അനുസ്മരണമാണ് മെയ് ദിനാചരണത്തിന്റെ പിന്നിലുള്ളത്. ഈ തൊഴിലാളി സമരത്തെ അമേരിക്കൻ ഭരണകൂടം സർവശക്തിയും ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിച്ചു. അവകാശ സമരം നടത്തിയ തൊഴിലാളികൾക്കു നേരെ സർക്കാർ ക്രൂരമായ മർദ്ദന മുറകൾ അഴിച്ചുവിട്ടു. ഇതിന്റെ ഫലമായി ഏറ്റവും കൂടുതൽ ദുരന്തങ്ങൾ അനുഭവിക്കേണ്ടി വന്നത് ചിക്കാഗോ നഗരത്തിലെ തൊഴിലാളികളായിരുന്നു. മെയ് നാലിനു നടന്ന ബോംബേറും വെടിവയ്പും സംഘട്ടനങ്ങളും മൂലം ആയിരക്കണക്കിന് തൊഴിലാളികളുടെ രക്തം ചിക്കാഗോ നഗരവീഥികളിലൂടെ ഒഴുകി. സമരത്തിന് നേതൃത്വം നൽകിയ ആൽബർട്ട് പാർസൻസ്, ആഗസ്റ്റ് സ്പൈസ് ജോർജ് ഏഞ്ചൽ, അഡോൾഫി ഫിഷർ എന്നിവരെ ഭരണാധികാരികൾ തൂക്കിക്കൊന്നു. എന്നാൽ രക്തരൂക്ഷിതമായ ഈ വിപ്ലവം പരാജയപ്പെടുകയല്ല, വിജയ വൈജയന്തിയായി പരിണമിക്കുകയാണ് ഉണ്ടായത്. എട്ടുമണിക്കൂർ എന്ന സിദ്ധാന്തത്തിന് സാർവ്വത്രികമായ അംഗീകാരം ലഭിച്ചു. 1889 ജൂലായ് 14ന് പാരീസിൽ ചേർന്ന തൊഴിലാളികളുടെ രണ്ടാം സാർവദേശീയ സമ്മേളനമാണ് എല്ലാ വർഷവും മെയ് 1 സാർവദ്ദേശീയ തൊഴിലാളി ദിനമായി ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

1890ൽ നടന്ന ആദ്യത്തെ മെയ്ദിനാചരണം തന്നെ സാർവദേശീയ തലത്തിലാണ് നടന്നത്. അമേരിക്കൻ ഐക്യനാടുകൾ, ഹംഗറി, ബൽജിയം, ജർമ്മനി, ഡൻമാർക്ക്, നോർവേ, ഫ്രാൻസ്, ഇറ്റലി, സ്പെയിൻ തുടങ്ങിയ രാഷ്ട്രങ്ങളിൽ അന്ന് അവധി ദിവസമായി പ്രഖ്യാപിക്കപ്പെട്ടു. 1917ലെ വിപ്ലവത്തിനു ശേഷം സോവിയറ്റ് യൂണിയനിലും



**മെയ്ദിനാചരണം കേവലം ഒരു ചടങ്ങായി അധഃപതിച്ചുകൂടാ. അഭിമാനോജ്വലമായ ഒരു ഭൂതകാലത്തെ അനുസ്മരിപ്പിക്കുന്നതോടൊപ്പം പ്രതീക്ഷാ നിർഭരമായ ഒരു ഭാവികാലത്തിലേക്കു കൂടി അത് നമ്മെ നയിക്കണം. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന തരത്തിൽ ഇന്ത്യയിൽ ഒരു സോഷ്യലിസ്റ്റ് സാമൂഹിക വ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിന് നാം പ്രതിജ്ഞയെടുക്കേണ്ട ദിവസമാണത്.**

മെയ്ദിനം ഒഴിവു ദിവസമായി. സമാധാനത്തിനും ജനാധിപത്യത്തിനും സാമൂഹിക പുരോഗതിക്കും വേണ്ടിയുള്ള സമരത്തിൽ സാർവദേശീയ ദാർഢ്യം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവും മെയ്ദിനാചരണത്തിന് ഉണ്ടായിരുന്നു. ഇന്ത്യയിൽ ആദ്യമായി മെയ് ദിനം ആഘോഷിച്ചത് 1926-ലാണ്. മലബാറിലെ രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെ ഭാഗമായി 1935ൽ കേരളത്തിൽ ആദ്യത്തെ മെയ്ദിനാചരണം നടന്നു. തൊഴിലാളിവർഗത്തിന്റെ വിജയപ്രതീകമായി ലോകമെമ്പാടുമുള്ള തൊഴിലാളികൾ ഈ സുദിനം അത്യാഘോഷപൂർവ്വം ആചരിച്ചുവരുന്നു.

മെയ്ദിനാചരണം കേവലം ഒരു ചടങ്ങായി അധഃപതിച്ചുകൂടാ. അഭിമാനോജ്വലമായ ഒരു ഭൂതകാലത്തെ അനുസ്മരിപ്പിക്കുന്നതോടൊപ്പം പ്രതീക്ഷാ നിർഭരമായ ഒരു ഭാവികാലത്തിലേക്കു കൂടി അത് നമ്മെ നയിക്കണം. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന തരത്തിൽ ഇന്ത്യയിൽ ഒരു സോഷ്യലിസ്റ്റ് സാമൂഹിക വ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിന് നാം പ്രതിജ്ഞയെടുക്കേണ്ട ദിവസമാണത്. രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും കടുത്ത ഭീഷണി ഉയർത്തുന്ന വിഘടനവാദികളെയും ഛിദ്രശക്തികളെയും ഒറ്റപ്പെടുത്തുന്നതിനും നിർവീര്യമാക്കുന്നതിനും തൊഴിലാളിവർഗ്ഗം ദൃഢനിശ്ചയം ചെയ്യേണ്ട അവസരവും കൂടിയാണ് മെയ്ദിനം.

സിവിൽ സർവീസിൽപ്പെട്ട ജീവനക്കാരും തൊഴിലാളിവർഗ്ഗത്തിൽപ്പെട്ടവരാകയാൽ മെയ്ദിനാചരണം അവർക്കും പ്രസക്തമാണ്. എന്നാൽ വ്യാവസായിക മേഖലയിലെ തൊഴിലാളികൾക്കൊപ്പം ഇവർ ഈ ദിനാചരണത്തിൽ പങ്കെടുത്തു കാണുന്നില്ല. സിവിൽ സർവീസ് ജീവനക്കാർക്ക് അധ്വാനിക്കുന്ന ജനവിഭാഗങ്ങളോട് രക്തബന്ധമുണ്ടായേ മതിയാവൂ. ഗണ്യമായ തോതിൽ ജനസേവനമർപ്പിക്കുവാൻ അത് അവർക്ക് പ്രേരകമാവും. അതിനാൽ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് സംഘടിത പ്രസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാരും അധ്വാനിക്കുന്ന ജനവിഭാഗങ്ങളുമായി ഒത്തുചേരുകയും ആ ഐക്യം അരക്കിട്ടുറപ്പുക്കുകയും വേണം.

തൊഴിലാളികൾ എല്ലാവിധ ഭിന്നതകളും മറന്ന് ചൂഷണത്തിനെതിരായ





പോരാട്ടത്തിൽ ഒന്നിച്ച് അണിനിരക്കണമെന്നതാണ് ആദർശമെങ്കിലും ഭാരതത്തിലെ ഇന്നത്തെ സ്ഥിതി വച്ചു പറഞ്ഞാൽ ട്രേഡ് യൂണിയൻ സ്വാതന്ത്ര്യങ്ങൾ നാം പലപ്പോഴും വിനിയോഗിക്കുന്നത് അധ്വാനിക്കുന്ന ജനവർഗ്ഗത്തിന്റെ ഐക്യബോധത്തെ തകർക്കുന്നതിനും അതിന്റെ സംഘടിതശക്തി ഇല്ലായ്മ ചെയ്യുന്നതിനുമാണ്. ഇതിന്റെ മുഖ്യകാരണം ട്രേഡ് യൂണിയൻ രംഗത്തെ രാഷ്ട്രീയാതിപ്രസരമാണ്. തൊഴിലാളി ക്ഷേമമോ സ്ഥാപനത്തിന്റെ ശ്രേയസ്സോ പൊതുജന താൽപര്യങ്ങളോ സർവോപരി രാഷ്ട്രനന്മയോ പരിഗണിക്കാതെ സ്വാർത്ഥലാഭത്തിനായി ട്രേഡ് യൂണിയനിസത്തെ ദുർവിനിയോഗം ചെയ്യുന്ന ധാരാളം രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടനകളും നേതാക്കളും നമ്മുടെ ഇടയിലുണ്ട്. തന്മൂലം തൊഴിലാളികൾ ഗ്രൂപ്പുതിരിഞ്ഞ് കീരിയും പാമ്പും പോലെ പരസ്പരം പോരാടുന്ന സ്ഥിതിവിശേഷം പോലും സംജാതമായിട്ടുണ്ട്.

നമ്മുടെ രാജ്യത്ത് സംഘടിതരായ തൊഴിലാളികളെക്കാൾ എത്രയോ മടങ്ങ് അസംഘടിതരായ തൊഴിലാളികളും തൊഴിൽരഹിതരുമുണ്ട്. ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും പേരിൽ പുതിയ വാണിജ്യ വ്യവസായ സമ്പ്രദായങ്ങൾ നിലവിൽവന്നതോടെ തൊഴിലാളികളുടെ അടിസ്ഥാനപരമായ അവകാശങ്ങൾ നിഷേധിക്കുക എന്നത് വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഐ.ടി.മേഖല, അൺ എയ്ഡഡ്- സ്വാശ്രയ വിദ്യാഭ്യാസ മേഖല, മാധ്യമമേഖല എന്നിവിടങ്ങളിലൊക്കെ പണിയെടുക്കുന്നവർ, സർക്കാർ- പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്വകാര്യ സ്ഥാപനങ്ങളിലെയും കരാർ- ദിവസക്കൂലി ജീവനക്കാർ വീട്ടുജോലിക്കാർ, അന്യസംസ്ഥാനക്കാരായ തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, കൂലിപ്പണിക്കാർ തുടങ്ങി തൊഴിൽപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുടെ പട്ടിക നീണ്ടുപോകുന്നു. തെരുവുകച്ചവടക്കാർ, വീടുവീടാന്തരം കയറിയിറങ്ങി വൻകിടക്കാരുടെ ഉത്പന്നങ്ങളോ സ്വയം നിർമ്മിത ഉത്പന്നങ്ങളോ വിറ്റഴിക്കുന്നവർ, തട്ടുകടക്കാർ, സ്വയംതൊഴിൽ കണ്ടെത്തുന്നവർ തുടങ്ങി അസംഘടിതരായ തൊഴിലാളികളുടെ എണ്ണമറ്റ ഒരു വൃന്ദം വേറെയുമുണ്ട്. ഇത്തരം അസംഘടിതരും അശക്തരും പ്രതികരണശേഷിയില്ലാത്തവരുമായ തൊഴിലാളികൾക്കിടയിൽ മെയ്ദിന സന്ദേശമെത്തിക്കാനും അവർക്കു വേണ്ടി ശബ്ദമുയർത്താനും പോരാടാനും കൂടി സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ സന്നദ്ധരാവണം.

അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി രണാങ്കണത്തിലിറങ്ങുന്നതിൽ ഒട്ടും മടുപ്പു കാണിക്കാത്ത തൊഴിലാളി സംഘടനകളും സർവീസ് സംഘടനകളും തൊഴിലാളികളെയും മറ്റ് ജീവനക്കാരെയും തങ്ങളുടെ കടമകളെയും കർത്തവ്യങ്ങളെയും പറ്റി ബോധവത്കരിക്കാനും, അവരെ അത്യാധുനിക വിജ്ഞാനവും സാങ്കേതികവിദ്യാപരിജ്ഞാനവും കൊണ്ട് ശാക്തീകരിക്കാനും കൂടുതൽ ജാഗ്രത കാട്ടേണ്ടിയിരിക്കുന്നു. 'എട്ടു മണിക്കൂർ ജോലി' എന്നത് ഒരു അവകാശം മാത്രമല്ല. വിട്ടുവീഴ്ചയില്ലാത്ത ഒരു കടമയുമാണ്. നമ്മുടെ പ്രവർത്തനമേഖലകൾ ഊർജ്ജസ്വലവും അഴിമതിരഹിതവും ചൂഷണ വിമുക്തവും സംശുദ്ധവുമാക്കുവാൻ നമുക്ക് പ്രതിജ്ഞയെടുക്കാം. അതിന് പ്രചോദനമേകുവാൻ മെയ്ദിനത്തിന് കഴിയട്ടെ.

*(ലേഖകൻ സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പിലെ മുൻ ഡെപ്യൂട്ടി ഡയറക്ടറാണ്.)*



ലേഖന പരമ്പര – അഞ്ച്

ഡോ. ജെ.ബി. രാജൻ
അസിസ്റ്റന്റ് പ്രൊഫസർ, കില
&
ബിജു. എസ്.കെ.
അസിസ്റ്റന്റ് പ്രൊഫസർ,
ഗവ. കോളേജ്, കാഞ്ഞിരംകുളം

# ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008

## ഐ.എസ്.ഒ. നടപടിക്രമങ്ങൾ

ഐ എസ്.ഒ.യുടെ പ്രാഥമിക വിവരങ്ങൾ ലേഖന പരമ്പര ഒന്നിലും, ഐ.എസ്.ഒ. ലഭിക്കുന്നതിനു മുന്നോടിയായി നടപ്പിലാക്കേണ്ട TQM സംബന്ധിച്ച കാര്യങ്ങൾ പരമ്പര രണ്ടിലും, ആദ്യമായി TQM നടപ്പിലാക്കിയ ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിന്റെ അനുഭവപാഠങ്ങൾ പരമ്പര മൂന്നിലും, ചെറുവണ്ണൂർ-നല്ലളം പഞ്ചായത്തിന്റെ അനുഭവം ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റിന്റെ അവസ്ഥാവിശകലനം പരമ്പര നാലിലും പരാമർശിച്ചിരുന്നുവല്ലോ. ഐ.എസ്.ഒ. ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുകയാണ് ഈ പരമ്പരയിൽ.

ഒരു സ്ഥാപനത്തിൽ ഗുണമേന്മാ സംവിധാനം നിലവിലുണ്ടെന്ന് ഉറപ്പുവരുത്തുന്ന അന്തർദേശീയ മുഖമുദ്രയാണല്ലോ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ്. എന്നാൽ അതിനുള്ള ഏജൻസിയായ ഐ.എസ്.ഒ. നേരിട്ട് സർട്ടിഫിക്കറ്റ് നൽകാറില്ല. അംഗരാജ്യങ്ങളിലെ നിയുക്ത ബോർഡുകളിലാണ് അതിനുള്ള ചുമതല. ഇന്ത്യയിൽ ഉല്പന്നങ്ങളുടേയും സേവനങ്ങളുടേയും നിലവാരം ഉറപ്പുവരുത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും, ബന്ധപ്പെട്ട ഏജൻസികളെ നിയമിക്കുന്നതിനും, പരിശീലനം കൊടുക്കുന്നതിനും, മാർഗ്ഗരേഖ രൂപീകരിക്കുന്നതിനും, അവ പുതുക്കുന്നതിനുമായി നിരവധി സ്ഥാപനങ്ങൾ അതത് മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്. സ്റ്റാൻഡേർഡുകൾ വികസിപ്പിക്കുതിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡും (BIS), അക്രഡിറ്റേഷൻ ഏജൻസികളെ നിയമിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ക്വാളിറ്റി കൗസിൽ ഓഫ് ഇന്ത്യയും (QCI) നിലകൊള്ളുന്നു. QCI യുടെ കീഴിൽ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ സർട്ടിഫിക്കേഷൻ ബോഡീസ് (NABCB), നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ എഡ്യുക്കേഷൻ ആന്റ് ട്രെയിനിംഗ് (NABET), നാഷണൽ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (NABH), നാഷണൽ ബോർഡ് ഫോർ ക്വാളിറ്റി പ്രൊമോഷൻ ആന്റ് അക്രഡിറ്റേഷൻ (NBQPA), ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ് (NABL) എന്നീ സ്ഥാപനങ്ങൾ ഉണ്ട്. ഈ ഓരോ സ്ഥാപനത്തിനും പ്രത്യേക ദൗത്യം നിറവേറ്റാനുമുണ്ട്. ഇതിൽ I-S-O 9001 : 2008 സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും നടപടികളും മാത്രമെ ഇവിടെ പ്രതിപാദിക്കുന്നുള്ളു.

I-S-O 9001 : 2008 സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ഗുണമേന്മാ സംവിധാനം ഏർപ്പെടുത്തുകയാണ് ഒന്നാമത്തെ നടപടി (ഈ ലേഖന പരമ്പര – 2 കാണുക). ആയതിലേക്ക് അംഗീകൃത കസൾട്ടന്റിന്റെ സേവനം വിനിയോഗിക്കാവുന്നതാണ്. I-S-O കസൾട്ടന്റിന്റെ സഹായത്തോടെ ഗുണ

മേന്മാ സംവിധാനം ഏർപ്പെടുത്തുന്നതിനനുസൃതമായി ISO സർട്ടിഫിക്കേഷനുവേണ്ടി സർട്ടിഫിക്കേഷൻ ബോഡിയെ സമീപിക്കുകയാണ് അടുത്ത നടപടി. സർട്ടിഫിക്കേഷൻ ഏജൻസി ലീഡ് ഓഡിറ്റർ (Lead Auditor) മുഖാന്തിരം നടത്തുന്ന ഗുണമേന്മാ ഓഡിറ്റിന്റെ (Quality Audit) അടിസ്ഥാനത്തിലാണ് ISO 9001 : 2008 സർട്ടിഫിക്കറ്റ് ലഭിക്കുന്നത്. ISO കസൾട്ടന്റിനെയും സർട്ടിഫിക്കേഷൻ ബോഡിയെയും തെരഞ്ഞെടുക്കുമ്പോൾ ജാഗ്രത പുലർത്തേണ്ടതുണ്ട്. അതല്ലെങ്കിൽ ചതികുഴിയിൽ അകപ്പെടാം. ഇത്തരുണത്തിൽ കസൾട്ടന്റിന് അംഗീകൃത യോഗ്യതയുണ്ടോ? നിറവേറ്റേണ്ട ഉത്തരവാദിത്തങ്ങൾ എന്തൊക്കെ? സർട്ടിഫിക്കേഷൻ ബോഡി അക്രഡിറ്റഡ് ആണോ? വിവിധയിനങ്ങളിലുള്ള വ്യയം എന്തൊക്കെ? തുടങ്ങി കാര്യങ്ങൾ സംബന്ധിച്ച് വ്യക്തത ഉണ്ടാകണം.

### ISO കസൾട്ടന്റിനെ ചുമതലപ്പെടുത്തുമ്പോൾ

ഒരു സ്ഥാപനത്തിന് ISO 9001 : 2008 കരസ്ഥമാക്കുന്നതിനുവേണ്ടിയുള്ള സാങ്കേതിക കാര്യങ്ങളെക്കുറിച്ച് പരിപോഷക പിന്തുണ നൽകുന്നതിന് അംഗീകൃത പ്രൊഫഷണലുകൾ ഉണ്ട്. QCI അംഗീകരിച്ചിട്ടുള്ള കസൾട്ടന്റ്/രജിസ്റ്റേർഡ് കസൾട്ടന്റിനെയാണ് ആയതിലേക്ക് നിയോഗിക്കേണ്ടത്. (k.D.(എം.എസ്) നം. 373/2013/തസ്വഭ, തിരുവനന്തപുരം, തീയതി 02/12/2013).

കസൾട്ടന്റ് അംഗീകൃത പ്രൊഫഷണൽ ആണെങ്കിലും വൻ തുക പ്രൊഫഷണൽ ഫീസ് ഈടാക്കുകയും വേണ്ടത്ര സേവനം നൽകാതിരിക്കുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കുന്നതിന് കസൾട്ടന്റിന്റെ ഫീസ് പരമാവധി 60000 രൂപയായും പഞ്ചായത്തിൽ കുറഞ്ഞത് 15 മനുഷ്യദിനങ്ങളുടെ സേവനവും സർക്കാർ നിഷ്കർഷിക്കുന്നു. (സ.ഉ.(എം.എസ്) നം. 373/2013/തിരുവനന്തപുരം, തീയതി 2/12/13).

### കസൾട്ടന്റിന്റെ ഉത്തരവാദിത്തങ്ങൾ

- പൗരസമൂഹ സർവ്വേ നടത്താൻ സാങ്കേതിക സഹായം നൽകുക, റിപ്പോർട്ട് തയ്യാറാക്കുക
- ഗുണമേന്മാ നയരൂപീകരണത്തിന് സാങ്കേതിക സഹായം നൽകുക
- കർമ്മപരിപാടി തയ്യാറാക്കാൻ സഹായിക്കുക
- ക്വാളിറ്റി മാന്വൽ മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കുക
- ISO 9000 മാർഗ്ഗരേഖ പരിചയപ്പെടുത്തുന്നതിനുള്ള പരിശീലനം നടത്തുക
- ഗുണമേന്മാ പരിപാലന സംവിധാനത്തെക്കുറിച്ച് പരിശീലനം നടത്തുക
- തുടർ പരിശീലനത്തിനുള്ള കർമ്മപരിപാടി തയ്യാറാക്കാൻ സഹായിക്കുക
- പശ്ചാത്തല സൗകര്യമൊരുക്കുന്നതിന് വിദഗ്ധ ഉപദേശം നൽകുക
- ഓം കക്ഷി ഓഡിറ്റും, ഇന്റേണൽ ഓഡിറ്റും നടത്തുന്നതിനുള്ള പരിശീലനം നൽകുക
- പ്രീ അസ്സസ്മെന്റ് ഓഡിറ്റിന് സാങ്കേതിക സഹായം നൽകുക
- മൂന്നാം കക്ഷി ഓഡിറ്റിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുക
- സർട്ടിഫിക്കറ്റ് പുതുക്കൽ – പ്രക്രിയക്ക് വിദഗ്ധ ഉപദേശം നൽകുക




**ISO കസൾട്ടന്റിനെയും സർട്ടിഫിക്കേഷൻ ബോഡിയെയും തെരഞ്ഞെടുക്കുമ്പോൾ ജാഗ്രത പുലർത്തേണ്ടതുണ്ട്. അതല്ലെങ്കിൽ ചതികുഴിയിൽ അകപ്പെടാം. ഇത്തരുണത്തിൽ കസൾട്ടന്റിന് അംഗീകൃത യോഗ്യതയുണ്ടോ? നിറവേറ്റേണ്ട ഉത്തരവാദിത്തങ്ങൾ എന്തൊക്കെ? സർട്ടിഫിക്കേഷൻ ബോഡി അക്രഡിറ്റഡ് ആണോ? വിവിധയിനങ്ങളിലുള്ള വ്യയം എന്തൊക്കെ? തുടങ്ങി കാര്യങ്ങൾ സംബന്ധിച്ച് വ്യക്തത ഉണ്ടാകണം.**

### സർട്ടിഫിക്കേഷൻ ബോഡി

ഇന്ത്യയിൽ NABCBയാണ് സർട്ടിഫിക്കേഷൻ ബോഡിയുടെ അക്രഡിറ്റേഷൻ നൽകുന്ന സ്ഥാപനം. ഇത്തരത്തിൽ അക്രഡിറ്റേഷൻ കിട്ടിയ സ്ഥാപനത്തിന് മാത്രമെ മറ്റു സ്ഥാപനങ്ങളിലെ ഗുണനിലവാര സംവിധാനം വിലയിരുത്തി ISO 9001 : 2008 സർട്ടിഫിക്കറ്റ് നൽകുവാൻ അധികാരമുള്ളു. അതായത് ഐ.എസ്.ഒ. നേരിട്ട് സർട്ടിഫിക്കറ്റ് നൽകുതിനുപകരം അംഗരാജ്യങ്ങളിലെ നിയുക്ത ഏജൻസിയെ ചുമതല ഏൽപ്പിക്കുന്നതുപോലെ സർട്ടിഫിക്കറ്റ് നൽന്നകുതിനുള്ള അക്രഡിറ്റഡ് ഏജൻസികളെ NABCB അധികാരപ്പെടുത്തുകയാണ് ചെയ്യുക. ഇവിടെയാണ് കാണാചരടുകളുടേയും ചതികുഴികളുടേയും ഒരു മേഖല. QCI/NBCB യുടെ അംഗീകാരമില്ലാത്ത നിരവധി ഏജൻസികൾ സർട്ടിഫിക്കേഷൻ ബോഡി ആയി പ്രവർത്തിക്കുന്നുണ്ട്. ഇത് ഒഴിവാക്കുതിനാണ് QCI യുടെ കീഴിലുള്ള NABCB യുടെ അംഗീകാരമുള്ള സർട്ടിഫിക്കേഷൻ ബോഡിയിലാണ് ISO 9001 : 2008 സർട്ടിഫിക്കേഷനുവേണ്ടി അപേക്ഷിക്കേണ്ടതെന്ന് സർക്കാർ നിഷ്കർഷിച്ചിരിക്കുന്നത്. (സ.ഉ.(എം.എസ്) നം. 373/2013/തസ്വഭവ; തിരുവനന്തപുരം തീയതി 2/12/2013). അംഗീകാരമുള്ള സർട്ടിഫിക്കേഷൻ ബോഡിപോലും വൻ തുക ഫീസ് ആയി ഈടാക്കുന്നുണ്ട്. ആയതിനാൽ സർട്ടിഫിക്കേഷൻ ബോഡിക്കുള്ള ഫീസ് എല്ലാ ചെലവും ഉൾപ്പെടെ 50000 രൂപയിൽ അധികരിക്കാൻ പാടില്ലായെന്ന് മേൽ സൂചിപ്പിച്ച മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.

### ഗുണമേന്മാ ഓഡിറ്റ് (Quality Audit)

മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നുണ്ടോയെന്നും, ISO കസൾട്ടന്റിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് കാര്യങ്ങൾ നടക്കുന്നുണ്ടോയെന്നും, അവ ISO പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഗുണമേന്മാ സംവിധാനത്തിന് വേണ്ട ഘടകങ്ങൾ അനുസരിച്ചാണോയെന്നും ഉള്ള വിലയിരുത്തലാണ് ഗുണമേന്മാ ഓഡിറ്റ് (Quality Audit). ഒരു സ്ഥാപനത്തിന് ISO സ്റ്റാൻഡേർഡ് നേടുന്നതിനുവേണ്ടി ISO മാർഗ്ഗരേഖ പ്രകാരം ഗുണമേന്മാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് ഓഡിറ്റ് നടത്തി റിപ്പോർട്ട് ചെയ്യുന്ന അംഗീകൃത പ്രൊഫഷണലുകളാണ് ലീഡ് ഓഡിറ്റർമാർ. ഇവർ നടത്തു ഓഡിറ്റിനെ മൂന്നാം കക്ഷി ഓഡിറ്റ് (Third Party Audit) എന്ന് പറയുന്നു. മൂന്നാം കക്ഷി ഓഡിറ്റ് സുഗമമാക്കുന്നതിന് പഞ്ചായത്തിന്റെ നിരന്തരമുള്ള പുരോഗതി വിലയിരുത്തൽ ഓഡിറ്റും (ഓം കക്ഷി ഓഡിറ്റ്), പഞ്ചായത്ത് നിശ്ചയിക്കുന്ന വ്യക്തികളെക്കൊണ്ട് ഇന്റേണൽ ഓഡിറ്റും നടത്തുന്നത് ഉചിതമായിരിക്കും.

### ഐ.എസ്.ഒ. (ISO) 9001 : 2008 സർട്ടിഫിക്കേഷൻ – വ്യയം

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള വ്യയത്തിന്റെ ഏകദേശ രൂപം ചുവടെ കൊടുക്കുന്നു.

i) ISO സർട്ടിഫിക്കറ്റ് നേടുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിനും ക്വാളിറ്റി മാന്വൽ തയ്യാറാക്കുന്നതിനും ISO കസൾട്ടന്റ് ഫീസ്.

ii) സർട്ടിഫിക്കേഷനുവേണ്ടി മൂന്നാം കക്ഷി ഓഡിറ്റ് നടത്തുന്ന ലീഡ് ഓഡിറ്റർക്കുള്ള പ്രൊഫഷണൽ ഫീസ്.

iii) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും, കമ്പ്യൂട്ടർ സംവിധാനവും പഞ്ചായത്തിൽ ഒരുക്കേണ്ടന്നതിനുള്ള ചെലവ്.

iv) പൗരസമൂഹ സർവ്വേ നടത്താനും, റിപ്പോർട്ട് പ്രസിദ്ധീകരിക്കാനുമുള്ള ചെലവ്.

v) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ മുഖ്യഘടകമായ റെക്കാർഡ് മാനേജ്മെന്റിനുവേണ്ടി റെക്കാർഡ് റൂം സജ്ജീകരിക്കുന്നതിനുള്ള ചെലവ്.

vi) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട ബോധവത്ക്കരണ പരിപാടികളും തുടർ പരിപാടികളും സംഘടിപ്പിക്കുതിനുള്ള ചെലവ്.

vii) സർവെയ്ലൻസ് ഓഡിറ്റ് (Surveillance Audit) ഫീസ്

മേൽ സൂചിപ്പിച്ച ഘടകങ്ങൾ ഉൾപ്പെടുത്തി പ്രത്യേക പ്രോജക്ട് പഞ്ചായത്ത് ആവിഷ്കരിക്കേണ്ടതാണ്. ◆

### ഐ.എസ്.ഒ. 9001 : 2008 പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- **ഐ.എസ്.ഒ. കസൾട്ടന്റ്:**
  - QCI അംഗീകരിച്ചിട്ടുള്ള കസൾട്ടന്റ്/രജിസ്റ്റേർഡ് കസൾട്ടന്റ് ആയിരിക്കണം
  - കുറഞ്ഞത് 15 മനുഷ്യദിനങ്ങളുടെ സേവനം പഞ്ചായത്തിൽ നൽകണം
  - നിർദ്ദിഷ്ട ഉത്തരവാദിത്തങ്ങൾ നിറവേറ്റണം
  - പ്രൊഫഷണൽ ഫീസ് പരമാവധി 60000 രൂപ
- സർട്ടിഫിക്കേഷൻ ബോഡി
  - QCI യുടെ NABCB അക്രഡിറ്റേഷൻ ഉള്ളവ ആയിരിക്കണം
  - പ്രൊഫഷണൽ ഫീസ് പരമാവധി 50000 രൂപ
- ഐ.എസ്.ഒ. കസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേകം പ്രത്യേകം ടെണ്ടർ വിളിക്കണം
- ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001:2008 സംബന്ധമായ പ്രവൃത്തികൾ ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിക്കണം.

നിയമദൃഷ്ടി

ജോൺ എസ് ജെയിംസ്

# പരസ്യ നികുതിയിലെ രഹസ്യം

ഭാരത ഭരണഘടനയിലെ അനുഛേദം 243 (എച്ച്) അനുസരിച്ചാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ തനത് ഫണ്ടിലേക്ക് സ്വയം നികുതി പിരിച്ചെടുക്കുന്നതിലേക്കുള്ള നിയമ നിർമ്മാണം നടത്താൻ സംസ്ഥാന നിയമസഭയെ അധികാരപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ച് പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 പ്രകാരം വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി, പരസ്യ നികുതി എന്നിവ പിരിച്ചെടുക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം പിരിച്ചെടുക്കുന്ന നികുതികൾ, സംസ്ഥാന സർക്കാർ നിയമനിർമ്മാണത്തിലൂടെ നിഷ്കർഷിക്കുന്ന പരിധികൾക്ക് വിധേയമായി വേണം പിരിച്ചെടുക്കാനെന്നും ഭരണഘടന ഈ അനുഛേദ പ്രകാരം നിർദ്ദേശിക്കുന്നു. പരിധികൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് കുറഞ്ഞതും കൂടിയതുമായ പരിധികൾ എന്നു തന്നെയാണ്. പഞ്ചായത്ത് പ്രമേയത്തിലൂടെ വേണം പരിധികൾ നിർണ്ണയിക്കേണ്ടത്. ഈ നിരക്കുകൾക്ക് സർക്കാരിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതുമാണ്. എങ്കിൽ മാത്രമേ നിയമ സാധുത ഉണ്ടായിരിക്കുകയുള്ളു.



എന്നാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 209 ന് പിന്നീട് എഴുതിച്ചേർത്ത ഒരു ഉപാധി പ്രകാരം എന്നാൽ ആ നിരക്കുകൾ ഈ ആവശ്യാർത്ഥം സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ കുറയാൻ പാടില്ലാത്തതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇത്തരം ഒരു ഉപാധി ചേർത്തത് 24-3-1999 ലെ ഒരു ഭേദഗതി മുഖേനയാണ്. ഇതിനർത്ഥം നിർദിഷ്ടമായിരുന്ന കുറഞ്ഞ പരിധിക്ക് മുകളിൽ കൂടിയ പരിധിക്ക് വിധേയമല്ലാതെ ഗ്രാമ പഞ്ചായത്തിന് അവരുടേതായ നിരക്ക് എത്രവേണമെങ്കിലും നിശ്ചയിക്കാമെന്നാണ്. ഈ ഉപാധി ഭരണഘടനാ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. ഇത്തരം ഒരു വ്യവസ്ഥ സാമാന്യ ബുദ്ധിക്ക് പോലും നിരക്കുന്നതല്ല.

ഇത്തരം ഒരു ഭേദഗതി എഴുതിച്ചേർത്തത് കേരള സംസ്ഥാന ധനകാര്യ കമ്മീഷന്റെ തെറ്റായ ശുപാർശ പ്രകാരമാണെന്നും മനസ്സിലാക്കുന്നു. നിരക്കുകൾക്ക് പരമാവധി നിരക്ക് നിഷ്കർഷിക്കേണ്ടതില്ല എന്ന സദ്ദുദ്ദേശത്തോടെയാണ് ഇത്തരം ഒരു ഭേദഗതി വരുത്തിയത് എങ്കിലും ഈ ഉപാധി പരിധികൾക്ക് വിധേയമായി എന്ന ഭരണഘടന അനുഛേദം 243 എച്ചിലെ നിർദ്ദേശത്തിന് വിരുദ്ധവും, പഞ്ചായത്തുകളെ നിലവിലുള്ള നിരക്കിന്റെ അഞ്ഞൂറ് ഇരട്ടിയോ ആയിരം ഇരട്ടിയോ ആയി പരസ്യ നികുതി നിശ്ചയിക്കുന്നതിന് പ്രാപ്തവും ആക്കുന്നതാണ്. ഇപ്രകാരം ഒരു കുറഞ്ഞ പരിധിയും കൂടിയ പരിധിയും നിശ്ചയിക്കണമെന്നും അതിനു വിധേയമായി വേണം നിരക്ക് നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിരിക്കുന്നത് വിവധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന നിരക്കുകൾക്ക് ഏതാണ്ട് ഒരു ഏകതാ ഭാവം അതായത് യൂണിഫോർമിറ്റി കൈവരണം എന്ന ആശയം മുന്നിൽ വച്ചാണ് എന്ന് ഇവിടെ ഓർക്കുക.

പഞ്ചായത്ത്രാജ് നിയമപ്രകാരം, വകുപ്പ് 209 അനുസരിച്ച് ഈടാക്കുന്ന പരസ്യ നികുതിയുടെ നിരക്കിനെ



സംബന്ധിച്ച് പരാതിയുണ്ട്. 13/99 ലെ നിയമഭേദഗതി പ്രകാരം പുതുക്കിയ പരസ്യ നികുതി അതിനുമുമ്പുണ്ടായിരുന്നതിനേക്കാൾ അഞ്ഞൂറ് മുതൽ ആയിരം ഇരട്ടിവരെ കൂടുതലാണ് എന്നാകുന്നു പരാതി. ഇതിന് കാരണം കൂടിയ പരിധി സർക്കാർ നിശ്ചയിക്കാത്തതും കുറഞ്ഞ പരിധിയിൽ കുറയാൻ പാടില്ലായെന്ന് വകുപ്പ് 209 ലെ ഉപാധിയിൽ നിഷ്കർഷിച്ചതുമാണ്.

അതുപോലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 271 –ൽ ഒരു മുനിസിപ്പൽ പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ ചുവരിൻമേലോ പരസ്യ പലകയിൻമേലോ പൊതുജനങ്ങൾക്ക് കാണത്തക്കവണ്ണം ഏതെങ്കിലും പരസ്യം ഏതെങ്കിലും വിധത്തിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും അങ്ങനെ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അംഗീകാരത്തോടു കൂടി കൗൺസിൽ പ്രമേയം മൂലം നിശ്ചയിക്കാവുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി അപ്രകാരം നിശ്ചയിക്കാവുന്ന ഒഴിവാക്കലുകൾക്ക് വിധേയമായി കൊടുക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. ഈ വകുപ്പിന് താഴെ പറയും വിധം ഉപാധി ചേർത്തിരിക്കുന്നതായും കാണുന്നു. എന്നാൽ ആ നിരക്കുകൾ ഈ ആവശ്യാർത്ഥം സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ കുറയാൻ പാടില്ലാത്തതാണ് . 99 ലെ 14–ാം ഭേദഗതി ആക്ട് മൂലം ചേർത്ത ഈ ഉപാധിക്ക് മുമ്പ് ഈ ഉപാധി താഴെ പറയും പ്രകാരം വായിച്ചിരുന്നു. എന്നാൽ ആ നിരക്കുകൾ എപ്പോഴും ഈ ആവശ്യാർത്ഥം സർക്കാർ നിശ്ചയിക്കുന്ന ഏറ്റവും കൂടിയ നിരക്കിനും കുറഞ്ഞ നിരക്കിനും വിധേയമായിരിക്കേണ്ടതാണ് പഞ്ചായത്തായാലും മുനിസിപ്പാലിറ്റിയായാലും നിശ്ചയിക്കുന്ന പരസ്യ നികുതി നിരക്കിന് ഒരു ഏകതാ ഭാവം ഇല്ലാതെ പോയത് 1999 ലെ 14–ാം ഭേദഗതി നിയമമനുസരിച്ച് ഉപാധിയിൽ വരുത്തിയ മാറ്റം തന്നെയാണ്. അതുകൊണ്ട് ഈ ഭേദഗതിക്ക് മുമ്പ് ഉണ്ടായിരുന്ന ഉപാധി തിരികെ കൊണ്ട് വരാതെ പരസ്യ നികുതി ഏകീകരിക്കുക അസാദ്ധ്യം തന്നെ.

പരസ്യ നികുതിയുടെ കാര്യത്തിൽ പഞ്ചായത്ത് ആക്ടിൻ കീഴിൽ ഒരു മാതൃകാ ബൈല സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ബൈലായിൽ ഖണ്ഡിക 31 ൽ ഓരോ മാസത്തേക്കും അതിൽ കുറഞ്ഞ കാലത്തേക്കോ നികുതി ചുമത്തുന്നത് താഴെ പറയുന്ന നിരക്കിലായിരിക്കണമെന്ന് പറഞ്ഞ് ഓരോ ഇനത്തിനും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് മാത്രം നിശ്ചയിക്കുന്നത് ഭരണഘടനാ വ്യവസ്ഥയ്ക്ക് എതിരാണ്.

മുനിസിപ്പാലിറ്റി ആക്ടിൽ വകുപ്പ് 276 ൽ പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം ബൈലാകളിൽ വ്യവസ്ഥചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും കുത്തകയ്ക്ക് കൊടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഇത്തരം ഒരു ബൈലായോ മാതൃകാ ബൈലായോ നാളിതുവരെ മുനിസിപ്പാലിറ്റി ആക്ടിൻ കീഴിൽ ഉണ്ടാക്കിയിട്ടില്ല. ഓരോ മുനിസിപ്പാലിറ്റിയും സർക്കാർ അനുവാദത്തോടെ ഓരോ ഷ്യഡ്യൂൾ റേറ്റ് ഫിക്സ് ചെയ്ത് പ്രസിദ്ധപ്പെടുത്തുകയും അതനുസരിച്ച് നികുതി പിരിക്കു



കയുമാണ് ചെയ്യുന്നത്. ഇവിടെയും കൂടിയ നിരക്കോ കുറഞ്ഞ നിരക്കോ നിഷ്കർഷിച്ചിട്ടില്ല. മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 271 ൽ ഏതൊരു പരസ്യത്തിനും സർക്കാർ അംഗീകാരത്തോടു കൂടി കൗൺസിൽ പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി കൊടുക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

എന്നാൽ ആ നികുതികൾ എപ്പോഴും ഈ ആവശ്യാർത്ഥം സർക്കാർ നിശ്ചയിക്കുന്ന കൂടിയ നിരക്കിനും കുറഞ്ഞ നിരക്കിനും വിധേയമായിരിക്കേണ്ടതാണ് എന്ന ഉപാധിയാണ് 1999 ൽ തിരുത്തി ആ നിരക്കുകൾ ഈ ആവശ്യാർത്ഥം സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ കുറയാൻ പാടില്ലാത്തതാണ് എന്ന് മാറ്റിയത്.

മേൽ വിവരിച്ച സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വമ്പിച്ച തോതിൽ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ സാഹചര്യം ഒരുക്കുന്ന പരസ്യ നികുതിയുടെ കാര്യത്തിൽ പിരിവ് കാര്യക്ഷമമാക്കുന്നതിലേക്ക് ചട്ടങ്ങളുണ്ടാക്കുകയും മാതൃകാ ബൈലാകൾ തയ്യാറാക്കി നൽകുകയും ചെയ്യേണ്ടത് അനിവാര്യമാണ്. അല്ലാതെ പരസ്യ നികുതി ഏകീകരിക്കാൻ നിവൃത്തിയില്ല. ഈ വിഷയത്തിൽ സർക്കാർ നയപരമായ ഒരു തീരുമാനമെടുത്ത ശേഷം അതനുസരിച്ചുള്ള നിയമഭേദഗതികളും ചട്ടങ്ങളും ബൈലാകളും തയ്യാറാക്കാനും സർക്കാരിന് ഇതിലേക്ക് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുവാനും ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തുന്നത് ഉചിതമായിരിക്കും.

### പിന്നാമ്പുറം

ഭാരതഭരണഘടന അനുച്ഛേദം 243 എച്ച് അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ നികുതി പിരിച്ചെടുക്കാൻ, നിയമ നിർമ്മാണത്തിലൂടെ അധികാരപ്പെടുത്താൻ സംസ്ഥാന നിയമസഭകളെ അധികാരപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച് പഞ്ചായത്ത് ആക്ട് വകുപ്പ് 209 -ാൽ അധികാരപ്പെടുത്തിയിരിക്കുന്ന നികുതികളാണ് തൊഴിൽ നികുതി, വസ്തു നികുതി, വിനോദ നികുതി, പരസ്യ നികുതി എന്നിവ. ഈ നികുതികളുടെ പിരിവ് കാര്യക്ഷമമാക്കാൻ തടസ്സം നിൽക്കുന്ന നിയമങ്ങളിലെ പാളിച്ചകളേയും കുറവുകളേയും അപര്യാപ്തതകളേയും ചൂണ്ടിക്കാണിച്ചുകൊണ്ട് കേരള പഞ്ചായത്ത് രാജ് മാസികയിൽ, നിയമദൃഷ്ടി എന്ന പംക്തിയിൽ ഈ ലേഖകൻ കഴിഞ്ഞ ഒരു വർഷമായി ലേഖനങ്ങൾ തുടർച്ചയായി പ്രസിദ്ധീകരിച്ചു വരുന്നു. ഈ ലേഖനങ്ങൾ പഞ്ചായത്ത് വകുപ്പിന്റേയൊ തദ്ദേശ സ്വയം ഭരണ വകുപ്പിന്റേയൊ ശ്രദ്ധയിൽ ഇതേവരെ പെട്ടതായി തോന്നുന്നില്ല. ആ ലേഖനങ്ങളിൽ പരമാർശിച്ച കാര്യങ്ങൾ വളരെ അടിസ്ഥാനപരമായവ മാത്രമായിരുന്നു. ഓരോ നികുതികളുടേയും കാര്യത്തിൽ കൂടുതൽ പഠനങ്ങൾ നടത്തുകയും ആശയങ്ങൾ രൂപീകരിക്കുകയും നിയമഭേദഗതികൾ വരുത്തുകയും നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. പൂച്ചയ്ക്കാർ മണി കെട്ടും എന്നതായിരിക്കാം സർക്കാർ പരിഗണിക്കുന്ന കാര്യം. ഭരണഘടനാ ഭേദഗതികളിലെ നിർദേശങ്ങളനുസരിച്ച് നിയമ നിർമ്മാണം സംസ്ഥാന തലത്തിൽ നടത്തുകയും അവയ്ക്ക കീഴിൽ ചട്ടങ്ങളും ബൈലാകളും ഉണ്ടാക്കുകയും ചെയ്യുന്നതിലേക്ക് കരട് നിയമങ്ങൾ തയ്യാറാക്കുകയും സർക്കാരിന് ശുപാർശകൾ സമർപ്പിക്കുകയും ചെയ്യുക എന്നതാണ് അടുത്ത കാലത്ത് രൂപീകരിക്കപ്പെട്ട ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ മുഖ്യ പരിഗണനാവിഷയം. പ്രസ്തുത കമ്മീഷന്റെ പരിഗണനയ്ക്ക് ഈ വിഷയം റഫർ ചെയ്യേണ്ടതാണ് എന്ന് സർക്കാരിനെ ഓർമ്മിപ്പിക്കുന്നു. ◆





---

*ലേഖകൻ സെക്രട്ടറിയേറ്റ് ലാ ഡിപ്പാർട്ട്മെന്റിൽ നിന്നും അസി. സെക്രട്ടറിയായി വിരമിച്ചയാളാണ്.*

### വാൽകഷ്ണം

**ശിഷ്യൻ:** പരസ്യ നികുതി വാണം വിട്ടതുപോലെയല്ലേ ആശാനെ മേലോട്ട് കുതിക്കുന്നത്.

**ആശാൻ:** ശൂന്യാകാശം തന്നെ ലക്ഷ്യം ! പരിധിയൊന്നുമില്ലല്ലോ. കാശ് തൂത്ത് വാരിക്കോട്ടെ എന്ന് വിചാരിച്ചായിരിക്കും പരിധിവയ്ക്കാത്തത്.

**ശിഷ്യൻ:** എന്നാലും എന്റെ ആശാനെ നികുതി പിരിക്കുന്നതിന് ഒരു നിരപ്പും ചൊവ്വും ഒക്കെ വേണ്ടേ. ഒരു പഞ്ചായത്ത് പിരിക്കുന്നത് അഞ്ച് രൂപയും അപ്പുറത്തേതിൽ 500 രൂപയും ആകുന്നത് എങ്ങിനെ ?

**ആശാൻ:** എടാ പയ്യനെ കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി മാത്രമേ കരം പിരിക്കാവു എന്ന് ഭരണഘടനയിൽ അനുഛേദം 243 എച്ചിൽ പറഞ്ഞ് വച്ചിട്ടുള്ളത് ഇതിനാണ്. ഇത് വായിച്ച് നോക്കണ്ടേ, നിയമം ഉണ്ടാക്കുന്നവർ.

**ശിഷ്യൻ:** കാത്തിരുന്ന് കാണുക തന്നെ.

# പുതിയ ചരിത്രം രചിക്കുന്ന ഉത്തരവ്

(നം. 35208/ഡി.എ.3/2012 തസ്വഭവ, തീയതി 28–03–2014)

## പ്രവർത്തന മാർഗ്ഗരേഖ

**ആമുഖം**

പ്രാദേശിക ഭരണസംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവത്കരിക്കുന്നതിനും അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ജനങ്ങൾ നിരന്തരമായി കൂടിച്ചേരുകയും വികസന-ക്ഷേമ കാര്യങ്ങൾ ചർച്ച ചെയ്യുകയും വേണം. അതിനുള്ള വേദിയാണ് ഗ്രാമസഭ/വാർഡ് സഭ. എന്നാൽ ഈ സഭകൾക്ക് അതത് വാർഡുകളിൽ ഒരു ആസ്ഥാനമില്ലാത്തത് പരിമിതിയാണ്. ഈ പരിമിതി മറികടക്കുന്നതിനുവേണ്ടിയാണ് എല്ലാ വാർഡുകളിലും ഒരു ഗ്രാമകേന്ദ്രം സ്ഥാപിക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

**ഉദ്ദേശ്യം**

ഗ്രാമസഭ/വാർഡ് സഭ അംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർ പ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമായിരിക്കും ഗ്രാമകേന്ദ്രം. 'സേവ'ഗ്രാം എന്നായിരിക്കും ഗ്രാമകേന്ദ്രത്തിന്റെ പേര്. ഗ്രാമസഭ/വാർഡ് സഭകളുടെ ആസ്ഥാനമെന്ന നിലയിൽ ഗ്രാമസഭ/വാർഡ്സഭ സംഘാടനത്തിനും വാർഡിൽ നടക്കുന്ന ഭരണ -വികസന-ക്ഷേമ- സേവന- സാംസ്കാരിക-സാമൂഹ്യ പ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ക്രോഡീകരിക്കുന്നതിനും അവ നടപ്പാക്കുന്നതിനും വാർഡ് വികസന സമിതിയെ സഹായിക്കുന്നതിനും വേണ്ടിയുള്ള വികേന്ദ്രീകൃത ഭരണ-സേവന കേന്ദ്രമായി ഗ്രാമകേന്ദ്രം പ്രവർത്തിക്കണം.

**പ്രവർത്തനങ്ങൾ**

(i) ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭാ ഓഫീസ് ആയും നഗരഭരണ സ്ഥാപനങ്ങളിൽ വാർഡ് സഭാ ഓഫീസ് ആയും ഗ്രാമകേന്ദ്രം പ്രവർത്തിക്കണം.

(ii) വാർഡ് വികസന സമിതി, വാർഡ്തല ആരോഗ്യ-ശുചിത്വ സമിതി, വാർഡിലെ വിവിധ കർഷക സമിതികൾ, വാർഡ്തല ജാഗ്രതാ സമിതി, പരിസ്ഥിതി സമിതി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി, ഗുണഭോക്തൃ സമിതികൾ, കുടുംബശ്രീ എ.ഡി.എസ്, സാക്ഷരതാ സമിതി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഏകോപന സമിതി, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടെ രൂപീകരിക്കുന്ന മറ്റ് ജനകീയ സമിതികൾ എന്നിവയുടെ ആസ്ഥാനമായി ഗ്രാമകേന്ദ്രം പ്രവർത്തിക്കണം.

(iii) വാർഡിലെ വികസന-സേവന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള കേന്ദ്രമായിരിക്കണം.

(iv) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു എക്സ്റ്റൻഷൻ കേന്ദ്രമായിരിക്കണം.

(v) ഗ്രാമ/വാർഡ് സഭകളെ ശാക്തീകരിക്കുന്നതിന് പന്ത്രണ്ടാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ വിവക്ഷിക്കുന്ന അയൽസഭകളുടെ ഏകോപന കേന്ദ്രമായി ഗ്രാമകേന്ദ്രം പ്രവർത്തിക്കണം.

(vi) ഊരുകൂട്ടങ്ങളുടേയും മത്സ്യസഭകളുടേയും ഏകോപന കേന്ദ്രമായി പ്രവർത്തിക്കണം.

(vii) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ വാർഡ് തലത്തിൽ നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രമായി പ്രവർത്തിക്കണം.

ഗ്രാമസഭ വാർത്താ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട നോട്ടീസുകൾ, ഉത്തരവുകൾ, വിജ്ഞാപനങ്ങൾ, വാർഡിലെ ഗുണഭോക്തൃ പട്ടിക, ഗ്രാമപഞ്ചായത്ത് തീരുമാനങ്ങൾ, പൗരാവകാശരേഖ എന്നിവ ഗ്രാമകേന്ദ്രത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(viii) വാർഡിനെ സംബന്ധിക്കുന്ന പ്രധാന സ്ഥിതി വിവരങ്ങളും വിവിധ ഭൂപടങ്ങളും (രാഷ്ട്രീയ, വിഭവ, സാമൂഹ്യ, നീരൊഴുക്ക്, ഭൂവിനിയോഗം) ജനങ്ങൾക്ക് അറിയുന്നതിനായി കേന്ദ്രത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(ix) വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന വിവിധ ജനകീയ സമിതികളുടെ പ്രവർത്തനങ്ങളും തീരുമാനങ്ങളും കേന്ദ്രത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്.

(x) വാർഡ് തലത്തിൽ ജനങ്ങൾക്ക് സേവനം നൽകുന്ന JHI, JPHN ആശ വർക്കർമാർ, അങ്കണവാടി പ്രവർത്തകർ, VEO, കൃഷി അസിസ്റ്റന്റ്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഐ.സി.ഡി.എസ്, സൂപ്പർവൈസർ, സാക്ഷരതാ പ്രേരക്, എസ്.സി., എസ്.ടി, പ്രമോട്ടർ എന്നിവരുടെ പ്രവർത്തനങ്ങളുടെ വാർഡുതല പ്രവർത്തനകേന്ദ്രമായിരിക്കണം ഗ്രാമകേന്ദ്രം. വാർഡിന്റെ ചുമതലയുള്ള ഇത്തരം ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ വാർഡ് സമി

തിയിൽ അവതരിപ്പിക്കേണ്ടതാണ്.

(xi) ആഴ്ചയിൽ 5 ദിവസമെങ്കിലും വൈകുന്നേരം 3 മണി മുതൽ 7 മണി വരെ ഗ്രാമകേന്ദ്രം തുറന്നു പ്രവർത്തിക്കേണ്ടതാണ്. പ്രവർത്തന സമയം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

**ഉത്തരവാദിത്തം**

(i) ഗ്രാമസഭ/വാർഡ്സഭ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന്റെ മുഖ്യ ചുമതല ഗ്രാമസഭ/വാർഡ്സഭ കൺവീനറായ വാർഡ് മെമ്പർക്കും വസ്തുവകകളുടേയും രേഖകളുടേയും സൂക്ഷിപ്പുചുതല തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്കുമായിരിക്കും.

(ii) ഗ്രാമകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ ഗ്രാമസഭ/വാർഡ്സഭ കൺവീനർമാരെ ആവശ്യാനുസരണം സഹായിക്കുന്നതിന് തദ്ദേശഭരണ സ്ഥാപന ഓഫീസിലോ ഘടക സ്ഥാപനങ്ങളിലോ ജോലി ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനെ ഭരണസമിതി നിശ്ചയിക്കേണ്ടതും സെക്രട്ടറി ഇതിനനുസൃതമായി ഓഫീസ് ഓർഡർ പുറപ്പെടുവിക്കേണ്ടതുമാണ്.

(iii) ആദ്യ വർഷം ഫർണ്ണിച്ചർ വാങ്ങുന്നതിന് 2000 രൂപയും സ്റ്റേഷനറിക്ക് 6000 രൂപയും ചെലവു ചെയ്യാവുന്നതാണ്. തുടർന്നുള്ള വർഷങ്ങളിൽ പ്രവർത്തനാവശ്യങ്ങൾക്കായി പരമാവധി 3000 രൂപയും ചെലവഴിക്കാവുന്നതാണ്.

(iv) പ്രാദേശിക വിഭവസമാഹരണത്തിലൂടെ മറ്റ് ചെലവുകൾക്ക് പണം കണ്ടെത്താവുന്നതാണ്.

**ഓഫീസ്**

(i) വാർഡുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങൾ ഗ്രാമകേന്ദ്രത്തിന്റെ ഓഫീസിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

(ii) തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങൾ ലഭ്യമല്ലാത്ത വാർഡുകളിൽ 25 ച.മീ. എങ്കിലും വിസ്തീർണ്ണമുള്ള വാടക കെട്ടിടം ഗ്രാമകേന്ദ്രത്തിന്റെ ഓഫീസിനായി കണ്ടെത്തണം.

(iii) ഈ കെട്ടിടത്തിന്റെ വാടക തദ്ദേശസ്വയംഭരണ സ്ഥാപനതല എഞ്ചിനീയർ വാടക നിയന്ത്രണ ചട്ടങ്ങൾക്ക് വിധേയമായി നിശ്ചയിക്കുന്നതായിരിക്കണം.

(iv) ഗ്രാമകേന്ദ്രത്തിന്റെ വാടക, സ്റ്റേഷനറി ചെലവ്, യോഗ നടത്തിപ്പ് ചെലവ്, പരിപാടികൾ സംഘടിപ്പിക്കുന്നതിന് വേണ്ടിവരുന്ന ചെലവ് എന്നിവയ്ക്കായി പ്രതിവർഷം ഒരു വാർഡിന് പരമാവധി 50,000/- ക. വരെ വികസന-തനത് ഫണ്ടിൽ നിന്നും ചെലവാക്കാവുന്നതാണ്.

(v) കേന്ദ്രത്തിനാവശ്യമായ ഫർണിച്ചറുകൾ വികസന ഫണ്ടോ, തനതു ഫണ്ടോ ഉപയോഗിച്ച് വാങ്ങാവുന്നതാണ്.

(vi) 'സേവാഗ്രാം' ഗ്രാമകേന്ദ്രം, രാഷ്ട്രപിതാവിന്റെ ഫോട്ടോ/ചിത്രം, വാർഡിന്റെ നമ്പർ, പേര് ഇവ രേഖപ്പെടുത്തിയ (1.20m x 0.9m വലിപ്പമുള്ള) ബോർഡ് ഉണ്ടായിരിക്കണം. ജനങ്ങളെ സേവന വിവരങ്ങൾ അറിയിക്കുന്നതിന് നോട്ടീസ് ബോർഡ് ഉണ്ടായിരിക്കണം.

## 6. പ്രവർത്തന സംവിധാനം

### 6.1 വാർഡ് വികസന സമിതി

#### 6.1.1 രൂപീകരണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ വാർഡിലും, ബന്ധപ്പെട്ട വാർഡിലെ ജനപ്രതിനിധി ചെയർമാനായും പഞ്ചായത്ത് ഭരണസമിതി നാമനിർദ്ദേശം ചെയ്യുന്ന പൊതുസമ്മതരായ 10 തദ്ദേശവാസികളും വാർഡിലെ ഓരോ അയൽസഭയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു സ്ത്രീയും ഒരു പുരുഷനും അംഗങ്ങളായും വാർഡ് വികസന സമിതി രൂപീകരിക്കണം. വാർഡ് വികസന സമിതി അംഗങ്ങളിൽ നിന്ന് ഒരാളെ കൺവീനറായി വാർഡ് വികസന സമിതി തെരഞ്ഞെടുക്കേണ്ടതാണ്. (മുനിസിപ്പാലിറ്റി ആക്ട് പ്രകാരം വാർഡ് കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ള വാർഡുകളിൽ വീണ്ടും വാർഡ് കമ്മിറ്റി രൂപീകരിക്കേണ്ടതില്ല.)

തുടർച്ചയായി മൂന്നു യോഗങ്ങളിൽ പങ്കെടുക്കാത്ത അംഗത്തെ നീക്കം ചെയ്ത് പകരം അംഗത്തെ തെരഞ്ഞെടുക്കേണ്ടതാണ്. ചെയർമാൻ സ്ഥാനം ഒഴിവു വന്നാൽ സമീപ വാർഡിലെ ജനപ്രതിനിധിക്ക് ചെയർമാന്റെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ് നൽകേണ്ടതാണ്. കൺവീനർ സ്ഥാനം ഒഴിവു വന്നാൽ മറ്റൊരാളെ കൺവീനറായി 30 ദിവസത്തിനകം സമിതി തെരഞ്ഞെടുക്കേണ്ടതാണ്. വാർഡ് വികസന സമിതിയുടെ കാലാവധി പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി ആയിരിക്കുന്നതാണ്.

#### 6.1.2 വാർഡ് വികസന സമിതിയുടെ ചുമതലകൾ

a) വാർഡിലെ ആവശ്യങ്ങൾ പഠിച്ച് തദ്ദേശഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുക.

b) കുടുംബ, വ്യക്തിഗത ആനുകൂല്യങ്ങൾക്കുവേണ്ടി തദ്ദേശഭരണ സ്ഥാപനത്തിന് ലഭിച്ചിട്ടുള്ള അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്താൻ സഹായിക്കുക.

c) അർഹരായ ഗുണഭോക്താക്കളുടേയും കുടുംബങ്ങളുടേയും മുൻഗണനാ പട്ടിക തയ്യാറാക്കാൻ സഹായിക്കുക.

d) ഗ്രാമസഭായോഗ വിവരങ്ങൾ ഗ്രാമസഭാംഗങ്ങളെ അറിയിക്കുന്നതിനും പരമാവധി അംഗങ്ങളെ ഗ്രാമസഭയിൽ പങ്കെടുപ്പിക്കുന്നതിനുമാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക.

e) പട്ടികവർഗ്ഗ, പട്ടികജാതി, പരമ്പരാഗത മത്സ്യതൊഴിലാളികൾ, കുട്ടികൾ, സ്ത്രീകൾ, യുവജനങ്ങൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, മറ്റ് പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവരെ ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിന് സഹായിക്കുക.

f) വാർഡ് പ്രദേശത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ഇതര

ഏജൻസികളുടേയും ആഭിമുഖ്യത്തിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക. മോണിറ്ററിംഗ് നടത്തുക.

g) നിർമ്മാണ പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ടും വാർഡിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും ഗ്രാമസഭയിൽ അവതരിപ്പിക്കുക.

h) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന പൊതു സ്ഥാപനങ്ങളുടെ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ സഹായിക്കുക.

i) തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പൊതു സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മറ്റ് ഉപസമിതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ/വാർഡ്സഭയിൽ അവതരിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കുകയും ചെയ്യുക.

j) വാർഡ് പ്രദേശത്ത് നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ, വയൽ -തണ്ണീർത്തടങ്ങൾ നികത്തൽ, കുന്നുകൾ ഇടിച്ചുനിരപ്പാക്കൽ, അനധികൃത ഖനനം, മലിനീകരണം, പരിസ്ഥിതി ആഘാത പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും ഭിന്നശേഷിയുള്ളവർക്കും എതിരെയുള്ള അതിക്രമങ്ങൾ എന്നിവ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക, അവ തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

k) വാർഡ് പ്രദേശത്തെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും വികസന സമിതി പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ/വാർഡ്സഭയിൽ അവതരിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനത്തിന് നൽകുകയും ചെയ്യുക.

l) ഗ്രാമസഭാ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കുക.

m) ഗ്രാമസഭയിൽ നിക്ഷിപ്തമായ മറ്റ് ചുമതലകൾ നിർവ്വഹിക്കാൻ സഹായിക്കുക.

n) വർഷത്തിൽ ഒരു ഗ്രാമസഭ ഗ്രാമോത്സവമായി സംഘടിപ്പിക്കാൻ സഹായിക്കുക.

#### 6.1.3 യോഗ നടപടിക്രമം

a) വാർഡ് വികസന സമിതി യോഗം മാസത്തിലൊരിക്കലും ഇടയ്ക്കുള്ള കാലയളവിൽ ആവശ്യാനുസരണവും ചെയർമാൻ വിളിച്ചു കൂട്ടേണ്ടതും യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും അറിയിച്ചുകൊണ്ടുള്ള നോട്ടീസ് സമിതി നിശ്ചയിക്കുന്ന രീതിയിൽ യോഗ തീയതിക്ക് മൂന്ന് ദിവസമെങ്കിലും മുമ്പായി അംഗങ്ങൾക്ക് നൽകേണ്ടതും നോട്ടീസിന്റെ പകർപ്പ് ഗ്രാമകേന്ദ്രം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

b) വാർഡ് വികസന സമിതിയുടെ ക്വാറം അതിന്റെ അംഗസംഖ്യയുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

c) യോഗത്തിൽ ചെയർമാൻ അധ്യക്ഷം വഹിക്കേണ്ടതും, അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരുള്ള അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം അധ്യക്ഷം വഹിക്കേണ്ടതുമാണ്.

d)ചെയർമാനുമായി കൂടിയാലോചിച്ച് കൺവീനർ അജണ്ട തയ്യാറാക്കേണ്ടതും യോഗാരംഭത്തിൽ അത് അംഗങ്ങളെ വായിച്ചു കേൾപ്പിക്കേണ്ടതുമാണ്.

e) വാർഡ് കമ്മറ്റിയുടെ ഹാജർ, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്താൻ മിനിട്ട്സ് പുസ്തകം ഉണ്ടായിരിക്കേണ്ടതും അവ കൺവീനറുടെ സൂക്ഷിപ്പിൽ ഗ്രാമകേന്ദ്രത്തിൽ ആയിരിക്കേണ്ടതുമാണ്. ഒരു വോട്ടർ ആവശ്യപ്പെട്ടാൽ മിനിട്സ് പുസ്തകം വായിക്കാനായി നൽകേണ്ടതുമാണ്.

f) വാർഡ് കമ്മറ്റി പാസ്സാക്കുന്ന എല്ലാ തീരുമാനങ്ങളും പ്രമേയങ്ങളും കൺവീനറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റൊരംഗമോ യോഗം പിരയുന്നതിനു മുമ്പ് മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഹാജരായ അംഗങ്ങളെ വായിച്ച് കേൾപ്പിക്കേണ്ടതും ചെയർമാനും കൺവീനറും മിനിട്സ് ബുക്കിൽ ഒപ്പിടേണ്ടതുമാണ്. എന്നാൽ ഹാജരായ ഏതംഗത്തിനും മിനിട്സിൽ ഒപ്പിടാവുന്നതാണ്.

### 6.2 അയൽസഭ

1. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഓരോ വാർഡിലും 50 മുതൽ 100 വരെ അടുത്തടുത്ത കുടുംബങ്ങൾ ഉൾപ്പെടുന്ന അയൽസഭകൾ രൂപീകരിക്കണം.
2. നഗരസഭകളിൽ രജിസ്റ്റർ ചെയ്ത റസിഡന്റ്സ് അസോസിയേഷനുകളെ അയൽസഭയായി കണക്കാക്കാവുന്നതാണ്.
3. അയൽസഭയുടെ പ്രവർത്തനപരിധി വാർഡ് വികസന സമിതി നിർദ്ദേശിക്കുന്നതും ഗ്രാമസഭ അംഗീകരിച്ചതുമായിരിക്കണം.
4. അയൽസഭ പ്രദേശത്തെ കുടുംബങ്ങളിലെ വോട്ടർപട്ടികയിൽ പേരുള്ള മുഴുവനാളുകളും ഇതിൽ അംഗങ്ങളായിരിക്കും.
5. പതിനൊന്ന് അംഗങ്ങളുള്ള ഒരു നിർവ്വാഹക സിതിയെ അയൽസഭയിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്. നിർവ്വാഹസമിതി അതിലെ ഒരംഗത്തെ ചെയർമാനായും മറ്റൊരംഗത്തെ കൺവീനറായും തെരഞ്ഞെടുക്കണം. ഇതിൽ ഒരാൾ സ്ത്രീ ആയിരിക്കണം. നിർവ്വാഹകസമിതിയിൽ 6 അംഗങ്ങളെങ്കിലും സ്ത്രീകളായിരിക്കണം.

### 6.2.1 അയൽസഭ ചുമതലകൾ

a. തങ്ങളുടെ പ്രദേശത്ത് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും അവയുടെ മുൻഗണനയെക്കുറിച്ചും ഗ്രാമസഭയ്ക്ക് നിർദ്ദേശം നൽകുക.

b. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ വികസന പ്രവർത്തനങ്ങളെക്കുറിച്ച്

*ശേഷം പേജ്-34*

# ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഇടുക്കി ജില്ല

**(കേരളത്തിലെ ഏക പട്ടികവർഗ്ഗ പഞ്ചായത്ത്)**

മുതുവാൻ വിഭാഗക്കാരായ ആദിവാസികൾ മാത്രമുള്ള കേരളത്തിലെ ഏക പട്ടികവർഗ പഞ്ചായത്താണ് ഇടമലക്കുടി. 2010-ൽ രൂപീകരിച്ച് കാണി അമ്മാൾ പ്രസിഡന്റായ പഞ്ചായത്ത് നേരത്തെ മൂന്നാർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. എറണാകുളം ജില്ലയിലെ കുട്ടമ്പുഴ വില്ലേജും മൂന്നാർ പഞ്ചായത്തും വിഭജിച്ചാണ് പുതിയ ഇടമലക്കുടി പഞ്ചായത്ത് രൂപീകരിച്ചത്. 36000 ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന ഏകദേശം 106 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം 26 ആദിവാസി കുടി (ഊരു) കളിലായി 2250 ഓളം ഗോത്രവർഗ്ഗക്കാർ താമസിക്കുന്നുണ്ട്. മൂന്നാറിൽ നിന്നും 23 കിലോമീറ്റർ ദൂരമുള്ള പെട്ടിമുടിവരെ യാത്രസൗകര്യം ഉണ്ട്. തുടർന്ന് 13 കിലോമീറ്ററോളം വനത്തിനുള്ളിലെ മൺറോഡുമുണ്ട്. തൊഴിലുറപ്പുപദ്ധതി പ്രകാരം പണിത റോഡാണ്. ശക്തമായ മഴയിൽ വനത്തിനുള്ള റോഡുകൾ കുഴികളായി മാറിയിരിക്കുന്നു.

2014 ഫെബ്രുവരി 22,23 തീയതികളിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവിനർ നാസറുദ്ദീൻ, കോഓർഡിനേറ്റർ കെ.എസ്. ഹലീൽ റഹിമാൻ, അംഗങ്ങളായ മുജീബ് റഹുമാൻ, അലിമാസ്റ്റർ, ഡോ.മുഹസിൻകോയ, ഹനീഫമുന്നീയൂർ, ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ ജീവനക്കാരനായ ജോർജ്ജുകുട്ടി അബ്രഹാം എന്നിവരടങ്ങിയ സംഘം രാവിലെ പുറപ്പെട്ടു. ആന, കാട്ടുപോത്ത് എന്നിവ വിഹരിക്കു വനത്തിൽ കൂടിയായിരുന്നു യാത്ര. രണ്ടു മണിക്കൂറോളം പെയ്ത മഴ വനത്തിൽ ശരിക്കും ബുദ്ധിമുട്ടായി. പുഴുവിന്റെ ശല്യം അസഹനീയമായി. ഒന്ന്, രണ്ട് മലയണ്ണാൻമാരെ മാത്രമാണ് കാണാൻ കഴിഞ്ഞത്. അഞ്ചര മണിക്കൂർകൊണ്ടാണ് ഇടമലക്കുടി പഞ്ചായത്ത് ആഫീസിൽ എത്തിയത് പച്ചക്കറികളും മറ്റും മൂന്നാറിൽ നിന്നും കൊണ്ടുപോയിരുന്നു.

ഇഡലിപ്പാറ കുടിയിൽ എത്തി രാമകൃഷ്ണൻ മെമ്പറിന്റെ വീട്ടിലെത്തുകയും അടുത്തടുത്ത വീടുകളിൽ എത്തി പൊതു ആവശ്യങ്ങൾ ആരായുകയും ചെയ്തു. ആദ്യകാലത്ത് ഇടമലക്കുടിയിൽ എത്തിയ ആണ്ടിയപ്പൻ രോഗിയായി അവശനിലയിൽ കിടക്കുകയായിരുന്നു. അദ്ദേഹത്തെ സന്ദർശിക്കുകയും ഞങ്ങളുടെ കൈവശമുണ്ടായിരു ബിസ്കറ്റും, പുതപ്പും നൽകുകയുമുണ്ടായി. പിന്നീട് അമ്പലപ്പാറ കുടിയിലെത്തി. മൂന്നാർ പഞ്ചായത്ത് അംഗമായിരുന്നതും ഇപ്പോഴും മെമ്പറായി തുടരുന്ന മദനനെ കാണുകയും കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

ഐ.റ്റി.ഡി.പി. ഫോറസ്റ്റിനു കൈമാറിയ പഴയ കെട്ടിടത്തിലാണ് ഇപ്പോൾ പഞ്ചായത്ത് ആഫീസ് പ്രവർത്തിക്കുന്നത്. ജീവനക്കാർ സ്ഥിരമായി അവിടെ പോകാറില്ല. ജോർജ്ജുകുട്ടി അബ്രഹാം എന്ന ജീവനക്കാരനാണ് കൂടുതലായി ആഫീസിൽ പോകുന്ന ഏകയാൾ. കട്ടപ്പന സ്വദേശിയായ ഇദ്ദേഹത്തയാണ് ആദിവാസി കുടിയിലുള്ളവർ ഏല്ലാത്തിനും സമീപിക്കുന്നത്. എല്ലാ വീടുകളിലേയ്ക്കും സോളാർ ലൈറ്റുകളും കട്ടിലുകളും അനുവദിച്ചതിൽ സോളാർ ലൈറ്റുകൾ 90 ശതമാനം വിതരണം നടത്തി. കട്ടിലുകൾ തെരഞ്ഞെടുപ്പിനുശേഷം മാത്രമേ ലഭിക്കുകയുള്ളൂ എന്നാണ് അറിയുന്നത്. വൈദ്യുതി കടന്നു ചെല്ലാത്ത സ്ഥലമാണ്. ലാന്റ് ഫോൺ ഇല്ല. എന്നാൽ എല്ലാവരുടെയും കൈവശം മൊബൈൽ ഫോൺ ഉണ്ട്. 6 വാർഡുകളിൽ മൊബൈൽ റേഞ്ചും ഉണ്ട്. ഇത് തമിഴ്നാട് റോമിംഗ് ആണ്.

കൂലിയായി കിലോഗ്രാമിന് 9.50 രൂപ നിരക്കിലാണ് പെട്ടിമുടിയിൽ നിന്നും ഇടമലക്കുടിയിലേക്ക് സാധനങ്ങൾ എത്തിക്കാൻ ചെലവാകുന്നത്. ഒരു ചാക്ക് സിമന്റിന് കൂലി 1000/- രൂപയോളം വരും. ഒരു രൂപയുടെ ബി.പി.എൽ അരി 12.50 രൂപ കൂലി നൽകിയാണ് സർക്കാർ എത്തിക്കുത്. ദേവികുളം ഗിരിജൻ സർവീസ് സൊസൈറ്റി വഴി 2 റേഷൻ കടകളും, 3 പലചരക്കുകടകളും, 3 വാർഡിലായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഏലം, തേൻ, കുരുമുളക്, കുന്തിരിക്കം തുടങ്ങിയവ ശേഖരിക്കാനും വിൽക്കാനുമുള്ളതായ ഫോറസ്റ്റിന്റെ കീഴിലുള്ള ആദിവാസി വനസംരക്ഷണ സമിതി വക സൊസൈറ്റിയുമുണ്ട്. പുറത്തു നിന്നുള്ളവരുമായി ചങ്ങാത്തം കൂടാത്ത പ്രകൃതമാണ് അ



വിടുള്ളവർക്ക്. പെട്ടിമുടിയിൽ നിന്നും ചുമട്ചുമക്കുന്ന സ്ത്രീയെയും പുരുഷനെയും യാത്രാമദ്ധ്യേ നമുക്ക് കാണാം. ഞങ്ങളോടൊപ്പം എത്തിയ ഡോ.മുഹസിൻ കോയയാണ് ഇടമലക്കുടിയിലെത്തിയ ആദ്യത്തെ വെറ്ററിനറി ഡോക്ടർ.

മൺ വീടുകളിലാണ് മുതുവാൻമാർ താമസിക്കുന്നത്. പുഷ്പിണിയായ സ്ത്രികൾക്കും പ്രസവ സമയത്ത് താമസിക്കുന്നതിനുമായി വാലാപ്പുര എന്ന പേരിൽ എല്ലാ കുടികളിലും ഒരു ഷെൽട്ടർ സ്ഥാപിച്ചിട്ടുണ്ട്.

### ഇടമലക്കുടിയിലെ പ്രധാന ആവശ്യങ്ങൾ

1. ഇപ്പോൾ ദേവികുളത്ത് പ്രവർത്തിക്കുന്ന പഞ്ചായത്താഫീസിന്റെ പ്രവർത്തനം താൽക്കാലികമായി മൂന്നാർ പഞ്ചായത്തിന്റെ അതിർത്തി പ്രദേശമായ പെട്ടിമുടിയിൽ വാടക കെട്ടിടം കണ്ടെത്തി അവിടേക്ക് മാറ്റണം.
2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുറേയേറെ ഭാഗത്ത് വഴിയുണ്ടാക്കിയിട്ടുണ്ട്. വനംവകുപ്പ് ഈ വഴി റോഡായി മാറ്റുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. റോഡ് നിർമ്മാണം വേഗത്തിലാക്കുന്നതിന് വനം വകുപ്പിൽ സമ്മർദ്ദം ചെലുത്തണം.
3. വനത്തിൽ കൂടി കേബിൾ വഴിയോ മറ്റോ വൈദ്യുതിയെത്തിക്കുതിന് നടപടികൾ സ്വീകരിക്കണം.
4. ഇടമലക്കുടിയിലെ പഞ്ചായത്താഫീസ് കെട്ടിട നിർമ്മാണത്തിന് പ്രത്യേക പ്രാധാന്യം നൽകണം.
5. പഞ്ചായത്തംഗങ്ങൾക്ക് കാര്യമായ പരിശീലനം ലഭിച്ചിട്ടില്ല.കില കേന്ദ്രീകരിച്ച് നടത്തിയ പരിശീലനങ്ങളിൽ ഇവർ പങ്കെടുത്തിട്ടുമില്ല. ആയതിനാൽ കിലയിൽ നിന്നും ഇടമലക്കുടിയിലെത്തി പരിശീലനം നൽകണം.
6. ഇത്രയും പ്രതികൂല സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടി വരുന്ന പഞ്ചായത്ത് ജീവനക്കാർക്ക് ഹിൽട്രാക്സ് അലവൻസിനോടൊപ്പം പ്രതിമാസം 1000 രൂപ സ്പെഷ്യൽ അലവൻസ് നൽകുന്ന കാര്യം പരിഗണിക്കണം.
7. ഏകാദ്ധ്യാപക വിദ്യാലയം പ്രവർത്തിക്കുന്നുണ്ട്. ഇത് വിജയകരമായി നടന്നു വരുന്നു.എന്നാൽ ഇവർക്ക് പ്രതിമാസം 3000/- രൂപ മാത്രമാണ് പ്രതിഫലമായി ലഭിക്കുത്.പൊതുവായി ശമ്പളം വർദ്ധിപ്പിക്കുതിന് കഴിയാത്തതിനാൽ ദുഷ്ക്കരമായ ഇടമലക്കുടിയിലെ സാഹചര്യം കണക്കിലെടുത്ത് ഇവർക്ക് പ്രത്യേക അലവൻസ് നൽകണം.
8. മൂന്നാറിൽ നിന്നും പെട്ടിമുടിയിലേക്ക് കെ.എസ്.ആർ.ടി.സി സർവ്വീസ് ആരംഭിക്കണം.

10 മുതുവാൻ ഗോത്രവർഗ്ഗ കുടികൾ (കോളനികൾ) തമ്മിൽ യാത്രാ സൗകര്യം ഏർപ്പെടുത്തുതിന് റോഡുകൾ നിർമ്മിക്കണം.

11 നിലവിൽ ഉറവകളിൽ നിന്നും ഒഴുകി വരുന്ന വെള്ളം ഹോസുകൾ വഴി എത്തിച്ച് കുടിവെള്ളമായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഇത് എല്ലാ കുടികളിലേക്കും സൗജന്യ കുടിവെള്ള വിതരണ പദ്ധതിയായി ആരംഭിക്കുക.

12 നിലവിൽ നെല്ല് ഏലം, റാഗി, കുരുമുളക്, റബർ എന്നിവയാണ് ജൈവ കൃഷിയായി ഉള്ളത്. കൃഷി ആഫീസറെ നിയമിക്കുകയും പച്ചക്കറി കൃഷി ഉൾപ്പെടെ നടത്തുതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കണം.

13 ഒരു എൽ.പി സ്കൂളും 9 ഏകാധ്യാപക സ്കൂളുകളും 10 അംഗനവാടികളുമാണ് ഇടമലക്കുടിയിലുള്ളത്. ഏകാധ്യാപക സ്കൂളുകൾ എൽ.പി സ്കൂളായി സർക്കാർ അംഗീകരിക്കുകയും നിലവിലുള്ള അധ്യാപകൻ/ അധ്യാപികയെ ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് നൽകി നിയമിക്കുകയും ചെയ്യേണ്ടതാണ്.

14 തൊഴിലുറപ്പ് പദ്ധതി വ്യാപകമാക്കി ഗോത്രവർഗ്ഗങ്ങൾക്ക് കൂടുതൽ ജോലി നൽകണം.

15 ആട് ഗ്രാമം ഉൾപ്പെടെയുള്ള പദ്ധതികൾ, പശു വളർത്തൽ വ്യാപകമാക്കണം. മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥനെ നിയമിക്കണം.

16 60 വയസ്സ് കഴിഞ്ഞ പ്രത്യേകിച്ച് രോഗബാധിതരായവർക്ക് പെൻഷനും വൈദ്യ സഹായവും നൽകണം.

17 എല്ലാ കുടികളിലേക്കും കട്ടിൽ, മേശ, കസേര എന്നിവ വിതരണം ചെയ്യണം.

18 ഇടമലക്കുടിയിൽൽജോലി ചെയ്യാൻ താല്പര്യമുള്ളവരെ മാത്രം നിയമിക്കുക.

19 കൂടുതൽ പി.എച്ച്. സെന്ററുകളും പോസ്റ്റ് ഓഫീസ് സംവിധാനവും ഏർപ്പെടുത്തണം.


20 എല്ലാ റേഷൻ കാർഡുകളും ബി.പി.എൽ /എ.എവൈ ആക്കി മാറ്റണം

21 എഞ്ചിനീയർ/ഓവർസീയറെ നിയമിക്കണം.

22 ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി പരിശ്രമിച്ച് ഇടമലക്കുടിയുടെ വികസനത്തിനാവശ്യമായ സമഗ്ര പാക്കേജ് നടപ്പിലാക്കണം.

*തയ്യാറാക്കിയത്:*
*കെ.എസ്. ഹലീൽ രഹ്മാൻ*





# സുഭിക്ഷ
## നാളികേരാധിഷ്ഠിത ദാരിദ്ര്യ ലഘൂകരണ മാതൃക

ആബെ ജേക്കബ്

നാളികേരത്തിൽ നിന്ന് 41 മൂല്യ വർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു അത്ഭുതമാണ് സുഭിക്ഷ. സ്ത്രീശാക്തീകരണത്തിലൂന്നിയ നാളികേരാധിഷ്ഠിത ദാരിദ്ര്യ ലഘൂകരണ പദ്ധതിയാണിത്. സാധാരണക്കാരനായ ഒരു ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ബുദ്ധിയിൽ ഉദിച്ച വ്യവസായ സംരംഭം. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള സ്ത്രീകളുടെ നേതൃത്വത്തിൽ ആരംഭിച്ച രാജ്യത്തെ ആദ്യത്തെ പ്രൊഡ്യൂസർ കമ്പനി. അതു കൈവരിച്ചതോ, ലോകോത്തര മാതൃക എന്ന ഖ്യാതി. പഞ്ചായത്തിനും, പ്രസിഡന്റിനും, സ്ഥാപനത്തിനും ദേശീയ പുരസ്കാരങ്ങൾ. അയ്യായിരത്തിലധികം കുടുംബങ്ങൾക്ക് ജീവിതമാർഗ്ഗവും.

തെങ്ങ് കല്പവൃക്ഷമാണെന്ന പാഠപുസ്തക വിജ്ഞാനം ജീവിതത്തിലേയ്ക്കു പകർത്തി ഒരു പുതിയ വികസന സങ്കല്പം തന്നെ നൊച്ചാട്ടെ കുടുംബശ്രീ അംഗങ്ങളായ സ്ത്രീകൾ സുഭിക്ഷയിലൂടെ സമൂഹത്തിനു മുന്നിൽ വയ്ക്കുകയായിരുന്നു. സ്ത്രീകൾക്കു വേണ്ടി സ്ത്രീകൾ നടത്തുന്ന സംരംഭം. തുടക്കം മുതൽ നാളികേര വികസന ബോർഡിന്റെ പിന്തുണയും സുഭിക്ഷയ്ക്ക് ഉണ്ട്. വിവിധ സംരംഭങ്ങളിൽ ബോർഡിന്റെ സാങ്കേതിക സഹകരണവും.

കോഴിക്കോട് ജില്ലയുടെ ഉൾപ്രദേശമായ പേരാമ്പ്ര പഞ്ചായത്തിലെ നൊച്ചാട് ഗ്രാമം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സുഭിക്ഷയ്ക്ക് ലോകത്തിൽ വേറെ മാതൃക ഇല്ല. അത്രയ്ക്കും വ്യത്യസ്തമാണ് സ്ഥാപനവും, അതിന്റെ ശൈലിയും, അവിടത്തെ തൊഴിലാളികളും അവരുടെ ഉത്പ്പന്നങ്ങളും. സുഭിക്ഷ എന്നത് ചുരുക്കപ്പേരാണ്. ഇംഗ്ലീഷിൽ സസ്റ്റൈയ്നബിൾ ബിസിനസ് ഡവലപ്മെന്റ് ഓഫ് ഇന്നവേറ്റീവ് കോക്കനട് ബേസ്ഡ് മൈക്രോ എന്റർപ്രൈസസ് ഫോർ ഹോളിസ്റ്റിക് ഗ്രോത്ത് ആൻഡ് പോവർട്ടി അലീവിയേഷൻ എന്നതാണ് പേരിന്റെ പൂർണ രൂപം. പേരു പോലെ നീണ്ട കൂട്ടായ്മയുടെ ചങ്ങലക്കണ്ണികൾ ഒത്തു ചേരുന്നിടത്താണ് സുഭിക്ഷയുടെ വിജയം.

തെങ്ങിൻ തൈ മുതൽ ചകിരി നാര് വരെ നാളികേരവുമായി ബന്ധപ്പെട്ടതെല്ലാം ഒരു കുടക്കീഴിൽ നിന്ന് – അതായത് തെങ്ങിന്റെ എല്ലാ ഭാഗവും ഉപയോഗിക്കുന്ന ഒരു ക്ലസ്റ്റർ വികസന കാഴ്ച്ചപ്പാട് . അതാണ് സുഭിക്ഷയെ വ്യത്യസ്തമാക്കുന്ന ഘടകം. 200 ചെറുകിട യൂണിറ്റുകളിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 7000 സ്ത്രീകൾ ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. സഹകരണത്തിന്റെ ചങ്ങലക്കണ്ണികൾ ഒന്നു ചേരുന്നതു പോലെതന്നെയാണ് സുഭിക്ഷയിലെ നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ നിർമ്മാണവും. ഒന്നിനോട് ഒന്ന് ബന്ധപ്പെട്ടാണ് പ്രവർത്തനം. കർഷകരിൽ നിന്ന് 33 സംഭരണ കേന്ദ്രങ്ങൾ വഴി സംഭരിക്കുന്ന നാളികേരം പൊതിക്കുമ്പോൾ തന്നെ ചകിരി യന്ത്രവത്കൃത ഫൈബർ നിർമ്മാണ യൂണിറ്റുകളിലേയ്ക്ക് മാറ്റുന്നു. നാളികേരം എത്തുന്നത് കൊപ്ര – ഡ്രയർ യൂണിറ്റുകളിലാണ്. അവിടെ നാളികേരം വെട്ടി വെള്ളം വേർതിരിക്കുന്നു. നാളികേരം ഡ്രയറിലേ

യ്ക്കു മാറ്റുമ്പോൾ, വെള്ളം സ്ക്വാഷ്, വിനാഗിരി തുടങ്ങിയ ഉത്പ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകളിലേയ്ക്കും കൊണ്ടു പോകുന്നു.

എരവട്ടൂരിലാണ് വെളിച്ചെണ്ണ ഭക്ഷ്യ ഉത്പാദന യൂണിറ്റ് പ്രവർത്തിക്കുന്നത്. ചക്കിട്ടപ്പാറ, മച്ചാട്, കായണ്ണ, കൂത്താളി, ചെറുവണ്ണൂർ എന്നീ യൂണിറ്റുകളിൽ പ്രധാനമായും ഉൽപാദനം വെർജിൻ കോക്കനട് ഓയിൽ ആണ്. സോപ്പ്, ചിപ്സ്, ചമ്മന്തിപ്പൊടി, കയർ, വളം, തെങ്ങിൻ തൈ നഴ്സറി, ചകിരിനാര് തുടങ്ങിയവ കടിയങ്ങാട് ഡിഫൈബറിങ് യൂണിറ്റിലും ഉൽപാദിപ്പിക്കുന്നു.

എത്ര തേങ്ങ ലഭിച്ചാലും വാങ്ങാൻ ഇന്നു സുഭിക്ഷ തയാറാണ്. കോഴിക്കോട്ട് അങ്ങാടിയിൽ കർഷകർക്കു ലഭിക്കുന്ന വിലയേക്കാൾ ഒരു രൂപ കൂടുതൽ നല്കിയാണ് നാളികേരം സംഭരിക്കുന്നത്. 50 ടൺ കൊപ്രയാണ് പ്രതിദിനം ഇവിടെ സംസ്കരിക്കുന്നത്. പേരാമ്പ്രയ്ക്കു സമീപം ഇടവരാട് എന്ന സ്ഥലത്ത് പുതിയ ഒരു ഓയിൽ മില്ലു കൂടി ഈയിടെ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ശേഷി പത്തു ടൺ കൊപ്രയാണ്. 75 പേർ ഈ യൂണിറ്റിൽ മാത്രം ജോലി ചെയ്യുന്നു. കർഷകരിൽ നിന്ന് തേങ്ങയും കൊപ്രയും നേരിട്ട് ശേഖരിക്കുന്നു. അങ്ങനെ വാങ്ങുന്ന കൊപ്ര തിരിഞ്ഞ് മാറ്റി, ഒന്നുകൂടി ഡ്രയറിൽ നിരത്തി ഈർപ്പം 6–7 ശതമാനത്തിൽ താഴെ മാത്രമെയുള്ളു എന്ന് ഉറപ്പു വരുത്തിയാണ് എക്സ്പ്പല്ലറിൽ എണ്ണയാക്കി മാറ്റുന്നത്. ഇത് രണ്ട് ഘട്ടങ്ങളായി ശുദ്ധീകരിച്ച് പൗച്ചുകൾ, പ്ലാസ്റ്റിക് ബോട്ടിലുകൾ എന്നിവയിൽ അരലിറ്റർ, ഒരു ലിറ്റർ വീതവും, ക്യാനുകളിൽ 15 ലിറ്റർ വീതവും അളവുകളിലാക്കി വിപണികളിലേയ്ക്ക് അയക്കുന്നു. ഇന്ത്യയിൽ ആദ്യമായി സീറോ കൊളസ്ട്രോൾ വെളിച്ചെണ്ണ ഉൽപാദിപ്പിച്ച് വിപണിയിലിറക്കിയിരിക്കുന്നത് സുഭിക്ഷയാണ്.

ഗുണമേ യിൽ പേരുകേട്ട കുറ്റ്യാടി തെങ്ങിന്റെ നാളികേരത്തിൽ നിന്നാണ് സുഭിക്ഷ വെർജിൻ കോക്കനട് ഓയിൽ നിർമ്മിക്കുന്നത്. ഇതിനായി 10 പ്ലാന്റുകൾ പ്രവർത്തിക്കുന്നു. ഓരോന്നിലും പ്രതിദിനം 2000 നാളികേരം വീതം സംസ്കരിക്കുന്നു. സുഭിക്ഷ നാളികേരം സംസ്കരണം തുടങ്ങിയതോടെ പേരാമ്പ്ര – കുറ്റ്യാടി മേഖലയിൽ കഴിഞ്ഞ ഏഴു വർഷമായി നാളികേരത്തിന് മെച്ചപ്പെട്ട വിലയാണ് നിലവിലുള്ളത്. സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിൽ നാളികേര കർഷകർ പ്രതിസന്ധി നേരിട്ടപ്പോഴും പേരാമ്പ്ര മേഖലയിലെ കർഷകർ സംതൃപ്തരായിരുന്നു. വലിയ നഷ്ടമില്ലാതെ അവരുടെ നാളികേരം ചെലവായിരുന്നു, അതിന്റെ വിലയാകട്ടെ അപ്പോൾ തന്നെ കൈയിൽ ലഭിക്കുകയും ചെയ്തിരുന്നു.

കൊപ്ര വെളിച്ചെണ്ണയാക്കി വിവിധ അളവുകളിൽ പായ്ക്കുചെയ്യുന്നു. ഇതിൽ നല്ലൊരു ഭാഗം നേരിട്ട് വിപണികളിലേയ്ക്ക് പോകുമ്പോൾ ഒരു ഭാഗം സുഭിക്ഷയുടെ സോപ്പ് നിർമ്മാണ യൂണിറ്റുകളുടെ ആവശ്യത്തിനും നല്കുന്നു. ഇതിനു സമാന്തരമായി തന്നെ നാളികേര അച്ചാർ, അവ

**കോഴിക്കോട് ജില്ലയുടെ ഉൾപ്രദേശമായ പേരാമ്പ്ര പഞ്ചായത്തിലെ നൊച്ചാട് ഗ്രാമം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സുഭിക്ഷയ്ക്ക് ലോകത്തിൽ വേറെ മാതൃക ഇല്ല. അത്രയ്ക്കും വ്യത്യസ്തമാണ് സ്ഥാപനവും, അതിന്റെ ശൈലിയും, അവിടത്തെ തൊഴിലാളികളും അവരുടെ ഉത്പ്പന്നങ്ങളും. സുഭിക്ഷ എന്നത് ചുരുക്കപ്പേരാണ്.**





ലോസ് പൊടി, ബർഫി, ചമ്മന്തി, ചിപ്സ് , ജാം, കാൻഡി, കേയ്ക്ക് , ഇളനീർ സോഡ, സ്നോബോൾ, ശീതള പാനീയങ്ങൾ തുടങ്ങിയ ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണവും നടക്കുന്നു. കൂടാതെ ചിരട്ടക്കരി, കാർബൺ, ആക്ടിവേറ്റഡ് കാർബൺ, ഉണ്ടക്കൊപ്ര, വെന്ത വെളിച്ചെണ്ണ, വെർജിൻ വെളിച്ചെണ്ണ, ഹെയർ ഓയിൽ, ബേബി ഓയിൽ, ഹെയർ ക്രീം, സ്കിൻ കെയർ ഓയിൽ മുതൽ ചൂലു വരെ ഉള്ള ഉൽപന്ന നിർമ്മണത്തിലെ ഓരോ കണ്ണിയും പൊട്ടിപ്പോകാതെ ശൃംഖല പൂർത്തിയാകുമ്പോഴാണ് സുഭിക്ഷയുടെ ലക്ഷ്യം പൂർണതയിലെത്തുന്നത്. പരസ്യങ്ങളുടെ പിന്തുണയില്ലാതെ സുഭിക്ഷ ബ്രാൻഡിലുള്ള ഈ ഉൽപന്നങ്ങൾ ഇതിനോടകം പ്രാദേശിക വിപണിയിൽ ഇടം നേടി കഴിഞ്ഞു. കൂടാതെ മസ്ക്കറ്റ് ബഹറിൻ തുടങ്ങിയ ഗൾഫ് വിപണിയിലേക്കും ഇപ്പോൾ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. ക്വാളിറ്റി അനാലിസിസ് ക്രിട്ടിക്കൽ കൺട്രോൾ വഴി ഗുണമേന്മ ഉറപ്പു വരുത്തിയാണ് ഇവ അന്താരാഷ്ട്ര മാർക്കറ്റിൽ എത്തുന്നത്. നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ ഇതിനായി ഒരു ഗുണനിലവാര പരിശോധനാ ലബോറട്ടറിയും സുഭിക്ഷയിൽ പ്രവർത്തിക്കുന്നു. അഗ്മാർക്ക്, എഫ്.പി.ഒ ലൈസൻസുകളും എച്ച്എസിസിപി മാനദണ്ഡമനുസരിച്ചുള്ള ഭക്ഷ്യസംസ്കരണ ഫാക്ടറിയും സുഭിക്ഷയ്ക്കുണ്ട്.

ഒരേ ഉത്പ്പന്നം നിർമ്മിക്കുന്ന വിവിധ യൂണിറ്റുകളെ ഏകോപിപ്പിക്കുന്നത് കോ - ഓർഡിനേറ്റർമാരാണ്. ഓരോ യൂണിറ്റിനും പ്രത്യേകം പ്രസിഡന്റ്, സെക്രട്ടറി, മാനേജർ എന്നിവരുണ്ട്. മാനേജർമാർക്ക് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള 15 ദിവസത്തെ പ്രത്യേക പരിശീലനം നല്കിയിട്ടുണ്ട്. ഇതു കൂടാതെ മാസം തോറും നടക്കുന്ന അവലോകന യോഗങ്ങളുമുണ്ട്.

രണ്ടു തരം ഉൽപാദന രീതികളാണ് സുഭിക്ഷയിലുള്ളത്. ഒന്ന് ഫാക്ടറി കേന്ദ്രീകൃത മാതൃകയിലുള്ള ഉൽപാദനം. ഇത് രണ്ടു ഷിഫ്റ്റുകളായി വനിതകൾ വന്ന് ചെയ്യുകയാണ്.

കേന്ദ്രഗവൺമെന്റിന്റെ സ്വർണ ജയന്തി ഗ്രാമീൺ സ്വരസ്ഗാർ യോജന എന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സുഭിക്ഷയുടെ നാളികേരാധിഷ്ഠിത പ്രോജക്ടിന് അംഗീകാരം ലഭിച്ചത്. തുടർന്ന് കേന്ദ്ര ഗവൺമെന്റ് നാലു കോടിയും സംസ്ഥാന ഗവൺമെന്റ് രണ്ടു കോടിയും നല്കി. ഇതോടൊപ്പം ബാങ്ക് വായ്പയായ നാലുകോടിയും നാലു കോടി ഗുണഭോക്താക്കളുടെ വിഹിതവും കൂടി ചേർന്നതാണ് പ്രവർത്തന മൂലധനം. 2003 ൽ നൊച്ചാട് പഞ്ചായത്തിലെ ഏതാനും കുടുംബശ്രീ യൂണിറ്റുകൾ കൊപ്രഡ്രയർ സ്ഥാപിച്ചുകൊണ്ട് തുടക്കം കുറിച്ച സുഭിക്ഷ കഴിഞ്ഞ ഒക്ടോബറിൽ പത്താം വാർഷികം ആഘോഷിച്ചു.

കോഴിക്കോട് ഐഐഎം ആണ് സുഭിക്ഷയുടെ പ്രോജക്ട് റിപ്പോർട്ട് തയാറാക്കിയത്. അന്ന് പേരാമ്പ്ര പഞ്ചായത്ത് പ്രസിഡന്റായിരുന്ന കുഞ്ഞഹമ്മദ് മാസ്റ്റർ ചെയർമാനായി 2005 ലാണ് ഇത് ഒരു പ്രോഡ്യൂസർ കമ്പനിയായി രജിസ്റ്റർ ചെയ്തത്. ഗ്രാമവികസനം, ഗ്രാമീണ കുടുംബങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണം എന്നീ ലക്ഷ്യങ്ങളോടെയാണ് സുഭിക്ഷയുടെ തുടക്കം. പേരാമ്പ്രയിലും സമീപ പഞ്ചായത്തുകളിലുമായി പത്ത് ഏക്കർ ഭൂമിയും 25000 ചതുരശ്ര അടി കെട്ടിടങ്ങളും ഒന്നോകാൽ കോടിയുടെ സ്ഥിര ബാങ്ക് നിക്ഷേപവും ഇന്ന് സുഭിക്ഷയ്ക്കുണ്ട്. 2006 ൽ 80 ലക്ഷമായിരുന്നു വിറ്റുവരവ്. 2013 ൽ ഇത് മൂന്നേക്കാൽ കോടി രൂപയായി ഉയർന്നു.

സാങ്കേതിക നവീകരണമാണ് ഇപ്പോൾ സുഭിക്ഷയുടെ മുന്നിലുള്ള പ്രശ്നം. പത്തു വർഷങ്ങൾക്കു മുമ്പ് സംരംഭം തുടങ്ങിയപ്പോൾ ഉൽപാദക യൂണിറ്റുകളിൽ സ്ഥാപിച്ചത് അന്ന് നിലവിൽ ഉണ്ടായിരുന്ന ഏറ്റവും മെച്ചപ്പെട്ട സാങ്കേതിക വിദ്യയായിരുന്നു. പക്ഷെ, ഇന്നിപ്പോൾ ഇത് വളരെ പഴഞ്ചനായിരിക്കുന്നു. ഇതേ രംഗത്തു പ്രവർത്തിക്കുന്ന മറ്റു വ്യവസായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ന് സാങ്കേതികമായി സുഭിക്ഷ പിന്നിലാണ്. അത് ഉത്പാദനത്തെ ബാധിച്ചു തുടങ്ങിയിരിക്കുന്നു.

ആധുനിക സാങ്കേതിക വിദ്യകളും യന്ത്ര സംവിധാനങ്ങളും എത്രയും പെട്ടെന്ന് സുഭിക്ഷയിൽ സ്ഥാപിക്കേണ്ടിയിരിക്കുന്നു - പറയുന്നത് സുഭിക്ഷയുടെ ചെയർമാൻ കൂടിയായ കുഞ്ഞഹമ്മദ് മാസ്റ്ററാണ്. ഒപ്പം വിതരണ ശൃംഖലയുടെ വിപുലീകരണവും നടക്കേണ്ടതുണ്ട്. ഒരു ഗുണമേ യുമില്ലാത്ത ഉൽപന്നങ്ങൾ പരസ്യങ്ങളുടെ പിൻബലത്തിൽ വിപണി കൈയടക്കുമ്പോൾ അവരുമായി മത്സരിക്കാൻ സുഭിക്ഷയ്ക്കു സാധിക്കുന്നത് ജനങ്ങൾ അതിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം മൂലമാണ്. ഇതുവരെ വലിയ മുതൽ മുടക്കില്ലാതെ വ്യവസായ മേളകളിലും മറ്റും സജീവമായിക്കൊണ്ട് അധികം പണച്ചെലവില്ലാത്ത വിപണന തന്ത്രമായിരുന്നു സുഭിക്ഷ അനുവർത്തിച്ചു പോന്നത്. എന്നാൽ പുതിയ കാലം മാറ്റം ആവശ്യപ്പെടുന്നു. വിപണിയിൽ പിടിച്ചു നില്ക്കാൻ പരസ്യങ്ങൾ പോലുള്ള ചില പൊടികൈകൾ കൂടാതെ പറ്റില്ല, മാസ്റ്റർ സമ്മതിക്കുന്നു. തുറയൂർ ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകനായി സർവീസിൽ പ്രവേശിച്ച കുഞ്ഞഹമ്മദ് മാസ്റ്റർ നീണ്ട അവധിയിലാണ്. കഴിഞ്ഞ 15 വർഷമായി പേരാമ്പ്ര പഞ്ചായത്തിന്റെ പ്രസിഡന്റായും വൈസ് പ്രസിഡന്റായും പൊതു രംഗത്തുണ്ട്. സുഭിക്ഷയുടെ എല്ലാ മുന്നേറ്റങ്ങളുടെയും പിന്നിൽ ഈ അധ്യാപകന്റെ ദീർഘവീക്ഷണവും, രാജ്യസ്നേഹവും, സമൂഹ്യ പ്രതിബദ്ധതയും ഉണ്ട്.

*ലേഖകൻ കേരള പ്രസ് അക്കാദമി ഫാക്കൽട്ടി അംഗമാണ്*

FIFA WORLD CUP
Brasil



# വീണ്ടുമൊരു ലോകകപ്പ് ഫുട്ബോൾ

▶ പി.ടി. രാമചന്ദ്രൻ
ക്രൂസ്, കാസർകോട്

വീണ്ടും ഒരു ലോകകപ്പ് ഫുട്ബോൾ. ലോക ജനത കണ്ണ് തുറന്ന് കാത്തിരിക്കുന്നമഹോത്സവം. രക്തത്തിൽ ഫുട്ബോൾ ലഹരി അലിഞ്ഞു ചേർന്ന ബ്രസീലിയൻ ജനത 64 വർഷത്തെ കാത്തിരുപ്പിന് ശേഷം വീണ്ടും ലോകകപ്പ് മത്സരങ്ങൾക്ക് ആതിഥ്യം വഹിക്കുകയാണ്. 2014 ജൂൺ 12 ന് രാത്രി 1.30 ന് ബ്രസീൽ ക്രോയേഷ്യയെ നേരിടുന്നതോടെ ഒരു മാസകാലത്തേക്ക് ലോക ജനത ഉറക്കമില്ലാത്ത രാവുകളെ സന്തോഷത്തോടെ വരവേൽക്കാൻ നിർബന്ധിതരാകുന്നു. ലോകത്തിന്റെ നാനാ ഭാഗത്ത് നിന്നുമുള്ള ആളുകളെ ഉൾക്കൊള്ളാൻ ബ്രസീലിലെ സ്റ്റേഡിയങ്ങൾ സജ്ജമായികഴിഞ്ഞു. എല്ലാ പാതകളും ബ്രസീലിലേക്ക് എന്ന ചൊല്ല് അന്വർത്ഥമാക്കികൊണ്ട് ലോകത്തിലെ എല്ലാ ഫുട്ബോൾ ആരാധകരും തയ്യാറെടുത്ത് കഴിഞ്ഞ ഈ വേളയിൽ ലോകകപ്പ് ഫുട്ബോളിന്റെ ഉൽഭവത്തെ കുറിച്ച് ഓർക്കാത്തിരിക്കാൻ കഴിയില്ല.

ആധുനിക ഫുട്ബോൾ ജന്മം കൊള്ളുന്നത് 1863 ൽ ഇംഗ്ലണ്ടിൽ ആയിരുന്നെങ്കിലും യൂറോപ്പിൽ മുഴുവൻ പടർന്ന് പന്തലിക്കാൻ അധിക കാലമെടുത്തില്ല. 1904 ൽ ഫിഫ (Federation Internationale de Football Association) യുടെ പിറവിയോടെ ഫ്രാൻസിൽ അന്താരാഷ്ട്ര ഫുട്ബോൾ മത്സരങ്ങൾക്ക് തുടക്കം കുറിച്ചു. സമ്മർ ഒളിമ്പിക്സിലെ ഒരു ഇനമായി ഫുട്ബോൾ തുടർന്നെങ്കിലും 1928 ൽ മാത്രമാണ് ലോക ഫുട്ബോൾ മത്സരം സംഘടിപ്പിക്കുന്നതിന് ഫിഫ തീരുമാനമെടുത്തത്. ഇതിന്റെ ഫല പ്രാപ്തി എന്നോണം 1930 ൽ ഫിഫ യുടെ ആഭിമുഖ്യത്തിൽ ഉറുഗ്വേയിൽ ആദ്യത്തെ ലോകകപ്പ് മത്സരങ്ങൾക്ക് പന്ത് ഉരുണ്ടു. 13 രാജ്യങ്ങൾ പങ്കെടു



ത്ത പ്രസ്തുത മത്സരത്തിലെ അവസാന കളിയിൽ ഉറുഗ്വേ അർജ്ജന്റീനയെ രണ്ടിനെതിരെ നാല് ഗോളിന് തോൽപ്പിച്ച് പ്രഥമ ലോകകപ്പിന്റെ ഉടമകളായി. നാല് വർഷത്തെ ഇടവേളകളിൽ നടത്താൻ തീരുമാനിച്ച ലോകകപ്പ് 1934 ൽ ഇറ്റലിയിൽ വെച്ച് നടത്തപ്പെട്ടു. ഫൈനലിൽ ചെക്കോസ്ലോവാക്യയെ കീഴടക്കി ആഥിഥേയർ കിരീടം ചൂടി. ഫ്രാൻസിൽ വെച്ച് 1938 ൽ നടന്ന 3-ാം ലോകകപ്പും ഇറ്റലി തന്നെ നേടി. ഇത്തവണ ഫൈനലിൽ തോൽക്കാനുള്ള വിധി ഹംഗറിയ്ക്കായിരുന്നു. രണ്ടാം ലോകമഹായുദ്ധം മൂലം മുടങ്ങിപ്പോയ ലോകകപ്പ് മത്സരം 1950 ൽ പുനരാരംഭിച്ചപ്പോൾ ആഥിത്യമരുളാൻ ബ്രസീലിന് അവസരം ലഭിച്ചു. അത്യധികം ആവേശത്തോടെ ആരംഭം കുറിച്ച 4-ാം ലോകകപ്പ് ഫുട്ബോൾ മത്സരം ബ്രസീലിയൻ ജനതയെ ഒന്നടങ്കം കണ്ണീരുകുടിപ്പിച്ച് കൊണ്ടാണ് അവസാനിച്ചത്. ലോക ചാമ്പ്യൻമാരാകാൻ ഒരു സമനില മാത്രം മതിയെന്നിരിക്കെ കലാശക്കളിയിൽ ഉറുഗ്വേയോട് തോൽക്കാനായിരുന്നു അന്ന് ബ്രസീലിന്റെ വിധി. വെറും 300 ഉറുഗ്വേക്കാരും 2 ലക്ഷത്തിൽപ്പരം ബ്രസീലിയൻ കാണികളും നിറഞ്ഞ മാരക്കാന സ്റ്റേഡിയത്തിലെ ബ്രസീലിന്റെ തോൽവി ആ നാട്ടിലെ ജനങ്ങൾക്ക് താങ്ങാവുന്നതിലപ്പുറമായിരിന്നു. ദേശീയ ദുഖാചരണം പോലെ എത്രയോ കാലം ആ നാട് മൂകമായിരുന്നു. ഓരോ ബ്രസീലുകാരന്റെയും ശ്വാസത്തിൽപ്പോലും തേങ്ങലിന്റെ സ്വരം സ്ഥാനം പിടിച്ചു. 1954 ൽ സ്വിറ്റ്സർലാന്റിൽ ആയിരുന്ന 5-ാം ലോകകപ്പിന് കളമൊരുങ്ങിയത്. ആദ്യമായി ചില മത്സരങ്ങൾ ടെലിവിഷൻ സംപ്രേഷണം ചെയ്തു എന്ന പ്രേത്യകതയും ഈ വർഷത്തിന് അവകാശപ്പെട്ടതാണ്. ഫൈനലിൽ ഹംഗറിയെ തോൽപ്പിച്ച് ജർമ്മനി തങ്ങളുടെ വരവ് ലോകത്തിന് മുൻപിൽ വെളിപ്പെടുത്തി. 1958 ൽ സ്വീഡനിൽ നടന്ന ലോകകപ്പിൽ കൂടുതൽ മത്സരങ്ങൾ ടെലിവിഷനിൽ കാണാൻ ജനങ്ങൾക്ക് അവസരം ലഭിച്ചു. 18 വയസ് തികയാത്ത പെലെ എന്ന പയ്യൻ ലോകകപ്പിൽ ഹരിശ്രീ കുറിച്ചതും ബ്രസീലിന്റെ ചാമ്പ്യൻ പട്ടങ്ങൾക്ക് തുടക്കമിട്ടതും ഇവിടെ നിന്നായിരുന്നു. ആഥിഥേയർക്ക് തന്നെയായിരുന്നു രണ്ടാം സ്ഥാനക്കാരാകാനുള്ള വിധി. 1962 ൽ ചെക്കോസ്ലോവാക്യയെ താൽപ്പിച്ച് ബ്രസീൽ കിരീടം നിലനിർത്തി. ഫുട്ബോൾ കളിയ്ക്ക് ജന്മം നൽകിയ ഇംഗ്ലണ്ടിന് ചാമ്പ്യൻ പട്ടത്തിനായി 1966 വരെ കാത്തിരിക്കേണ്ടി വന്നു. ഇത്തവണ ഫൈനലിൽ അടി തെറ്റിയത് ജർമ്മനിയ്ക്കായിരുന്നു. 1970 ബ്രസീലിന് ചരിത്ര വർഷമായി മാറി. മൂന്നാം തവണയും ചാമ്പ്യൻമാരായ അവർക്ക് യൂൾറിമെ കപ്പ് എന്നന്നേക്കുമായി സമ്മാനിക്കപ്പെട്ടു. പെലെ എന്ന ഫുട്ബോൾ രാജാവിന്റെ അവസാന ലോകകപ്പ് മത്സരം കൂടിയായിരുന്നു ഇത്. ഫൈനലിൽ ഇറ്റലിക്കെതിരെ അതിശക്തമായ ഹെഡ്ഡറിലൂടെ ഗോൾ വേട്ടയ്ക്ക് തുടക്കം കുറിച്ച് പെലെ തന്റെ അവസാന ലോകകപ്പ് മത്സരവും അവിസ്മരണീയമാക്കി.

1974 ൽ രണ്ടാം പെലെ എന്നറിയപ്പെടുന്ന യോഹാൻ ക്രൈഫിന്റെ നേതൃത്വത്തിൽ എതിരാളികളെ തച്ചുടച്ച് ഫൈനലിൽ എത്തിയ ഹോളണ്ട് ബക്കൻബോവറുടെ കീഴിൽ അണിനിരന്ന ആഥിഥേയരായ ജർമ്മനിയെ വിറപ്പിച്ച് ഒന്നിനെതിരെ രണ്ട് ഗോളിന് കീഴടങ്ങി. 1978 ലും ഹോളണ്ടിന്റെ വിധി മറ്റൊന്നായിരുന്നില്ല. ഇത്തവണ ഫൈനലിൽ പരാജയപ്പെട്ടതാകട്ടെ അർജ്ജന്റീനയോടും. 1982 ൽ സ്പെയിനിൽ വെച്ച് നടന്ന മത്സരത്തിൽ ജർമ്മനിയെ തോൽപ്പിച്ച് പോളോറോസി എന്ന താരത്തിന്റെ മികവിൽ ഇറ്റലി ചാമ്പ്യൻമാരായി. മറഡോണയുടെ അരങ്ങേറ്റവും ഇവിടെ നിന്നായിരുന്നു. 1986 ലെ ലോകകപ്പിൽ സാക്ഷാൽ മറഡോണയുടെ തിളക്കമാർന്ന പ്രകടനം ദർശിച്ച ലോക ജനത ആ കളിക്കാരനെ നെഞ്ചിലേറ്റി ആദരവ് പ്രകടിപ്പിച്ചു. സെമിയിൽ ഇംഗ്ലണ്ടിനെതിരെ നേടിയ ആദ്യ ഗോൾ ദൈവത്തിന്റെ കൈയ്യായിരുന്നു എന്നു പറഞ്ഞ മറഡോണ അതിന്റെ പ്രായശ്ചിത്തമെന്നോണം അടുത്ത ഗോൾ അതിമനോഹരവും ലോകോത്തരവുമാക്കി. ഫൈനലിൽ ജർമ്മനിയെ തകർത്ത് ലോകകപ്പ് അർജ്ജന്റീനയിലേക്ക് കൊണ്ടുപോയി. 1990 ൽ ഇറ്റലിയിൽ നടന്ന മത്സരത്തിൽ അർജ്ജന്റീനയെ രണ്ടാം സ്ഥാനക്കാരാക്കി ജർമ്മനി പകരം വീട്ടി. 1994 ൽ അമേരിക്കയിൽ വെച്ച് നടന്ന മത്സരത്തിൽ ലോക ചാമ്പ്യൻമാരെ നിർണ്ണയിക്കാൻ ആദ്യമായി പെനാൽട്ടി ഷൂട്ട് ഔട്ടിനെ ആശ്രയിക്കേണ്ടി വന്നു. അവസാന കിക്കെടുത്ത ഇറ്റലിയുടെ നായകനും അതു വരെ തിളങ്ങിനിന്ന താരവുമായ റോബർട്ടോ ബാജിയോ പന്ത് പോസ്ററിന് മുകളിലൂടെ പറത്തിവിട്ടപ്പോൾ ബ്രസീൽ നാലാമതും ലോക ചാമ്പ്യമാരായി. ഫുട്ബോൾ ചരിത്രത്തിലെ കറുത്ത അദ്ധ്യായം കൂടി എഴുതിച്ചേർത്ത വർഷമായി ഇത്. യു.എസ്.എ.ക്കെതിരായ മത്സര ത്തിൽ കൊളംബിയൻ ഡിഫൻസ റായ ആൻഡ്രേ എസ്കൊബാറിന്റെ കാലിൽ തട്ടി സെൽഫ് ഗോളായപ്പോൾ കൊളംബിയ പുറത്തായി. മയക്കുമരുന്നു മാഫിയക്ക് ഈ തോൽവി



ബെറ്റ് വെച്ച് കോടിക്കണ ക്കിന് ഡോളർ നഷ്ടമായപ്പോൾ എസ്കൊബാറിന്റെ ജീവൻ തോക്കുകൊണ്ടവസാനിപ്പിച്ച അവർ ദേഷ്യം തീർത്തു. 1998 ൽ ബ്രസീലിനെ തോൽപ്പിച്ച് ഫ്രാൻസ് ചാമ്പ്യൻമാരായി.

2002 ലാണ് ആദ്യമായി ലോകകപ്പ് ഫുട്ബോളിന് ഏഷ്യ വേദിയാകുന്നത്. കൊറിയയിലും ജപ്പാനിലുമായി നടന്ന മത്സരത്തിൽ ജർമ്മനിയെ തോൽപ്പിച്ച് ബ്രസീൽ അഞ്ചാമതും ചാമ്പ്യൻമാരായി ചരിത്രം കുറിച്ചു. 2006 ൽ ഇറ്റലിയും ഫ്രാൻസും തമ്മിൽ നടന്ന ഫൈനലിൽ വീണ്ടും പെനാൽട്ടി ഷൂട്ട് ഔട്ടിൽ തീർപ്പ് കൽപ്പിക്കപ്പെട്ടു. ഇറ്റലിയുടെ മറ്ററാസി എന്ന കളിക്കാരനെ തലകൊണ്ട് ഇടിച്ചു വീഴ്ത്തി ഫ്രാൻസിന്റെ പ്രഗല്ഭനായ സിനദെ സിദാൻ ചുവപ്പ് കാർഡുവാങ്ങി. ട്രോഫി ഇറ്റലിയും. 2010 ൽ ദക്ഷിണാഫ്രിക്കയിൽ നടന്ന കഴിഞ്ഞ ലോകകപ്പ് ഹോളണ്ടിനെ തോൽപ്പിച്ച് സ്പെയിൻ സ്വന്തമാക്കിയത് ലോക ജനതയ്ക്ക് ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു.

അഞ്ച് തവണ ലോകകപ്പ് നേടി ബ്രസീൽ ചരിത്രം സൃഷ്ടിച്ചെങ്കിലും ബ്രസീലിലെ പഴമക്കാരിൽ 1950 ഉം മാരക്കാനയും ഇപ്പോഴും വിട്ടുമാറാത്ത നടുക്കം തന്നെയാണ്. ഈ പാഠം ഉൾക്കൊണ്ടുതന്നെയാകണം ബ്രസീൽ വീണ്ടും മാരക്കാനയിലേക്ക് ഇറങ്ങിപ്പുറപ്പെട്ടത്. എക്കാലത്തും പ്രഗല്ഭ താരസമ്പന്നത നിറഞ്ഞ് തുളുമ്പിയ ടീമായിട്ടും നിനച്ചിരിക്കാതെ പരാജയപ്പെട്ട ചരിത്രവും ബ്രസീലിനുണ്ട്. അതുകൊണ്ടു തന്നെ ബ്രസീലിന്റെ ആരാധകർ പോലും അവരുടെ ആഗ്രഹങ്ങൾക്കപ്പുറത്ത് കഴിഞ്ഞകാല ലോകകപ്പ് ചരിത്രത്തിന്റെ ഏടുകൾ മറിച്ചുനോക്കാൻ നിർബന്ധിതരാകുന്നു. 1982 ൽ ഏറെ പ്രതീക്ഷ അർപ്പിച്ച് വന്ന ബ്രസീലിനെ രണ്ടാം റൗണ്ടിൽ പോളോ റോസി എന്ന ഇറ്റലിക്കാരൻ ഹാട്രിക് ഗോളുകളോടെ തകർത്ത് വിട്ടത് ഫുട്ബോൾ ലോകം ഒരിക്കലും പ്രതീക്ഷിക്കാത്തതായിരുന്നു. 1986 ൽ നടന്ന തൊട്ടടുത്ത ലോകകപ്പിലും സ്ഥിതി മറ്റൊന്നായിരുന്നില്ല.

ഇത്തവണ കപ്പ് നേടുമെന്ന വിശ്വാസത്തിൽ തന്നെയാണ് ബ്രസീലുകാർ. എ ഗ്രൂപ്പിൽ നിന്ന് ജയിച്ചുവരുന്ന ബ്രസീലിന് പ്രീ ക്വാർട്ടറിൽ സ്പെയിനോ ഹോളണ്ടോ ആകാം എതിരാളികൾ. രണ്ടും ഒന്നിനൊന്ന് മികച്ച ടീമുകൾ തന്നെ. ഈ കടമ്പ താണ്ടിയാൽ ക്വാർട്ടറിൽ ഇറ്റലിയെയോ ഇംഗ്ലണ്ടിനെയോ നേരിടേണ്ടി വരും. ക്വാർട്ടറിൽ ജയം നേടാനായാൽ സെമിയിൽ ജർമ്മനിയുടെ മുന്നിലേക്കാകും ചെന്നുപെടാൻ സാധ്യത. പവർ ഗെയിമിന്റെ മാസ്മരികത എല്ലാ തവണയും പ്രകടമാക്കാറുള്ള ജർമ്മനി സൃഷ്ടിക്കുന്ന മാർഗ്ഗതടസ്സം കാണികളുടെ പൂർണ്ണ പിന്തുണയുണ്ടെങ്കിലും ചാടി കടക്കാൻ ബ്രസീലിന് ഏറെ ക്ലേശിക്കേണ്ടി വരുമെന്ന് ഫുട്ബോൾ ലോകം കണക്കുകൂട്ടുന്നു.

അർജ്ജന്റീനയുടെ കാര്യവും വ്യത്യസ്തമല്ല. എഫ് ഗ്രൂപ്പ് ചാമ്പ്യൻമാരായി വരുന്ന അവർക്ക് പ്രീ ക്വാർട്ടറിൽ ഫ്രാൻസാകാം എതിരാളികൾ. അടുത്ത പടി ക്വാർട്ടറിൽ പോർച്ചുഗല്ലിന്റെ മുന്നിലാകും എത്തിപ്പെടുക. ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ കാലുകൾക്ക് കൂച്ചുവിലങ്ങ് ഇടുന്നതിൽ വിജയിക്കാനായാൽ സെമിയിൽ സ്പെയിൻ, ഹോളണ്ട്, ഇറ്റലി, ഇംഗ്ലണ്ട് എന്നീ ടീമുകളിൽ ഏതെങ്കിലും ഒന്നാകും എതിരാളികൾ. എല്ലാ കടമ്പകളും താണ്ടി അർജ്ജന്റീനഫൈനലിൽ എത്തുമെന്ന് തന്നെയാണ് അവരുടെ ആരാധകരുടെ കണക്കുകൂട്ടൽ. ഇങ്ങനെ ബ്രസീലും അർജ്ജന്റീനയും കലാശക്കളിയ്ക്ക് അർഹത നേടിയാൽ ഫുട്ബോൾ ലോകം ആഗ്രഹിക്കുന്ന സ്വപ്ന ഫൈനലിന് മാരക്കാന വേദിയാകും. മാരക്കാനയുടെ ചരിത്രം മാറ്റിവെച്ച് കണക്കുകൂട്ടിയാൽ കാണികളുടെ പിന്തുണ ബ്രസീലിന് അൽപ്പം മുൻതൂക്കം നൽകുന്നു.

ഒരു കാര്യം ഉറപ്പിക്കാം - ഫൈനൽ ബ്രസീലും അർജ്ജന്റീനയും തമ്മിൽ അല്ലെങ്കിൽ പോലും ലോക ജനതയ്ക്ക് അത് ഒരു സ്വർഗ്ഗീയ വിരുന്ന് തന്നെയായിരിക്കും. കാരണം നേരത്തെ സൂചിപ്പിച്ചപോലെ പവർഗെയിം കൈമുതലായുള്ള ജർമ്മനിയും നിലവിലെ ചാമ്പ്യൻമാരും ടിക്കി ടാക്ക സമ്പ്രദായം വിജയകരമായി നടപ്പിലാക്കിയവരുമായ സ്പെയിനും ഗോൾഡൻ ബൂട്ട് കരസ്ഥമാക്കി മിന്നുന്ന ഫോമിൽ നിൽക്കുന്ന ക്രിസ്റ്റ്യാനോ റോണാൾഡോയുടെ പോർച്ചുഗലും ആര്യൻ റോബന്റെ ഹോളണ്ടും വെയിൻ റൂണി എന്ന വികൃതി പയ്യന്റെ താരമഹിമ കൈമുതലായുള്ള ഇംഗ്ലണ്ടും ലോകകപ്പ് നേടാൻ ഏറെ സാദ്ധ്യതയുള്ള ടീമുകൾ തന്നെ. ജൂലായ് 8 ലെ ആദ്യ സെമിയും ജൂലായ് 9 ലെ രണ്ടാം സെമിയും ജൂലായ് 13 ന് നടക്കുന്ന ഫൈനലും ആവേശഭരിതമായിരിക്കുമെന്ന് ഉറപ്പാണ്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ മെനഞ്ഞെടുത്ത തന്ത്രങ്ങൾ ഓരോ ടീമും അവരവരുടെ ശൈലിയ്ക്ക് അനുസരിച്ച് ഗ്രൗണ്ടിൽ വാരി വിതറുമ്പോൾ ഈ ലോകകപ്പിന്റെ യാത്ര ഏത് രാജ്യത്തേക്കാകുമെന്ന് പ്രവചിക്കുക വയ്യ. അതുപൊലെ തന്നെയാണ് ഈ ലോകകപ്പിന്റെ താരം ആരെന്ന് മുൻകൂട്ടി പറയുന്നതും. നെയിമറും, മെസ്സിയും, ക്രിസ്റ്റ്യാനോ റോണാൾഡോയും, സാവി, ഇനിയേസ്റ്റമാരും നല്ല ഫോമിലാണെങ്കിലും പുതുതാരത്തിന്റെ ഉദയവും ഉണ്ടായികൂടെന്നില്ല. അതിനായി ജൂലായ് 13 വരെ ലോകത്തോടൊപ്പം നമ്മുക്കും കാത്തിരിക്കാം.

---

*കേരള ഫുട്ബോൾ അസോസിയേഷൻ സെൻട്രൽ കൗൺസിൽ മെമ്പറായിരുന്ന ലേഖകൻ ഇപ്പോൾ പാലക്കാട് ജില്ലാ ഫുട്ബോൾ അസോസിയേഷൻ എക്സിക്യൂട്ടീവ് മെമ്പറാണ്.*

# സൈബർ കുറ്റങ്ങൾക്കെതിരെ പോരാട്ടം

കെ.കെ പാന്ത്

സൈബർ ലോകത്തിന്റെ നിരന്തരമായ വികാസത്തോടെ നമുക്കു ചുറ്റുമുള്ള ധാരാളം ആളുകളും സംഘടനകളും ഇന്റർനെറ്റു പോലുള്ള പൊതു ഇടങ്ങളോടു വ്യാപകമായി കെട്ടുപിണഞ്ഞു തുടങ്ങിയിരിക്കുന്നു. ഇതുകൂടാതെയാണ് മൊബൈൽ ഫോണുകളുടെ ഉപയോഗം. വ്യവസായം, സ്ഥാപനങ്ങൾ, വിദ്യാഭ്യാസമേഖല, സംരംഭങ്ങൾ, വ്യക്തിബന്ധങ്ങൾ, തുടങ്ങി ഒരു വശത്ത് സമൂഹത്തിനു മൊത്തം ഇത് നല്ലതാണ്. പക്ഷെ ഇതിന് ഒരു മറുവശമുണ്ട്. മറ്റുള്ളവരെ ചതിക്കാനും കബളിപ്പിക്കാനും വഞ്ചിക്കാനും അനന്തവും അതിനൂതനവുമായ നിരവധി സാധ്യതകൾ കൂടി ഇതിലുണ്ട്. സാമ്പത്തിക വഞ്ചന മാത്രമല്ല, വ്യക്തികളുടെ സൽപേരും സ്വകാര്യതയും ഇത് ഇല്ലാതാക്കുന്നു. വെബ്സൈറ്റുകളുടെ പ്രത്യേകിച്ച് വിവാഹ വെബ് സൈറ്റുകകളുടെ ശൃംഖല തകർക്കുന്നു. ഇതേ തുടർന്നാണ് അടുത്തകാലത്ത് ഗവൺമെന്റ് ഇത്തരം സൈബർ കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കുന്നതിനുള്ള നിയമം പാസാക്കിയത്. സാധാരണ പൗരന്മാർക്ക് നിർഭയമായും ആരുടെയും വഞ്ചനക്ക് ഇരയാകാതെയും സൈബർ പാതയിൽ പ്രവേശിക്കാൻ ഇതു മൂലം സാധിച്ചിരിക്കുന്നു.

നാഷണൽ ക്രൈം റെക്കോഡ് ബ്യൂറോയുടെ രേഖകൾ പ്രകാരം 2012-ൽ ഹാക്കിംങ്ങുമായി ബന്ധപ്പെട്ട 2464 കേസുകളാണ് രാജ്യത്ത് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കമ്പ്യൂട്ടറുകൾക്ക് കേടുപാടുകൾ വരുത്തിയ 1440 കേസുകളുണ്ടായി. ഹാക്കിങ്ങ് നടത്തിയതുമായി ബന്ധപ്പെട്ട് 435 കേസുകളും. 2012 ൽ മാത്രം ഇതുമായി ബന്ധപ്പെട്ട് 749 അറസ്റ്റുകൾ നടന്നു. അശ്ലീല ചിത്രങ്ങൾ ഇലക്ട്രോണിക് ഡേറ്റകളാക്കി സൈറ്റുകളിലൂടെ പ്രചരിപ്പിച്ചതിന് സെക്ഷൻ 67 അനുസരിച്ച് 589 കേസുകളിൽ 497 അറസ്റ്റുകൾ നടന്നു. സൈറ്റുകളിലൂടെ തെറ്റിധരിപ്പിച്ച് പണാപഹരണം പോലുള്ള വഞ്ചനാ കുറ്റങ്ങൾക്ക് 377 കേസുകകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. 2013 ൽ ക്രെഡിറ്റ് കാർഡ്, എടിഎം കാർഡ്, ഡെബിറ്റ് കാർഡ് എന്നിവയുമായി ബന്ധപ്പെട്ട 6034 വഞ്ചനാ കേസുകൾ റിസർവ്ബാങ്ക് അറിയിച്ചിട്ടുണ്ട്.

## സൈബർ കേസുകൾക്കെതിരെ നിരന്തര പോരാട്ടം

നമ്മുടെ ഭരണഘടന പ്രകാരം പോലീസും പൊതു ക്രമസമാധാനവും സംസ്ഥാനത്തിന്റെ ഭരണപരിധിയിൽ പെട്ട വിഷയങ്ങളാണ്. ഇതിൽ സൈബർ കുറ്റകൃത്യങ്ങളും ഉൾപ്പെടുന്നു. ഇത്തരം കുറ്റവാളികളെ വിചാരണ ചെയ്യേണ്ടതും ശിക്ഷിക്കേണ്ടതും സംസ്ഥാന ഗവൺമെന്റിന്റെയും നീതിന്യായ വകുപ്പിന്റെയും ചുമതലയാണ്.

സൈബർ മേഖല അനന്ത വിശാലവും സീമാതീതവുമാണ്. ആർക്കു വേണമെങ്കിലും ഏതു പേരിൽ വേണമെങ്കിലും ലോകത്തിന്റെ ഏതു ഭാഗത്തും വ്യാജപേരിൽ പോലും ഒ





രു ഇ- മെയിൽ അക്കൗണ്ട് തുറക്കാം. ഇത്തരത്തിൽ ഇ-മെയിൽ അഡ്രസ് ഉള്ള ഏതൊരാൾക്കും സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളിൽ അനായാസേന കടന്നു ചെല്ലാം. ഒരു തരത്തിലുമുള്ള നിയന്ത്രണമോ, പരിശോധനകളോ അതിന് ഇല്ല. ഇതാണ് കുറ്റകൃത്യങ്ങൾ നടത്താൻ സഹായകമായി നില്ക്കുന്ന ഘടകം.പ്രധാന നെറ്റ് വർക്കിങ് സൈറ്റുകളും അവയുടെ സെർവറുകളും വിദേശങ്ങളിലാണ് പ്രവർത്തിക്കുന്നത്. നിയമ പാലകർ 2013 നവംബർ വരെ ഇന്ത്യൻ കമ്പ്യൂട്ടർ റെസ്പോൺസ് ടീമിന് വിവിധ നെറ്റ് വർക്കുകളിൽ വ്യാജമായി പ്രവർത്തിക്കുന്ന 34537 അക്കൗണ്ടുകൾ റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. ഇന്ത്യൻ കമ്പ്യൂട്ടർ റെസ്പോൺസ് ടീമാകട്ടെ, ഈ വെബ്സൈറ്റ് അധികൃതർക്ക് ഇത്രയും അക്കൗണ്ടുകൾ വ്യാജമായതിനാൽ മരവിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് നിർദ്ദേശം നല്കുകയും ഇന്ത്യയിൽ പ്രവർത്തിക്കുന്ന സൈറ്റുകൾ ഇവ ഒട്ടു മുക്കാലും മരവിപ്പിക്കുകയും ചെയ്തു. എന്നാൽ വിദേശത്ത് ഓഫീസ് പ്രവർത്തിക്കുന്ന സൈറ്റുകളിൽ നിന്ന് വിവരങ്ങൾ ലഭിക്കുന്നതിൽ വലിയ പുരോഗതിയില്ല.

## വ്യജന്മാരെ നിയന്ത്രിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നടപടികൾ

വ്യാജ സോഷ്യൽ നെറ്റ് വർക്കുകളും മാട്രിമോണിയൽ സൈറ്റുകളും നിയന്ത്രിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് വിവിധ മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത്.

ഇൻഫർമേഷൻ ടെക്നോളജി നിയമം 2011. സോഷ്യൽ നെറ്റ് വർക്കുകളുടെയും സൈറ്റുകളുടെയും പ്രവർത്തനങ്ങൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ യഥാസമയം അധികൃതരെ അറിയിക്കണം എന്ന് ഈ നിയമം അനുശാസിക്കുന്നു. പ്രത്യേകിച്ച്, പ്രായപൂർത്തിയാകാത്ത കുട്ടികളെ ബാധിക്കുന്നതും നിയമാനുസൃതമല്ലാത്തതുമായവ യാതൊന്നും സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്താൻ പാടില്ല. എല്ലാ സൈറ്റുകളും പരാതി പരിഹാര സെൽ രൂപീകരിക്കേണ്ടതാകുന്നു.


സ്പർദ്ധ ജനിപ്പിക്കുന്നതോ തീവ്രവാദം പ്രചരിപ്പിക്കുന്നതോ ആയ ഉള്ളടക്കങ്ങൾ സൈറ്റുകളിൽ പ്രസിദ്ധീകരിക്കാൻ പാടില്ല. ഇതുസംബന്ധിച്ച് ഗവൺമെന്റ് 2012 ഓഗസ്റ്റ് 17 ന് നിർദ്ദേശം നല്കിയിട്ടുള്ളതാകുന്നു.

ഉപഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിന് ഗവൺമെന്റ് ഇടയ്ക്കിടെ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

ഉള്ളടക്കം ഫലപ്രദമായും കാര്യക്ഷമമായും ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് സോഷ്യൽ നെറ്റ് വർക്കിംങ് സൈറ്റുകൾ പ്രവർത്തിപ്പിക്കുന്നവരുമായി ഗവൺമെന്റ് നിരന്തര ബന്ധത്തിലാണ്.

## സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ പോരാട്ടം ശക്തമാക്കുന്നു

ഏതുതരം കുറ്റകൃത്യങ്ങൾക്കെതിരെയുള്ള പോരാട്ടത്തിനും പ്രതിജ്ഞാബദ്ധരും കരുത്തരും കാര്യപ്രാപ്തിയുള്ളവരും നല്ല പരിശീലനം സിദ്ധിച്ചവരുമായ സേന വേണം. സൈബർ കുറ്റകൃത്യങ്ങളുടെ കാര്യവും ഇതിൽ നിന്നു വ്യത്യസ്തമല്ല. സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നവരെ പരിശീലിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് വളരെ ശക്തമായ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.



എല്ലാ സംസ്ഥാനങ്ങളും സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനുമായി പ്രത്യേക സാങ്കേതിക ശേഷിയും മനുഷ്യവിഭവശേഷിയും സമാഹരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നല്കിയിട്ടുണ്ട്.

ഇന്ത്യൻ പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം എല്ലാ

സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ആൻഡ് ഫൊറിൻസിക് ട്രെയിനിങ് സൗകര്യങ്ങളും സ്ഥാപിക്കുന്നതിന് സഹായം നല്കുന്നു. ഇത്തരത്തിലുള്ള ഒരു നാഷണൽ സെന്റർ ഫോർ എക്സലൻസും സ്ഥാപിക്കുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇവിടെ ഇതു സംബന്ധിച്ച ഗവേഷണങ്ങളും ഫൊറിൻസിക് പരിശീലനവും നല്കും.

സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിനും കോടതികളിൽ അവ ഹാജരാക്കി പരിശോധിക്കുന്നതിനുമുള്ള ആധുനിക സാങ്കേതിക സംവിധാനം വികസിപ്പിച്ചു വരികയാണ്.

ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റസ്പോൺസ് ടീമും, സെന്റർ ഫോർ അഡ്വാൻസ്ഡ് കമ്പ്യൂട്ടിംങ്ങും സൈബർ കേസുകളും അവയുടെ തെളിവുകളും എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നിയമ പാലകർക്കും ഫൊറിൻസിക്, കോടതി ഉദ്യോഗസ്ഥർക്കും പ്രാഥമിക പരിശീലനം നല്കി വരുന്നു.

സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ(സിബിഐ) ട്രെയിനിംങ് അക്കാദമിയോടു ചേർന്ന് സൈബർ ഫൊറിൻസിക് ട്രെയിനിംങ് ലാബ് സ്ഥാപിച്ചു കഴിഞ്ഞു. ഇതു കൂടാതെ കേരളം, ആസാം, മിസോറാം, നാഗാലാൻഡ്, അരുണാചൽ പ്രദേശ്, ത്രിപുര, മേഘാലയ, മണിപ്പൂർ, ജമ്മു കാഷ്മീർ എന്നീ സംസ്ഥാനങ്ങളിലും സൈബർ ഫൊറിൻസിക് ട്രെയിനിങ് ആൻഡ് ഇൻവെസ്റ്റിഗേഷൻ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഡേറ്റാ സെക്യൂരിറ്റി കൗൺസിലിന്റെ സഹകരണത്തോടെ, മുബൈ, ബംഗളൂരു, പൂന, കൊൽക്കത്ത എന്നിവിടങ്ങളിലും സൈബർ ഫൊറിൻസിക് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ബാംഗളൂരിലെ നാഷണൽ ലോ സ്കൂൾ, ഹൈദരാബാദിലെ നാഷണൽ ലോ യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങൾ കോടതി ഉദ്യോഗസ്ഥർക്കായി സൈബർ നിയമങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെ സംബന്ധിച്ച നിരവധി ശില്പശാലകളും സെമിനാറുകളും സംഘടിപ്പിച്ചു വരുന്നു.

## പോരാട്ടത്തിന് വേണ്ടത്ര പണം

സൈബർ കുറ്റകൃത്യങ്ങൾ തടയാനുള്ള പോരാട്ടത്തിന് ആവശ്യമായ പണം ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, വാർത്താവിനിമയ വിവര സാങ്കേതിക മന്ത്രാലയം എന്നിവയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനായി 2074.45 ലക്ഷം രൂപയാണ് ഇതിനുള്ള ബജറ്റ് വിഹിതം. പദ്ധതികൾ നടപ്പാക്കുന്നതിനും പരിശീലനത്തിനും വികസനത്തിനുമുള്ള ഫണ്ടാണിത്.

സൈബർ സുരക്ഷ, സംരക്ഷണം, ജാഗ്രത, സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ, സൈബർ ഫൊറിൻസിക്സ് തുടങ്ങിയ സുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നതിനായി പന്ത്രണ്ടാം പദ്ധതിയിൽ (2012-17)500 കോടി രൂപയാണ് കേന്ദ്രം വകയിരുത്തിയിരിക്കുന്നത്.

*പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ,*
*തിരുവനന്തപുരം*





**Find suitable life partner through *Vow of Trust***

Vow of trust will help you to find a suitable life partner at a low expense. Spend only ₹ 200 for your advertisement. It's a hassle free matrimonial vista.

You'll get a brochure of suitable Bride / Groom profile. You can easily contact the party directly to get the details, and be convinced of the party before making alliance. Vow of trust matrimonial service is available for all religious groups.

**വൗ ഓഫ് ട്രസ്റ്റ് വഴി ജീവിത പങ്കാളിയെ കണ്ടെത്തൂ..**

ഏറ്റവും കുറഞ്ഞ ചിലവിൽ ജീവിത പങ്കാളിയെ കണ്ടെത്താൻ വൗ ഓഫ് ട്രസ്റ്റ് നിങ്ങളെ സഹായിക്കുന്നു. നിങ്ങളുടെ ഒരു പരസ്യത്തിന് വെറും 200 രൂപ മാത്രം. അനുയോജ്യരായ വധു - വരന്മാരുടെ വിശദാംശങ്ങൾ അടങ്ങിയ ബുക്ക് നിങ്ങൾക്ക് സൗജന്യമായി നൽകുന്നു.

ബ്രോക്കർമാരില്ലാതെ പാർട്ടിയുമായി നേരിട്ടു ബന്ധപ്പെടുവാൻ സാധിക്കുന്നു. ജാതി - മത ഭേദമെന്യേ എല്ലാ വിഭാഗക്കാർക്കും വൗ ഓഫ് ട്രസ്റ്റ് സേവനം നൽകുന്നതാണ്.

വിവരങ്ങൾ നേരിട്ട് ബോദ്ധ്യപ്പെട്ട ശേഷം വിവാഹബന്ധത്തിലേർപ്പെടുക.




കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

***Vow of Trust***

Mulayara, Thingalkarikom P.O., Kulathupuzha-691310, Kerala.

**Mob : 9400576842, 9447736842, 9447325461. Email : vowoftrust@gmail.com**

# യോഗ ശാസ്ത്രവും ആരോഗ്യവും


ഹരിദാസൻ മൂളിയിൽ

ശാരീരികവും മാനസീകവുമായ ആരോഗ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. മാറാവ്യാധികൾ മാനവരാശിയുടെ ശാന്തിയും സമാധാനവും ഇല്ലാതാക്കുന്നു. അമിത ഉത്ക്കണ്ഠയും, മാനസീക പിരിമുറുക്കവും നമ്മുടെ സ്വസ്തത ഇല്ലാതാകുന്നു. ഇതിന്റെയൊക്കെ ഫലമായി സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികൾ നമ്മെ കൊള്ളയടിക്കുകയാണ്.

കേരളത്തിൽ 40 ലക്ഷം പ്രമേഹരോഗികൾ ഉണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. ഇതിന്ന് പുറമെ 25 ലക്ഷം പേർ പ്രമേഹരോഗത്തിന്ന് അടുത്ത് എത്തിയിരിക്കുന്നു. പ്രമേഹ രോഗികൾ 70% പേർക്ക് രക്താധിമർദ്ദവും 60% പേർക്ക് കൊളസ്ട്രോളും ഉള്ളതായി പഠനങ്ങൾ തെളിയിക്കുന്നു. രാജ്യത്ത് ഹൃദ്രോഗത്തിന്റെ പ്രബലത ഏറ്റവും കൂടുതൽ കേരളത്തിൽ. പ്രമേഹം ഒരു ചുഴലിയാണ്. അകപ്പെട്ടാൽ കരകയറാൻ പ്രയാസമാണ്. ആൻജിയോപ്ലാസ്റ്റി, ബൈപാസ്, ഡയാലിസിസ് എന്നിവ ഏറ്റവും കൂടുതൽ പ്രമോഹ രോഗികളിലാണ്. പ്രമേഹ രോഗികൾക്ക് 10 വർഷം കൊണ്ട് ലൈംഗീക ശേഷി നഷ്ടമാകുന്നു.

സാധാരണയായി രണ്ട് തരം പ്രമേഹങ്ങളാണ് കണ്ടുവരുന്നത് (1) ഇൻസുലിൻ ഡിപ്പന്റന്റ് ഡയബറ്റിക്സ് മെലിറ്റസ് അഥവാ ജുവനയിൽ ഓൺസെറ്റ് ഡയബറ്റിക്സ് എന്നും പറയുന്നു. രോഗികളുടെ ശരീരത്തിൽ ഇൻസുലിൻ ഉല്പാദനം കുറയുന്നതിനാൽ ഗ്ലൂക്കോസിന്റെ അളവ് അനിയന്ത്രിതമാകുന്നു. ശൈശവത്തിലും യൗവനത്തിലും കണ്ടുവരുന്ന ഈ രോഗികളിൽ ജീവൻ നിലനിർത്താൻ ഇൻസുലിൻ ചികിത്സ ആവശ്യമാണ്. ടൈപ്പ് 1 പ്രമേഹം കൂടുതൽ കാണുന്നത് കുട്ടികളിലാണ്. ഇത് തടയാൻ മാർഗ്ഗങ്ങളില്ല. മാതാപിതാക്കളിൽ ഒരാൾക്ക് പ്രമേഹമുണ്ടെങ്കിൽ കുട്ടികൾക്ക് വരാൻ 30% സാധ്യതയുണ്ട്. രണ്ട്പേർക്കും ഉണ്ടെങ്കിൽ 60% മുതൽ 80% വരെ സാധ്യതയുണ്ട്.

ടൈപ്പ് 2 പ്രമേഹം ജീവിത ശൈലി രോഗമാണ്. ജോലി സ്ഥലത്തുണ്ടാകുന്ന നിരന്തരമായ സംഘർഷം, അമിത ഭക്ഷണം, വ്യായാമക്കുറവ്, പുകവലി, മദ്യപാനം, ഫാസ്റ്റ് ഫുഡ്, കോള, ടിൻഫുഡ്, ബേക്കറി സാധനങ്ങൾ എന്നിവ ഇതിന്ന് കാരണമാകുന്നു. നമ്മൾ കഴിക്കുന്നത് എന്തോ അതാണ് നമ്മുടെ ഹൃദയം എന്ന് മനസ്സിലാക്കുക. ഭക്ഷണം ശരീരത്തിന്ന് ഭാരമാകരുത്. ചെറിയ അളവിൽ പലപ്പോഴായി ഭക്ഷണം കഴിക്കുന്ന ശീലമാണ് നല്ലത്. ആഹാരധികാര്യങ്ങളിൽ ശ്രദ്ധിച്ചാൽ പാരമ്പര്യമുണ്ടെങ്കി



ലും പ്രമോഹം ഒഴിവാക്കാം. ആവശ്യത്തിലേറെ വിശ്രമമെടുത്ത് മടിപിടിച്ചിരിക്കുന്നവരെ പ്രമേഹം പിടികൂടുമെന്ന് സുശ്രുതൻ ഓർമ്മിപ്പിക്കുന്നു.

### പ്രമേഹം എന്ത്? എങ്ങിനെ


നമ്മുടെ ദഹന വ്യവസ്ഥയിലെ ഒരു പ്രധാന അവയവമാണ് പാൻക്രിയാസ് (ആഗ്നേയ ഗ്രന്ഥി). ഈ ഗ്രന്ഥി രക്തത്തിലേക്ക് നേരിട്ട് കലർന്ന സ്രവമാണ് ഇൻസുലിൻ. ഇൻസുലിന്റെ പ്രധാന ധർമ്മം രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറച്ചുകൊണ്ട് വരിക എന്നതാണ്. രക്തത്തിലെ മധുരാംശം വലിച്ചെടുത്ത് ആവശ്യം വരുമ്പോൾ ഉപയോഗിക്കുന്നതിന് സൂക്ഷിച്ചുവെക്കുക എന്നതാണ് ഇൻസുലിന്റെ ധർമ്മം. ഇൻസുലിൻ ഇല്ലാതെ വരുമ്പോൾ ഇത് നടക്കില്ല. എന്നാൽ ഈ മധുരാംശത്തെ വലിച്ചെടുക്കാൻ വൃക്കകൾ ശ്രമിക്കുകയും മധുരാംശം മൂത്രത്തിലൂടെ നഷ്ടപ്പെടുകയും ചെയ്യുന്നു. അങ്ങിനെ ദൈനംദിന ആവശ്യങ്ങൾ ക്കുള്ള ഊർജ്ജം ഒരുക്കിവെക്കാനാകാതെ ശരീരം ക്ഷീണിക്കുന്നു. ഇത് പല രോഗങ്ങൾക്കും കാരണമാകുന്നു.

ഭൂരിഭാഗം പഞ്ചായത്ത് ജീവനക്കാരും അമിത ജോലിഭാരത്താൽ ഏറിയ മാനസീക പിരിമുറുക്കവും, അതുപോലെ അമിത ഭക്ഷണവും, വ്യായാമക്കുറവും കാരണം മേൽപറഞ്ഞ രോഗങ്ങൾക്ക് അടിമപ്പെടുന്ന ഒരു സ്ഥിതി വിശേഷം കഴിഞ്ഞ കുറേ വർഷങ്ങളായി കണ്ടുവരുന്നുണ്ട്. ഏതൊരു നൂതന ഔഷധത്തേയും വെല്ലുന്ന ദിവ്യൗഷധമാണ് വ്യായാമം എന്ന് തിരിച്ചറിവാണ് ഇതിന്ന് പരിഹാരമായി പറയാനുള്ളത്.

ഇവിടെയാണ് യോഗശാസ്ത്രത്തിന്റെ പ്രസക്തി ഉയർത്തിക്കാട്ടേണ്ടത്. യോഗ ഒരു ശാസ്ത്രമാണ്. ഉത്തമ ആരോഗ്യം നിലനിർത്താനും, മനസ്സിനെ ഏകാഗ്രതയിൽ കൊണ്ടുവരുവാനും, ശരീരാന്തർഭാഗത്തുള്ള മാലിന്യങ്ങളെ നീക്കം ചെയ്ത് രോഗ ശാന്തി നേടാനുമുള്ള ഒരുപാധിയാണ് യോഗാസനം. ജീവനക്കാർക്ക് യോഗാപരിശീലനം നൽകുന്നതിലൂടെ ഇവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്നും, പൊതുജനങ്ങളോടുള്ള സമീപന രീതിയിൽ കാതലായ മാറ്റം വരുത്തുന്നതിന്നും ഓഫീസുകളിൽ സുഖകരമായ ഒരന്തരീക്ഷം ഉണ്ടാക്കിതീർക്കുന്നതിനും ഇത് സഹായകരമാണ്. യോഗ, സൂര്യനമസ്കാരം പ്രാണായാമം എന്നിവയുടെ പരിശീലനം മുഴുവൻ ജീവനക്കാർക്കും നൽകുന്നതിലൂടെ അവരുടെ ശാരീരിക, മാനസീക ആരോഗ്യം വർദ്ധിപ്പിച്ച് ജീവിത ശൈലി രോഗങ്ങളിൽ നിന്നുള്ള മോചനവും സാധ്യമാണ്. മുഴുവൻ ജിവനക്കാർക്കും യോഗ പരിശീലനം നൽകുന്നതിനുള്ള വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഏറെ ഗുണകരമാമയിരിക്കും.

പധാനപ്പെട്ട ആസനങ്ങളും അവ ചെയ്യുന്നതുകൊണ്ടുള്ള ഗുണങ്ങളും:


### സർവ്വാംഗാസനം:



ശരീരത്തിലെ അന്തസ്രാവ ഗ്രന്ഥികളിൽ പ്രധാനിയായ തൈറോഡിഡ് ഗ്രന്ഥിയുടെ പ്രവർത്തനത്തെ ഈ ആസനം നിയന്ത്രിക്കുന്നു. ഈ ഗ്രന്ഥി ഉല്പാദിപ്പിക്കപ്പെടുന്ന, സ്രവങ്ങളായ തൈറോക്സിൻ, കാൽസിടോണിൻ എന്നിവയുടെ ഉല്പാദനം നിയന്ത്രിക്കപ്പെടുന്നതിലൂടെ ഹൈപ്പോ തൈറോയിഡിസം, ഹൈപ്പർ തൈറോഡിസം എന്നീ രോഗങ്ങളെ നിയന്ത്രിക്കാവുന്നതാണ്. ആർത്തവ സംബന്ധമായ പ്രശ്നങ്ങൾ, മലബന്ധം, വെരിക്കോസ്‌വെയിൻ, പൈൽസ്, ഹെർണിയ എന്നിവക്കും ഈ ആസനം ഉത്തമമാണ്. വാർദ്ധക്യ സഹജമായ ലക്ഷണങ്ങൾ ഒഴിവാക്കി യുവത്വം നിലനിർത്താൻ സഹായിക്കുന്നു. ആരോഗ്യമുള്ള തൈറോയിഡ് ഗ്രന്ഥി എന്നാൽ ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളും ആരോഗ്യപൂർണ്ണം എന്ന് അർത്ഥമാകുന്നു. മനസ്സിന്റെ ഏകാഗ്രതക്കും, ഓർമ്മശക്തി വർദ്ധിപ്പിക്കുന്നതിന്നും ഈ ആസനം സഹായകരമാണ്.

എന്നാൽ ഉയർന്ന രക്ത സമ്മർദ്ദമുള്ളവർ, സെർവിക്കൻ, ലംബാർ സ്പോണ്ടിലോസിസ്, സാരമായ ഹൃദ്രോഗമുള്ളവർ, ചെവി സംബന്ധമായ അസുഖമുള്ളവർ, മൂക്കിൽ നിന്നും രക്തസ്രാവമുള്ളവർ, 15 വയസ്സിൽ താഴെ പ്രായമുള്ളവർ ഈ ആസനം ചെയ്യാതിരിക്കുക.

### ഹലാസം – (Plough Posture)




ഈ ആസനം ശീലിക്കുന്നതിലൂടെ ശരീരത്തിന്റെ പിറകിലെ മസിലുകൾ ബലപ്പെടുകയും നട്ടെല്ലിന്റെ ആരോഗ്യം സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. മുതുക് വേദന, പേശിവേദന, നാടീ ഞരമ്പുകൾക്കുണ്ടാകുന്ന വേദന, കഴുത്തിലെ ഉളുക്ക് എന്നിവയ്ക്കും പൊണ്ണത്തടി, മലബന്ധം, കരൾ, പ്ലീഹ എന്നിവയുടെ തകരാറുകൾ പരിഹരിക്കുന്നതിന്നും സഹായകരമാണ്.

എന്നാൽ ഹെർണിയ ഡിസ്ക് തെറ്റിയവർ, ഉയർന്ന രക്ത സമ്മർദ്ദമുള്ളവർ, സെർവിക്കൻ സ്പോണ്ടിലോസിസ് എന്നിവ ഉള്ളവർ ഈ ആസനം ചെയ്യുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

### മത്സ്യാസനം (Fish Posture)


തൈറോയിഡിന്റെ പ്രവർത്തനം സുഖമമാകുന്നു. കഴുത്തിലെ മസിലു



കൾ ബലപ്പെടുന്നു. ശ്വാസകോശങ്ങൾ ബലപ്പെട്ട് ശ്വാസം സുഖമമാക്കുന്നു. ഇടുപ്പെല്ലിനെ കൂടുതൽ സുഖമമാക്കുന്നു. അസ്തമക്ക് ഗുണകരമാണ്. ആർത്തവ സംബന്ധമായ പ്രയാസങ്ങൾക്ക് പരിഹാരമാകുന്നു. കണ്ണിലെ സൂക്ഷ്മ ധമനികളിലൂടെ നല്ല രക്ത പ്രവാഹം സംഭവിക്കുന്നതിനാൽ നേത്ര സംബന്ധമായ അസുഖങ്ങൾക്ക് പരിഹാരമാവുകയും കാഴ്ചാശക്തി വർദ്ധിക്കുകയും ചെയ്യും. മത്സ്യങ്ങൾക്ക് ദൂരകാഴ്ചലഭിക്കുന്നതുപോലെ ഈ ആസനം ചെയ്താൽ കാഴ്ച ശക്തി വർദ്ധിക്കും എന്നത് കൊണ്ടാണ് ഇതിന്ന് മത്സ്യാസനം എന്ന് പേരിട്ടിരിക്കുന്നത്. ശബ്ദമാധുര്യത്തിനും ഈ ആസനം ഗുണകരമാണ്.

ഹൃദയ സംബന്ധമായ അസുഖമുള്ളവർ ഹെർണിയ, ഡിസ്ക് പ്രോബ്ലം, ഗർഭിണികൾ എന്നിവർ ഈ ആസനം ചെയ്യരുത്.


### ശലഭാസനം (Locust Posture)



അടിവയറ്റിൽ വികസനവും സങ്കോചനവും നൽകുന്നതിനാൽ നല്ല മലശോധന ലഭിക്കുന്നു. ഉദര ഭാഗത്തെ മസിലുകൾ ബലപ്പെടുന്നു. കരൾ, കിഡ്നി, ആഗ്നേയഗ്രന്ഥി എന്നിവയുടെ പ്രവർത്തനം സുഖമമാക്കുന്നു. നട്ടെല്ലിന്റെ താഴെ ഭാഗത്ത് കൂടുതൽ രക്ത സഞ്ചാരം സാധ്യമാകുന്നതിനാൽ നട്ടെല്ലിന്റെ ആരോഗ്യം വർദ്ധിക്കുന്നു. ശരീരത്തിലെ അമിത കൊഴിപ്പിനെ ഇല്ലാതാക്കി ശരീര സൗന്ദര്യം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. ശ്വാസകോശം ബലപ്പെടുന്നതിനും സ്ത്രികൾക്ക് അംഗലാവണ്യത്തിന്നും ഫലപ്രദമാണ്.


കൂടിയ ഹൃദ്രോഗം, ഉയർന്ന രക്ത സമ്മർദ്ദം, ഹെർണിയ എന്നിവ ഉള്ളവർ ശ്രദ്ധിക്കണം.

### ഭുജംഗാസനം (Cobra Posture)



സ്ത്രീകൾക്ക് വളരെ ഉത്തമമായ ഒരാസനമാണിത്. ഗർഭാശയത്തേയും അണ്ഡാശയത്തേയും ബലപ്പെടുത്തുന്നതിലൂടെ സുഖപ്രസവം സാധ്യമാക്കുന്നു. നട്ടെല്ലിന്റെ ഇലാസ്തികത വർദ്ധിപ്പിച്ച് ആരോഗ്യപൂർണ്ണമാക്കുന്നു. ആർത്തവ സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരമാണ്. ആന്തരീകാവയവങ്ങൾ കൂടുതൽ പ്രവർത്തനോൽസുകമാക്കുന്നു. നടുവേദന, മലബന്ധം എന്നിവയ്ക്ക് ശമനമുണ്ടകുന്നു. ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നു. പെപ്റ്റിക്ക് അൾസർ, ഹെർണിയ, ഹൈപ്പർ തൈറോയിഡിസം എന്നിവ ഉള്ളവർ ശ്രദ്ധിക്കുക.


### ധനുരാസനം (Bow Posture)



സ്ത്രീകൾക്ക് വളരെ ഉത്തമമായ ഒരാസനമാണിത്. ശലഭാസനവും ഭുജംഗാസനവും ചെയ്താൽ ലഭിക്കുന്ന ഗുണം ധനുരാസനം ചെയ്താൽ ലഭിക്കും. അമിത കൊഴിപ്പിനെ ഇല്ലാതാക്കാൻ സഹായിക്കുന്നു. ദഹനം വർദ്ധിപ്പിച്ച് വിശപ്പില്ലായ്മ പരിഹരിക്കുന്നു. വാതം ഉദരസംബന്ധമായ അസുഖങ്ങൾ എന്നിവയ്ക്ക് ഗുണകരമാണ്.


കൂടിയ ഹൃദ്രോഗമുള്ളവർ, രക്താധിമർദ്ദം, ഹെർണിയ, പെപ്റ്റിക്ക്, അൾസർ എന്നിവക്കുള്ള ഡിയോഡിനൽ അൾസർ എന്നിവയുള്ളവർ ശ്രദ്ധിക്കുക.

### ശവാസനം (Corpse Posture )



മനസ്സിനും ശരീരത്തിനും നല്ല വിശ്രമം നൽകുന്ന ഒരു ആസനമാണിത്. അമിത ടെൻഷൻ, ബി.പി. ഹൃദ്രോഗം എന്നിവയുള്ളവർക്കും ഏറെ പ്രയോജനകരമാണ്. ഉറക്കകുറവിന്നും പരിഹാരമാകുന്നു. ആധുനിക മനശാസ്ത്രത്തിൽ ശവാസനം വിശ്രമചികിത്സക്കായി ഉപയോഗിക്കുന്നുണ്ട്. മറ്റ് ആസനങ്ങൾക്കിടയിലും, ആസനങ്ങൾക്ക് ശേഷവും പ്രത്യേകിച്ച് സൂര്യനമസ്ക്കാരംപോലുള്ള ചലനാത്മകമായ ആസനങ്ങൾക്ക് ശേഷം ഉണ്ടാകുന്ന ക്ഷീണമകറ്റി കൂടുതൽ ഊർജ്ജസ്വലമാക്കാൻ സഹായിക്കുന്നു. മനസ്സിനും ശരീരത്തിന്നും വിശ്രമം ലഭിക്കുമ്പോൾ നമ്മുടെ ബോധമണ്ഡലം കൂടുതൽ ഊർജ്ജസ്വലമാകുന്നു.

### ചക്രാസനം (Wheel Posture)



ശരീരത്തിന്റെ എല്ലാ ഭാഗത്തിന്നും ഗുണം ലഭിക്കുന്ന ഒരാസനമാണിത്, ശലഭാസനം, ഭുജംഗാസനം, ധനുരാസനം എന്നീ ആസനങ്ങൾ ചെയ്താൽ ലഭിക്കുന്ന ഗുണങ്ങൾ ചക്രാസനം ചെയ്താൽ ലഭിക്കുന്നു. നട്ടെല്ലിന്ന് ഏറെ ഗുണകരമായ ഒരാസനമാണിത്. മുഖത്ത് കൂടുതൽ രക്ത പ്രവാഹം ലഭിക്കുന്നു. ഇടുപ്പെല്ലുകളും, കൈക്കുഴകളും ബലപ്പെടുന്നു.

പലവിധ രോഗങ്ങൾ ഉള്ളവർ, റിസ്റ്റിന്ന് തകരാറുള്ളവർ, ഗർഭിണികൾ തുടങ്ങിയവർ ഈ ആസനം ചെയ്യരുത്. ◆

പേജ് 19-ൽ നിന്ന് തുടർച്ച

അയൽസഭ കുടുംബങ്ങളെ അറിയിക്കുക, വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തവും സന്നദ്ധ പ്രവർത്തനവും ഉറപ്പാക്കുക.

c. അയൽസഭ കുടുംബങ്ങളിലെ മുഴുവൻ അംഗങ്ങളേയും ഗ്രാമസഭയിൽ പങ്കെടുപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

d. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക. വികസന പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവസമാഹരണത്തിന് സഹായിക്കുക.

e. കുടുംബ, വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകളിൽ അർഹരായ ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് സഹായിക്കുക.

f. പ്രദേശത്തെ വികസന പരിപാടികളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടേയും മോണിറ്ററിംഗ് നടത്തുക, വാർഡ് പ്രദേശത്തേയും കുടുംബങ്ങളേയും സംബന്ധിച്ചുള്ള സർവ്വേ, വിവരശേഖരണം എന്നിവ നടത്തുക.

g. പൊതു ആസ്തികൾ സംരക്ഷിക്കുക, സാമൂഹ്യതിന്മകൾക്കെതിരെ പ്രചാരണം സംഘടിപ്പിക്കുക.

h. അയൽസഭ പ്രദേശത്തെ ശുചിത്വ പാലന പ്രവർത്തനങ്ങളെക്കുറിച്ച് കുടുംബങ്ങളെ ബോധവാന്മാരാക്കി ശുചിത്വപാലനം ഉറപ്പാക്കുക, ജലസ്രോതസ്സുകൾ മലിനമാകാതെ സൂക്ഷിക്കാൻ ജനങ്ങളെ ബോധവത്കരിക്കുക.

i. അയൽസഭയുടെ മോണിറ്ററിംഗ് റിപ്പോർട്ട്. വാർഷിക റിപ്പോർട്ട്, സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് എന്നിവ തയ്യാറാക്കി ഗ്രാമസഭ/വാർഡ്സഭയിൽ അവതരിപ്പിക്കുക.

j. വാർഡ് പ്രദേശത്ത് നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ, വയൽ-തണ്ണീർത്തടങ്ങൾ നികത്തൽ, കുന്നുകൾ ഇടിച്ചുനിരപ്പാക്കൽ, അനധികൃത ഖനനം മലിനീകരണം, പരിസ്ഥിതി ആഘാത പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടുകൾക്കും വയോജനങ്ങൾക്കും ഭിന്നശേഷിയുള്ളവർക്കും എതിരെയുള്ള അതിക്രമങ്ങൾ എന്നിവ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക, അവ തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

### 6.2.2 അയൽസഭ യോഗനടപടിക്രമങ്ങൾ

1. അയൽസഭയുടെ യോഗങ്ങൾ മൂന്ന് മാസത്തിലൊരിക്കലും ഇടക്കുള്ള കാലയളവിൽ ആവശ്യാനുസരണവും പ്രദേശത്തെ സൗകര്യപ്രദമായ സ്ഥലത്ത് ചെയർമാനുമായി കൂടിയാലോചിച്ച് കൺവീനർ വിളിച്ചു കൂട്ടേണ്ടതും യോഗത്തിന്റെ അജണ്ടയും തീയതിയും സ്ഥലവും സമയവും അറിയിച്ചുകൊണ്ടുള്ള നോട്ടീസ് മൂന്ന് ദിവസമെങ്കിലും മുമ്പായി അംഗങ്ങളായ കുടുംബങ്ങൾക്ക് നൽകേണ്ടതുമാണ്. നോട്ടീസ് പൊതു നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.
2. അയൽസഭ യോഗ വിവരം വാർഡിലെ തദ്ദേശഭരണ സ്ഥാപന ജനപ്രതിനിധിയെ അറിയിച്ച് വിളിച്ചു ചേർക്കേണ്ടതാണ്.
3. യോഗത്തിൽ കൺവീനർ അധ്യക്ഷം വഹിക്കേണ്ടതും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ നിർവ്വാഹകസമിതിയിലെ തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം അധ്യക്ഷം വഹിക്കേണ്ടതുണ്ടാണ്.
4. അയൽസഭ പാസ്സാക്കുന്ന എല്ലാ പ്രമേയങ്ങളും തീരുമാനങ്ങളും മിനിട്സ് ബുക്കിൽ കൺവീനറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റൊരംഗമോ അയൽസഭ പിരിയുന്നതിന് മുമ്പായി രേഖപ്പെടുത്തേണ്ടതും അയൽസഭയിൽ വായിച്ചു കേൾപ്പിക്കേണ്ടതുമാണ്. മിനിട്ട്സ് രേഖപ്പെടുത്തിയതിനുശേഷം കൺവീനറും ഹാജരായവരിൽ നിന്ന് കുറഞ്ഞത് 10 പേരും അതിൽ ഒപ്പിടേണ്ടതാണ്.
5. അയൽസഭയുടെ കാലാവധി തദ്ദേശഭരണ സ്ഥാപന ഭരണസമിതിയുടെ കാലാവധി ആയിരിക്കും.

### 6.2.3 അയൽസഭ നിർവ്വാഹക സമിതിയുടെ ചുമതലകൾ

1. അയൽസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
2. അയൽസഭ പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുന്നതിന് അയൽസഭയെ സഹായിക്കുക.
3. പ്രദേശത്തെ വികസന പ്രവർത്തനത്തെ സംബന്ധിക്കുന്ന റിപ്പോർട്ട് തയ്യാറാക്കി അയൽസഭയിൽ അവതരിപ്പിക്കുക.
4. അയൽസഭ പ്രവർത്തനത്തിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി അയൽസഭയിൽ അവതരിപ്പിക്കുക.
5. അയൽസഭക്ക് ഒരു ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങാവുന്നതാണ്.

6.2.3.1 അയൽസഭ നിർവാഹക സമിതിയുടെ യോഗനടപടികൾ

a. മാസത്തിലൊരിക്കലെങ്കിലും അയൽസഭ നിർവ്വാഹ സമിതി യോഗം കൺവീനർ വിളിച്ചു ചേർക്കേണ്ടതാണ്. യോഗത്തിന്റെ അജണ്ട, സ്ഥലം, തീയതി, സമയം എന്നിവ രേഖപ്പെടുത്തിയ നോട്ടീസ് മൂന്നു ദിവസം മുമ്പ് അംഗങ്ങൾക്ക് നൽകേണ്ടതാണ്.

b. യോഗത്തിൽ കൺവീനറോ അദ്ദേഹത്തിന്റെ അഭാവത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗമോ അധ്യക്ഷം വഹിക്കേണ്ടതാണ്.

c. യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് മുൻകൂട്ടി ക്രമമായി പേജ് നമ്പർ രേഖപ്പെടുത്തിയ മിനിട്ട്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും അവ കൺവീനറുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണ്.

d. യോഗ തീരുമാനങ്ങൾ അംഗങ്ങളെ വായിച്ചു കേൾപ്പിക്കേണ്ടതും കൺവീനറോ കുറഞ്ഞത് 3 അംഗങ്ങളും മിനിട്ട്സിൽ ഒപ്പുവെക്കേണ്ടതുമാണ്.

e. അയൽസഭ നിർവ്വാഹസമിതിയുടെ ക്വാറം 6 ആയിരിക്കും.

f. അയൽസഭ നിർവ്വാഹസമിതിയുടെ കാലാവധി 3 വർഷമായിരിക്കും.

ടി ഷാഹുൽ ഹമീദ്



# പഞ്ചായത്ത് രാജ് പ്രവർത്തനം

## കേരളം നേട്ടങ്ങളുടെ നെറുകയിൽ

73, 74 ഭരണഘടന ഭേദഗതികൾക്ക് ശേഷം കേരളത്തിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനം വിവിധ ഘട്ടത്തിലും തലത്തിലും പരിശോധിക്കുകയും രാജ്യത്തിന് മാതൃകയായി ബഹുമതികളും പുരസ്കാരങ്ങളും നേടിയെടുക്കുകയും ഏറ്റവും ഒടുവിലായി ഇന്ത്യയിലെ 244690 പഞ്ചായത്തുകളിൽ 2.38 ദശലക്ഷം ജനപ്രതിനിധികളിൽ കേരളം ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടു. ഇന്ത്യയിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് കേരളം 2 ാം സ്ഥാനം നേടിയിരിക്കുന്നു. മഹാരാഷ്ട്ര സംസ്ഥാനത്തിനാണ് ഒന്നാം സ്ഥാനം. 2.5 കോടി രൂപ സമ്മാനത്തുകയായി കേരളത്തിന് ലഭിക്കുമ്പോൾ അഭിമാനം കൊണ്ട് ശിരസ്സ് ഉയർത്തിപിടിച്ച് കൈഉയർത്തി നേട്ടങ്ങളെ അയവിറക്കി ഇനിയും ഓടി എത്താനുള്ള ദൂരത്തെ ഓർമ്മിച്ചു ജനപ്രതിനിധികൾക്കും ഭരണാധികാരികൾക്കും അഭിമാനിക്കാം.



കേരളത്തിലെ പഞ്ചായത്ത്‌രാജ് സംവിധാനങ്ങൾ പിന്തുണ സംവിധാനങ്ങളിലെ വൈപുല്യം കൊണ്ടും, സാമ്പത്തികസ്രോതസ്സിന്റെ ലഭ്യത കൊണ്ടും സമ്പന്നമാണ്. ബഡ്ജറ്റിന്റെ 40% തുക വികേന്ദ്രീകരിക്കപ്പെട്ട എണ്ണയിട്ട യന്ത്രങ്ങൾ പോലെ സാമൂഹിക പ്രതിബന്ധത കൈമുതലാക്കി ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരും പ്രവർത്തിച്ചതിന്റെ അംഗീകാരമാണ് കേരളത്തിനു ലഭിച്ചത്. ഗ്രാമീണ ജനങ്ങളുടെ വിവിധങ്ങളായ വികസന പരിപ്രേക്ഷ്യത്തിന് പുത്തൻ ചിറകുകൾ വിരിയിച്ചപ്പോൾ അത് സമാനതകളില്ലാത്ത വികസന സാക്ഷ്യങ്ങളായി മാറി, ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന് പ്രവർത്തിക്കുവാൻ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കിണഞ്ഞ് പരിശ്രമിച്ചപ്പോൾ, പുത്തൻ മാതൃകകളും കൂട്ടായ്മകളും അടയാളപ്പെടുത്തലുകളുമായി അതു മാറി.

ഭരണഘടനാസ്ഥാപനമായ പഞ്ചായത്തുകൾ കൈ മെയ് മറന്ന് ഗ്രാമീണ ജനങ്ങൾക്ക് പുത്തൻ വാതായനങ്ങൾ തുറന്നുകൊടുത്തു. നജങ്ങളുടെ സഹകരണവും ഉദ്യോഗസ്ഥന്മാരുടെ പിന്തുണയും ജനപ്രതിനിധികളുടെ നേതൃത്വവും സംസ്ഥാന സർക്കാറിന്റെ നിർലോഭമായ ഇടപെടലുകളും ഉണ്ടായതോടു കൂടി കേരളം ഇന്ത്യക്ക് മാതൃകയായി. നിയമപരമായ അധികാരങ്ങളും യഥേഷ്ടമുള്ള ഫണ്ട് ലഭ്യതയും തീരുമാനം എടുക്കുവാനുള്ള അധികാരവും നൽകിയ





ആട് ഗ്രാമം

പ്പോൾ ജനപ്രതിനിധികൾ ഉണർന്ന് പ്രവർത്തിച്ചു. അർഹതപ്പെട്ടവരെ സുതാര്യമായി തിരഞ്ഞെടുത്ത് അവർക്ക് സഹായാനുകൂല്യങ്ങൾ നല്കി പൊതു ആസ്ഥികൾ യഥേഷ്ടം ഉണ്ടാക്കി, പൊതുജനങ്ങൾക്ക് പഞ്ചായത്തുകൾ അവരുടേതാണ് എന്ന തോന്നൽ ഉണ്ടാക്കി, ഇടക്കിടെ ചേരുന്ന ഗ്രാമസഭകൾ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ഉരകല്ലാക്കുകയും, ഉദ്യോഗസ്ഥന്മാരടക്കമുള്ളവരുടെ പ്രവർത്തനം പരിശോധിക്കുവാനുള്ള ഒരു വേദിയാക്കുകയും ചെയ്തു. ഗ്രാമസഭയിൽ അവതരിപ്പിച്ചാൽ കാര്യങ്ങൾക്ക് തീരുമാനം ഉണ്ടാക്കുമെന്ന ധാരണ ഉണ്ടായി. ആസൂത്രിത – നിർവ്വഹണ ഘട്ടങ്ങളിൽ ജനങ്ങളുടെ സജീവ സാന്നിദ്ധ്യം ഉണ്ടായി. ഇതൊന്നും മറ്റ് സംസ്ഥാനങ്ങളിൽ കേട്ടുകേൾവി പോലുമില്ലായിരുന്നു. പദ്ധതികൾ ആവിഷ്കരിക്കുവാനുള്ള വികസന സെമിനാർ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള സ്പെഷ്യൽ ഫണ്ടുകൾ, സ്റ്റാക്ക് ഹോൾഡർമാരുമായുള്ള ചർച്ചകൾ, പദ്ധതികൾ ഉണ്ടാക്കുവാനും നടപ്പിൽ വരുത്തുവാനുമുള്ള സർവ്വ സ്വാതന്ത്ര്യം, സ്ത്രീകളുടെ അഭൂതപൂർവ്വമായ പങ്കാളിത്തം, കുടുംബശ്രീ സംവിധാനത്തിന്റെ സുശക്തമായ ഇടപെടൽ ഇവയൊക്കെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തെ വിഭിന്നമാക്കി.

ഓരോ പദ്ധതി നടപ്പിലാക്കുമ്പോഴും വ്യത്യസ്ത സംവിധാനങ്ങളിൽ ഉള്ള ചർച്ചകൾ പ്രൊജക്ടുകൾ കുറ്റമറ്റതാക്കുവാനും, പ്രയാസ രഹിതമായി നടപ്പിലാക്കുവാനും സാധിച്ചു. സ്വന്തം വരുമാനവും പഞ്ചായത്തുകൾ സർക്കാർ ധനസഹായത്തോടൊപ്പം വിവിധ പദ്ധതികൾക്കായി നിർബാധം ഉപയോഗിച്ചു. ചരടുകളില്ലാത്ത ഈ ഫണ്ട് ചെലവിടൽ ഓരോ പ്രദേശത്തിനും സമ്മാനിച്ചത് വ്യത്യസ്തങ്ങളായ വികസന ഏടുകളായിരുന്നു. പഞ്ചായത്ത്‌രാജ് സംവിധാനങ്ങളും ധനകാര്യസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ഊഷ്മളമുള്ളതായിരുന്നു. നാടിന്റെ വികസന കുതിപ്പിൽ ധനകാര്യ സ്ഥാപനങ്ങളും പങ്കാളികളായി. ഇത്തരം പ്രവർത്തനത്തിന്റെ നിത്യ സ്മാരകങ്ങളായി അനേകം വ്യത്യസ്ത സ്ഥാപനങ്ങൾ ഉയർന്നു വന്നു. വിവിധ പിന്തുണ സംവിധാനങ്ങൾ, സന്നദ്ധ സംഘടനകൾ, റിട്ടയർ ചെയ്ത വ്യത്യസ്ത മേഖലയിലെ പ്രതിഭാധനർ എന്നിവരുടെ സേവനങ്ങൾ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പഞ്ചായത്തുകൾ ഉപയോഗിച്ചു ചെറിയ അംശം തുക പദ്ധതി ഗുണഭോക്താക്കൾ സ്വന്തമായി പദ്ധതി പ്രവർത്തനങ്ങൾക്ക് ചെലവിടാനുള്ള ജനങ്ങളുടെ വിശാല മനസ്കതയും ഒത്ത് ചേർന്നപ്പോൾ കേരളം സമനാതകളില്ലാത്ത സംസ്ഥാനമായി മാറി. അർഹതപ്പെട്ടവർക്ക് ആനുകൂല്യം എത്തിക്കുവാനും, വിത്യസ്തങ്ങളായ സാമൂഹിക പ്രതിബന്ധതയുള്ള പദ്ധതികൾ ചടുലതയോടെ ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ പഞ്ചായത്തുകൾക്ക് സാധിച്ചു. എല്ലാം ഒരു കണ്ണാടിപോലെ സുതാര്യമാക്കുവാൻ, വിവിധ ഓഡിറ്റുകൾ, ഡോക്യുമെന്റേഷൻ, കമ്പ്യൂട്ടറിന്റെ അനന്തസാധ്യതകൾ വ്യത്യസ്തങ്ങളായ സോഫ്റ്റ് വെയറുകൾ എല്ലാ സേവനങ്ങളും ഒരു വിരൽ തുമ്പിൽ എത്തിക്കുവാൻ പഞ്ചായത്തുകൾ കാലത്തിനൊപ്പം സഞ്ചരിച്ചു. കാർഷിക മേഖലയിലെ ഇടപെടൽ കേരളത്തെ വലിയ വിപത്തിൽ നിന്ന് ഒരു പരിധിവരെ രക്ഷപ്പെടുത്തി. റോഡുകൾ ഉണ്ടാക്കുന്ന കാര്യത്തിലും നിലവിലുള്ളത് പരിപാലിക്കുന്ന കാര്യത്തിലും പഞ്ചായത്തുകൾ മാതൃകപരമായ പ്രവർത്തനമാണ് നടത്തിയത്. തെരുവിളക്കിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. മുക്കിനും മൂലയിലും പ്രകാശപൂരിതമായി സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തിക്കുവാനും പഞ്ചായത്തുകൾ മത്സരാടിസ്ഥാനത്തിൽ പ്രവർത്തിച്ചു. കുടിവെള്ള മേഖലയിലെ പ്രവർത്തനവും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

സദ്ഭരണം, പൊതു അവബോധം, പഞ്ചായത്തുകളുടെ സർവ്വോൻമുഖമായ പുരോഗതി എന്നിവ ലക്ഷ്യമിട്ട് കേന്ദ്ര പഞ്ചായത്ത് രാജ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പദ്ധതിയാണ് രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരണ അഭിയാൻ (RGPSA) പണവും ചുമതലയും ഉദ്യോഗസ്ഥരെയും നൽകി രാജ്യത്തെ പഞ്ചായത്ത് രാജ് സംവിധാനങ്ങളെ ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതിന്റെ ഭാഗമായാണ് പഞ്ചായത്തുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തി കേരളത്തിന് അംഗീകാരം നൽകിയത്. കേന്ദ്ര ഫണ്ടുകൾ ഉപയോഗിച്ച് എങ്ങനെ ഒരു നല്ല സേവന മികവ് ഉണ്ടാക്കാൻ കഴിയും എന്ന് കേരളം തെളിയിച്ചിരിക്കുകയാണ്. കൂടാതെ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ, സമയബന്ധിതമായും കൃത്യമായും സുതാര്യമായും നൽകുവാൻ കേരളത്തിലെ പഞ്ചായത്തുകൾക്ക് സാധിക്കുന്നു. ചില മേഖലയിലെ പോരായ്മകൾ പൂർണ്ണമായും പരിഹരിക്കുവാൻ ആശ്രാന്ത പരിശ്രമവും നടത്തിവരുന്നു. പഞ്ചായത്തുകളുടെ ശക്തി വർദ്ധിപ്പിച്ച്, ഫലപ്രദമായ ഭരണം കാഴ്ചവെക്കുവാൻ കേരളത്തിലെ പഞ്ചായത്തുകൾക്ക് സാധിച്ചു. തീരുമാനങ്ങൾ ജനാധിപത്യ രീതിയിൽ എടുക്കുന്നു. ആയത് നടപ്പിലാക്കുന്നതിന് സുതാര്യമായ രീതി എന്നിവ കേരളത്തെ വേറിട്ടതാക്കുന്നു. ജില്ലാ പ്ലാനിംഗ് കമ്മറ്റികൾ എണ്ണയിട്ട യന്ത്രം പോലെ പഞ്ചായത്തുകൾക്ക് താങ്ങും തണലുമായി നിന്ന് പ്രവർത്തിക്കുന്നു. പുതുമയാർന്നതും ജനക്ഷേമപരവുമായ ഒട്ടേറെ പദ്ധതികൾ കേരളത്തിലെ പഞ്ചായത്തുകളിലൂടെ പിറന്ന് വീണിരിക്കുന്നു. ദരിദ്രം അനുഭവിക്കുന്നവർക്ക് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രത്യേക പ്ലാൻ പദ്ധതിയുടെ ഭാഗമാക്കി ഇന്ത്യയിൽ ഏറ്റവും കുറവ് ദരിദ്രർ ഉള്ള മണ്ണായി നമ്മുടെ നാടിനെ മാറ്റാൻ പഞ്ചായത്തുകൾക്ക് സാധിച്ചു.



ആകെയുള്ള ജനപ്രതിനിധികളിൽ ഇന്ത്യയിൽ 44.52% വനിത ജനപ്രതിനിധികളാകുമ്പോൾ ഇത് കേരളത്തിൽ 50% മുകളിലാണ്. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ എന്നിവയിലും വനിതാ പ്രാതിനിധ്യം 50% മുകളിലാണ്.

പഞ്ചായത്ത് രാജ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതു വഴി രാജസ്ഥാൻ, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ പല മാതൃകകളും കേരളത്തിൽ നിന്നാണ് കടമെടുത്തത്. മികച്ച ഭരണ ഓഫീസ് സംവിധാനം, കൂടുതൽ അടിസ്ഥാന സൗകര്യങ്ങളുള്ള സംസ്ഥാനം, തീരുമാനങ്ങൾ എടുക്കുവാനുള്ള കഴിവ്, കണക്കുകളുടെ അടിസ്ഥാനത്തിലുള്ള സ്ഥൂലമായ പദ്ധതി നിർവ്വഹണം, പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ഇടപെടൽ, പൊതു സേവന സൗകര്യങ്ങൾ, സാമൂഹ്യസുരക്ഷ പദ്ധതികൾ, പരിസ്ഥിതിയെ സംരക്ഷിക്കുന്ന നിലപാടുകൾ, സ്ഥായിയായ വികസനം എന്നീ പ്രവർത്തനങ്ങളിൽ കേരളത്തിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. 2010-11 ൽ 2010 കോടി, 2011-12ൽ 2750 കോടി, തുടർന്ന് ഓരോ തവണയും ക്രമാതീതമായ വർദ്ധനവ് വരുത്തി ഫണ്ട് നൽകുന്ന അപൂർവ്വ കാഴ്ചയും കേരളത്തിലാണ് നടക്കുന്നത്. ലോകബാങ്കിന്റെ സഹായത്തോടെ, അക്കൗണ്ടിംഗ് സിസ്റ്റം, കുറ്റമറ്റതാകുന്ന പ്രവർത്തനം ത്വരിതഗതിയിൽ പുരോഗതി പ്രാപിക്കുന്ന നിർത്താടിഷ്ടിത മാസ്റ്റർ പ്ലാൻ 600 പഞ്ചായത്തുകൾ ഇതിനോടകം തയ്യാറാക്കി പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുന്ന ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും കിലയുടെ നേതൃത്വത്തിലുള്ള കുറ്റമറ്റ പരിശീലനങ്ങൾ കേരളത്തിലെ 978 ഗ്രാമപഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും 14 ജില്ലാ പഞ്ചായത്തുകൾക്കും അഭിമാനിക്കാം.

നേട്ടങ്ങളുടെ ഏണിപ്പടി കയറി വിജയശ്രീലളിതരായ പഞ്ചായത്തുകളെ നമുക്ക് അഭിനന്ദിക്കാം. ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തായി തിരഞ്ഞെടുത്ത എറണാകുളം, നിലമ്പൂർ, ഇടുക്കി ബ്ലോക്ക് പഞ്ചായത്തുകൾ, പുലമന്തോൾ (മലപ്പുറം), അടാട്ട് (തൃശൂർ), ചെമ്പിലോട് (കണ്ണൂർ), തിരുവേഗപ്പുറം (പാലക്കാട്) എന്നീ ഗ്രാമ പഞ്ചായത്തുകൾക്കും പ്രത്യേക അദരവ് ലഭിച്ചു. കഴിഞ്ഞ വർഷം മൂന്നാം സ്ഥാനത്തായിരുന്ന കേരളം ഇന്ന് രണ്ടാം സ്ഥാനത്തായിരിക്കുന്നു. അടുത്ത വർഷം ഒന്നാം സ്ഥാനം കരസ്ഥമാക്കുവാനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾക്കും ചിട്ടയായ കരുതൽ നടപടിക്കും നമുക്ക് ഒന്നിച്ച് മുന്നേറാം. മാതൃക പ്രവർത്തനങ്ങൾ കൊണ്ട് പുരസ്കാരം നേടിയ തദ്ദേശഭരണ സ്ഥാപനങ്ങളെ അഭിനന്ദിക്കുന്നു. കേരളത്തിന് പുരസ്കാരം നേടിക്കൊടുക്കാൻ സഹായിച്ച എല്ലാ പഞ്ചായത്ത് രാജ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥന്മാർ മറ്റ് പ്രവർത്തകർ എന്നിവരെ അഭിനന്ദിക്കുന്നു. സുസ്മേരവദനനായി ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ: എം.കെ. മുനീറിനെ ഈ അവസരത്തിൽ നമുക്ക് അഭിനന്ദിക്കാം.



# ഗ്രാമപഞ്ചായത്ത്

സി.എം. ഷെരീഫ് & ജി.കെ. സുനിൽ

ഇന്ത്യൻ യുവത്വത്തിന്റെ തികവാർന്ന പ്രതിനിധിയായിരുന്നു രാജീവ് ഗാന്ധി. നൂതന സാങ്കേതിക വിദ്യകളും നവീനാശയങ്ങളും പ്രാവർത്തികമാക്കി ഇന്ത്യൻ യുവത്വം ഒരു നാൾ ലോകത്തിന്റെ നെറുകയിൽ ഭാരതത്തെ എത്തിക്കുമെന്ന് അദ്ദേഹം സ്വപ്നം കണ്ടു. ഒപ്പം പഞ്ചായത്ത്/ നഗരപാലികാ സംവിധാന ങ്ങളിലൂടെ ഓരോ ഗ്രാമവും നഗരവും ജനാധിപത്യ വികേന്ദ്രീകരണത്തിലൂടെ സ്വന്തം ഭാഗധേയം നിർണ്ണയിക്കുമെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. രാജീവ് ഗാന്ധിയുടെ നാമത്തിൽ സ്ഥാപിതമായതും അദ്ദേഹം രക്തസാക്ഷിത്വം വരിച്ചതുമായ തമിഴ്നാട്ടിലെ ശ്രീ പെരുംപുതൂർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡവലപ്മെന്റ് (RGDNIYD) എന്ന സ്ഥാപനത്തിലും മികച്ച പ്രവർത്തനങ്ങൾ നടത്തിയതിന് ദേശീയ അംഗീകാരം ലഭിച്ച തമിഴ്നാട്ടിലെ ചില ഗ്രാമപഞ്ചായത്തുകളിലും നടത്തിയ സന്ദർശനം ഹൃദ്യമായ ഒരു പഠനാനുഭവമായിരുന്നു.

യശശ്ശരീരനായ ശ്രീ.രാജീവ് ഗാന്ധിയുടെ ഓർമ്മക്കായി കേന്ദ്ര സർക്കാരിന്റെ മനുഷ്യവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ 1993-ൽ ഒരു പരിശീലനകേന്ദ്രമായി തുടങ്ങിയ ഈ സ്ഥാപനം ഡീംഡ് യൂണിവേഴ്സിറ്റി പദവിയിലേക്കും പിന്നീട് 2012-ൽ ദേശീയ നിലവാരത്തിലുള്ള കേന്ദ്രമായും ഉയർത്തപ്പെട്ടു. കഴിഞ്ഞ 20 വർഷമായി യുവജന വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിരവധി പഠന ഗവേഷണങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ നടത്തുവാനും സാമൂഹ്യ പ്രതിബദ്ധതയുള്ള നിരവധി വിദ്യാർത്ഥികളെ സൃഷ്ടിക്കുവാനും സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര സർക്കാരിന്റെയും യുവജന വികസനം സംബന്ധമായ നയരൂപീകരണത്തിന് മാർഗ നിർദ്ദേശങ്ങൾ നൽകുവാനും ഈ സ്ഥാപനത്തിന് കഴിഞ്ഞു. 45 ഏക്കറിൽ നൂതനമായ രൂപകൽപനയോടെയാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിരിക്കുന്നത്. ഇതിന് വിശാലമായ വരാന്തകളും തുറസ്സായ ഇടങ്ങളും ഒരുമിച്ചു കൂടിയുള്ള പ്രവർത്തനങ്ങൾക്കായി പണിതീർത്ത നിരവധി വേദികളും ഉണ്ട്. യുവത്വത്തിന്റെ ചിന്താവൈപുല്യവും, ഹൃദയവിശാലതയും കർമ്മോത്സുകതയും തെളിവാക്കുന്ന വാസ്തു ശാസ്ത്രമാണ് ഇതിന്റെ പിന്നിലെന്ന് പഞ്ചായത്ത് രാജ് ഇൻവോൾമെന്റ് ഇൻ യൂത്ത് അഫയേഴ്സ് (PRIYA) വിഭാഗത്തിന്റെ തലവൻ ഡോ.ഗീരിശൻ വിശദീകരിച്ചു. പുതിയ പഠന രീതികളും സാമൂഹ്യ ഇടപെടലുകളിലൂടെയുള്ള വിജ്ഞാന സമ്പാദനവും യുവാക്കളിൽ നേതൃശേഷിയും ഗവേഷണ തൽപരതയും ഉണർത്താൻ തികച്ചും പര്യാപ്തവുമാണ്.

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തിനുള്ള പ്രത്യേകതയും വിവരസാങ്കേതിക വിദ്യയുടെ പിന്തുണയോടെ നടത്തുന്ന പദ്ധതി നിർവഹണ പ്രക്രിയയുമെല്ലാം സന്ദർശനവേളയിൽ ചർച്ച ചെയ്യപ്പെട്ടു. നമ്മുടെ പഞ്ചായത്തുകളും തമിഴ്നാട്ടിലെ ഗ്രാമങ്ങളും തികച്ചും വ്യത്യസ്തമാണ്. താഴേത്തട്ടിലേക്ക് അധികാരവികേന്ദ്രീകരണം കേരളത്തെപ്പോലെ പ്രാവർത്തികമാക്കിയിട്ടില്ല. സർക്കാർ ഗ്രാന്റ് പരിമിതമാണ്. ദൈനംദിന പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥ ഇടപെടലുകളിൽ നിന്നും മുക്തമല്ല. മിക്ക കാര്യങ്ങളിലും ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെയും, കളക്ടറുടെയും വിവേചനാധികാരം പ്രസിഡന്റിന്റെ പ്രവർത്തന സ്വാതന്ത്ര്യം കു



റയ്ക്കുന്നതായി തോന്നി. ഈ അവസ്ഥയിലും പൗരസേവന രംഗത്ത് ഈ ചെറിയ ഗ്രാമപഞ്ചായത്തുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാനാവുന്നു എന്നത് അത്ഭുതമാണ്.

മുടിച്ചൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദാമോദരൻ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കിടയിൽ നിന്നും സമയം കണ്ടെത്തി കൂടിക്കാഴ്ചക്കായി എത്തിയിരുന്നു. സ്വന്തം പഞ്ചായത്തിന്റെ പദ്ധതികളെക്കുറിച്ചും അതിന്റെ മേന്മകളെക്കുറിച്ചും തികഞ്ഞ അഭിമാനത്തോടെയും വ്യക്തതയോടെയും അദ്ദേഹം സംസാരിച്ചു. പഞ്ചായത്തിലെ ഉദ്യാനസമാനമായ ഒരു കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന മാലിന്യസംസ്കരണ പ്ലാന്റും, മിനറൽ വാട്ടർ പ്ലാന്റും കൗതുകമുണർത്തുന്നവയാണ്. പ്രദേശത്തെ ഏറ്റവും പ്രധാന ആവശ്യമായ ശുദ്ധീകരിച്ച കുടിവെള്ളം 10 ലിറ്ററിന്റെ പ്ലാസ്റ്റിക് ക്യാനുകളിൽ വെറും 12 രൂപയ്ക്ക് വീടുകളിൽ എത്തിക്കുന്ന പദ്ധതിയാണിത്. ആധുനികമായ ഏത് ജലസംസ്കരണ പ്ലാന്റിനോടും കിടനിൽക്കുന്ന ശുദ്ധീകരണ പ്രക്രിയയാണ് ഇവിടെയുള്ളത്. അൾട്രാവയലറ്റ് രശ്മികൾ ഉപയോഗിച്ചുള്ള അണുനശീകരണ സംവിധാനവും ഇവിടെയുണ്ട്. 8 രൂപക്ക് സ്വയം സഹായ സംഘങ്ങൾക്ക് നൽകുകയും വിതരണകൂലിയായി 4 രൂപ അവർ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുകയും ചെയ്യുന്നു. അതോടൊപ്പം 30 രൂപ പ്രതിമാസം നൽകിയാൽ പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവമാലിന്യങ്ങളും ഇവർ തന്നെ വീടുകളിൽ നിന്നും എടുത്ത് മാലിന്യസംസ്കരണ പ്ലാന്റിൽ എത്തിക്കുന്നു. തനതുശൈലിയിലുള്ള ചെലവുകുറഞ്ഞ സംസ്കരണ പ്രക്രിയയാണ് അനുവർത്തിച്ചിരിക്കുന്നത്. ഒപ്പം മണ്ണിര കമ്പോസ്റ്റ്, ബയോഗ്യാസ് ഉൽപ്പാദനവും നടത്തുന്നു. ഹാൻഡ് ഇൻ ഹാൻഡ് എന്ന സർക്കാരിതര സംഘടനയുടെ പങ്കാളിത്തത്തോടെ BOT (Build Operate Transfer) മാതൃകയിലാണ് ഈ പദ്ധതികൾ രണ്ടും പ്രവർത്തിക്കുന്നത്. ഇച്ഛാശക്തിയുള്ള നേതൃത്വവും, മികച്ച സാമ്പത്തിക മാനേജ്മെന്റും, വിഭവങ്ങളുടെ ശരിയായ വിനിയോഗവും ഉറപ്പാക്കിയാൽ ഏതു പദ്ധതിയും സ്ഥായിയായി വിജയകരമായി നിലനിൽക്കുമെന്ന് ഈ മാതൃകകൾ നമ്മെ ഓർമ്മി






# തമിഴ്നാട്ടിൽ

## പഠനാനുഭവം







പ്പിക്കുന്നു. പ്രാദേശിക രീതിയിൽ സർക്കാർ പണം നൽകുന്നത് മാതൃകാപരമാണ്. ചിട്ടയായ ഗ്രാമസഭാ പ്രവർത്തനവും തർക്ക പരിഹാരങ്ങൾക്കുള്ള പഞ്ചായത്തിന്റെ ഇടപെടലും വളരെ ശ്രദ്ധേയമാണ്. തമിഴ്നാട്ടിലെ ഗ്രാമപഞ്ചായത്തുകളിൽ പ്രസിഡന്റിനെ വോട്ടർമാർ നേരിട്ട് തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഇത് ഗ്രാമത്തെ ഒറ്റ യൂണിറ്റായി കാണാൻ പ്രസിഡന്റിന് കൂടുതൽ പ്രചോദനം നൽകും. എന്നാൽ മെമ്പർമാർക്ക് കാര്യമായ പങ്കാളിത്തം ഇല്ല എന്നത് ഒരു പോരായ്മയായി നിൽക്കുന്നു.

മേവലൂർകൊപ്പം എന്ന പഞ്ചായത്തിലെ പ്രത്യേകത ഗ്രാമത്തിലെ ജലദൗർലഭ്യം പരിഹരിക്കാനായി നിർമ്മിച്ച 15 ഓളം വലിയ ജലാശയങ്ങളാണ്. വൃത്തിയായി പരിപാലിക്കുന്ന ഈ ജലാശയങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾ മിക്കവാറുമെല്ലാം തന്നെ നിറവേറ്റുന്നു. വിദ്യാർത്ഥികൾക്ക് അവധി ദിവസങ്ങളിൽ സൗജന്യ കമ്പ്യൂട്ടർ പരിശീലനവും വൃത്തിയുള്ള അന്തരീക്ഷവും ശൗചാലയങ്ങളുമെല്ലാമുള്ള സ്കൂൾ ഈ ഗ്രാമത്തിന്റെ അഭിമാനമായി നിൽക്കുന്നു. നിരവധി പുസ്തകങ്ങളുടെ ശേഖമുള്ള ലൈബ്രറി പ്രദേശത്തെ വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും ഒരു പോലെ പ്രയോജനം ചെയ്യുന്നുണ്ട്. ഗ്രാമത്തിന്റെ വികസനവും നിവാസികളുടെ സന്തുഷ്ടിയും സ്വന്തം ജീവിത ലക്ഷ്യമായി കാണുന്ന ഒരു മാതൃകാ ഗ്രാമത്തലവനെയാണ് ഗോപാലിൽ ദർശിച്ചത്. മഹാത്മാവിന്റെ ഗ്രാമസ്വരാജിലെ ഗ്രാമങ്ങൾ ബീഹാറിലായാലും, തമിഴ്നാട്ടിലായാലും കേരളത്തിലായാലും സന്തുലിതമായ ഒരു ജീവിത ക്രമത്തിലൂടെ കൈവരുന്ന സന്തുഷ്ടിയാണ് വിളിച്ചോതുന്നത്. സാമൂഹ്യമായ ഇടപെടലുകൾ നടത്തുന്ന ഗ്രാമസഭയും ഇവിടെ ശ്രദ്ധേയമാണ്. യുവാക്കളുടെ സംഘം ചേർന്നുള്ള മദ്യപാനവും മറ്റ് ദുഷ്പ്രവണതകളും ഗ്രാമസഭയിൽ സ്ത്രീകൾ മുൻകയ്യെടുത്ത് ചർച്ച ചെയ്യുന്നതും ഇത് തടയുവാനും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഇവരെ തൊഴിലുകൾ ചെയ്യുന്നതിനായി പ്രേരിപ്പിക്കാൻ ശ്രമിക്കുന്നതും ഗ്രാമസഭയുടെ പ്രവർത്തന പ്രാപ്തിയെ പ്രതിഫലിപ്പിക്കുന്നു.

ഗ്രാമസഭയുടെ ജനപങ്കാളിത്തത്തെ കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ആശയ സംവാദം പുതിയ പ്രവർത്തന ശൈലികൾ പിന്തുടരേണ്ടത് വ്യക്തമാക്കുന്നതായിരുന്നു. തമിഴ്നാട്ടിൽ ഓരോ വർഷവും മുൻകൂട്ടി നിശ്ചയിച്ച തീയതികളിൽ മാത്രമേ ഗ്രമസഭകൾ നടത്തുകയുള്ളൂ. പ്രധാനമായും ആഗസ്റ്റ് 15, ഒക്ടോബർ 2, ജനുവരി 26 തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള ദിവസങ്ങളിലാണ് ഗ്രാമസഭകൾ ചേരുക. ഇന്ത്യയിലെ എല്ലാ ഗ്രാമപ



ഞ്ചായത്തുകൾക്കും പൊതുവായ ഒരു ആശയമായി ഗ്രാമസഭകളിൽ 100 പേർ ഉൾപ്പെട്ട ഒരു ഗുണനിർണ്ണയസംഘം (quality circle) രൂപീകരിക്കുകയും ഇവർ നിശ്ചയമായും ഗ്രാമസഭകളിൽ പങ്കെടുക്കുകയും മറ്റുള്ളവരെ പങ്കെടുപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ഗ്രാമസഭകളെ കൂടുതൽ അർത്ഥപൂർണ്ണമാക്കും. ഗ്രാമസഭയുടെ സർക്കാർ ചട്ടക്കൂടിനൊപ്പം പൊതുസമൂഹസംഘടനകളെയും, കുടുംബശ്രീ പോലെയുള്ള സാമൂഹ്യാധിഷ്ഠിത പ്രസ്ഥാനങ്ങളെയും മറ്റ് സർക്കാരിതര സംഘടനകളെയും ഉൾച്ചേർത്താൽ ജനാധിപത്യത്തിന്റെ തികവാർന്ന പ്രതിരൂപമായി അവ മാറാൻ കൂടുതൽ വഴിയൊരുങ്ങും. ഗ്രാമസഭാ പങ്കാളിത്തം എന്നത് കേവല പങ്കാളിത്തത്തിനപ്പുറം അഭിപ്രായ രൂപീകരണത്തിനുതകുന്ന പൗര പങ്കാളിത്തമാക്കാൻ ശ്രമങ്ങൾ ഇന്ത്യൻ സംസ്ഥാനങ്ങൾ ഇനിയും തുടരണം. ഗ്രാമസഭകൾക്ക് എന്ത് തീരുമാനമെടുക്കാനാണ് അധികാരമെന്നും അവയുടെ യഥാർത്ഥ പ്രവർത്തന രീതി പ്രായോഗികമായി എങ്ങനെ ചിട്ടപ്പെടുത്താമെന്നും അംഗങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ആൾക്കൂട്ടമെന്നതിലുപരി ഗുണപരമായ മാറ്റങ്ങൾ ഗ്രാമങ്ങളിൽ കൊണ്ടുവരാനുള്ള വേദിയായിത്തന്നെ ഗ്രാമസഭകൾ പരിവർത്തനം ചെയ്യപ്പെടണം

സംസ്ഥാനത്ത് ഒരു യുവജനനയം രൂപീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇതിന്റെ പൂരക പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക എന്നതും പരാമർശിക്കപ്പെട്ടു. പഞ്ചായത്ത് തലത്തിൽ ഒരു യുവജന ഡേറ്റാബാങ്ക് തയ്യാറാക്കുന്നതും, ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു യൂത്ത് ഗൈഡൻസ് സെന്റർ സ്ഥാപിക്കുന്നതും ഫലപ്രദമാണ്. യുവജനങ്ങൾക്ക് ജീവനോപാധിയാക്കുന്ന വഴികൾ തെരഞ്ഞെടുക്കുന്നതിന് ഈ കേന്ദ്രങ്ങൾ വഴി മാർഗനിർദ്ദേശം നൽകാം. എല്ലാ വകുപ്പുകളിലും യൂത്ത് ബഡ്ജറ്റിംഗ് നടപ്പിലാക്കുന്നതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു യുവജന ഘടക പദ്ധതി ആവിഷ്ക്കരിക്കുന്നതും, യുവാക്കളെ കേന്ദ്രീകരിച്ചുള്ള ഒരു വികസന കാഴ്ചപ്പാട് ഉണ്ടാക്കുവാൻ ഇടയാകും.

കിലയുടെയും, രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡവലപ്മെന്റിന്റെയും ആഭിമുഖ്യത്തിൽ നടന്ന ഈ സന്ദർശനത്തിന്റെയും ആശയവിനിമയത്തിന്റെയും ഗുണവശങ്ങൾ സ്വാംശീകരിക്കുമ്പോൾ തുടർന്നും ഈ രീതിയിൽ സമാന അക്കാഡമിക് സ്ഥാപനങ്ങളെയും പരിശീലന കേന്ദ്രങ്ങളെയും ഉൾപ്പെടുത്തി കൂടുതൽ വീക്ഷണങ്ങൾ പങ്ക് വയ്ക്കലും പരസ്പര സന്ദർശനങ്ങൾ നടത്തുന്നതും അഭികാമ്യമായിരിക്കും എന്ന് രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു.







# വാർത്തകളും വിശേഷങ്ങളും

## സാക്ഷരതാമിഷൻ പ്രേരക്മാർക്ക് തനത് ഫണ്ട്/ പൊതു ആവശ്യ ഫണ്ടിൽ നിന്നും ഓണറേറിയം നൽകുന്നതിനുള്ള കാലയളവ് ദീർഘിപ്പിച്ചു.

കേരള സംസ്ഥാന സാക്ഷരതാ മിഷന് കീഴിൽ പ്രവർത്തിക്കുന്ന തുടർ വികസന വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്കും അസിസ്റ്റന്റ് പ്രേരക്മാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/ പൊതു ആവശ്യ ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന ഓണറേറിയം തുടങ്ങിയ ആനുകൂല്യങ്ങൾ സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുള്ള/ ലഭിക്കുന്ന മുറക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടർന്നും 2014-2015 സാമ്പത്തിക വർഷത്തിലും (2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ) അവയുടെ തനത് /പൊതു ആവശ്യ ഫണ്ടിൽ നിന്നും തുടർന്ന് നൽകുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാരണ)നം. 968/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 03.04.2014.

## ഭവന നിർമ്മാണ പദ്ധതികൾ - എഗ്രിമെന്റ് രജിസ്റ്റർ ചെയ്യുന്നത് - ഗുണഭോക്താക്കൾക്ക് വേണ്ടി ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നത് സംബന്ധിച്ച് - ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവർ 12 വർഷത്തേയ്ക്ക് വീടും സ്ഥലവും കൈമാറ്റം ചെയ്യുകയില്ല എന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേരിൽ കരാർ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും അപ്രകാരം ചെയ്യുമ്പോൾ ആയതിനുള്ള രജിസ്ട്രേഷൻ ഫീസിനും മുദ്രപത്രത്തിനുമുള്ള ചെലവ് ഗുണഭോക്താക്കൾക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ വഹിക്കാവുന്നതാണെന്നും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഉത്തരവ് നമ്പർ - സ.ഇ.(സാധാ)നം.1050/14/തസ്വഭവ തിരുവനന്തപുരം, തീയതി: 29/04/2014.

## 31.03.2014 -നകം ട്രഷറിയിൽ നിന്നും മാറാൻ സാധിക്കാതിരുന്ന ബില്ലുകൾ മാറി നൽകുന്നതിനും 2013-14ലെ ചെലവിനത്തിൽ അവ ഉൾക്കൊള്ളിക്കുന്നതിനുമുള്ള ഉത്തരവ്.

1. 31.03.2014 വരെ 'സാംഖ്യ'യിൽ ജനറേറ്റു ചെയ്ത ബില്ലുകൾ ഏതെങ്കിലും ട്രഷറിയിൽ സ്വീകരിക്കാതെയുണ്ടെങ്കിൽ ആയവ ട്രഷറിയിൽ സ്വീകരിക്കുന്നതും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 20.04.2014-ന് ശേഷം തുക വിതരണം ചെയ്യുന്നതുമാണ്.

   (i) ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയെ സംബന്ധിച്ച് വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ 65% തുക വരെയുള്ള ബില്ലുകൾ.

   (ii) 65% ചെലവ് ചെയ്തു കഴിഞ്ഞ മുകളിൽ (i)ൽ വ്യക്തമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരുകളെ സംബന്ധിച്ച് ഒരു ദിവസം മാറാവുന്ന ബില്ലുകൾക്ക് ട്രഷറി ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണത്തിന്റെ പരിധിക്കകത്ത് വരുന്നതും, എന്നാൽ മാറി കിട്ടാത്തതുമായ ബില്ലുകൾ.

   (iii) ജില്ലാ പഞ്ചായത്തുകളെയും കോർപ്പറേഷനുകളെയും സംബന്ധിച്ച വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ 50% തുക വരെയുള്ള ബില്ലുകൾ.

   (iv) 50% ചെലവ് ചെയ്തു കഴിഞ്ഞ മുകളിൽ (iii) ൽ പറഞ്ഞ പ്രാദേശിക സർക്കാരുകളെ സംബന്ധിച്ച് ഒരു ദിവസം മാറാവുന്ന ബില്ലുകൾക്ക് ട്രഷറി ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണത്തിന്റെ പരിധിക്കകത്ത് വരുന്നതും, എന്നാൽ മാറി കിട്ടാത്തതുമായ ബില്ലുകൾ.

2. ഇ.എം.എസ് ഭവന പദ്ധതിയുടെ വായ്പ തുകയ്ക്കുള്ള പലിശ സഹകരണ സംഘങ്ങൾക്ക് നൽകുന്നതിന് സർക്കാർ, പഞ്ചായത്ത് ഡയറക്ടർ മുഖേന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അലോട്ട്മെന്റ് നൽകിയിരുന്നു. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ജില്ലാ ട്രഷറികളിൽ നിന്നും പ്രസ്തുത തുകയ്ക്ക് സമർപ്പിച്ച ബില്ലുകളിൽ 31.03.2014നു മുൻപ് മാറാൻ കഴിയാത്തവ 20.04.2014 -ന് ശേഷം മാറി തുക നൽകുന്നതാണ്.

3. 2013-14-ലെ കിഴിക്കേണ്ടതായ ചെലവഴിക്കാത്ത തുക (shortfall in expenditure) കണക്കാക്കുന്നതിന് മേൽപറഞ്ഞ 1 (i) മേൽ 1 (iv) വരെ ഇനങ്ങളിലെ ചെലവുകൾ 2013-14 സാമ്പത്തിക വർഷത്തിലെ ചെലവായി തന്നെ പരിഗണിക്കുന്നതാണ്. ഉത്തരവ് നം- സ.ഉ.(സാധാ)നം.3421/2014/ധന തീയതി, തിരുവനന്തപുരം 19/04/2014.

## ഗസറ്റ് വിജ്ഞാപനം പ്രകാരം പേരു മാറ്റിയ മാതാപിതാക്കളുടെ പേര് കുട്ടിയുടെ ജനനരജിസ്ട്രേഷനോടൊപ്പം ചേർത്ത് തിരുത്തൽ വരുത്തുന്നത്, സ്പഷ്ടീകരണം നൽകി ഉത്തരവ്.

കുട്ടിയുടെ ജനനത്തിനു മുമ്പ് മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപന പ്രകാരം തിരുത്തിയിട്ടുണ്ടെങ്കിൽ കുട്ടിയുടെ ജനന രജിസ്ട്രേഷനിൽ അപ്രകാരം ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് ചേർത്ത് തിരുത്തൽ വരുത്തി സർട്ടിഫിക്കറ്റ് നൽകാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകി ഉത്തരവായി. ഉത്തരവ് നമ്പർ - സ.ഉ.(ആർ.റ്റി)നം. 997/14/സ്വഭവ. തിരുവനന്തപുരം, തീയതി 11-04-2014.

www.promptec.in

promptec™
LED Lights
Saves Power, Light forever

## Leading Manufacturers of LED Lights
## LED Lighting Systems & Accessories

**Completed India's Largest LED Lighting Project,
Lighting up 5 Corporations, 60 Municipalities and Panchayats in Kerala.**



**Specialized in manufacturing LED Street Lights varying from 5W to 150W**

**Promptec LED lights help you :**

| Save Energy | Enjoy Crystal Clear Visibility | Protect Environment - Mercury Free | No Maintenance Headaches |

Industry leading product Certifications from

UL | CPRI | RoHS Compliant | TÜV NORD ISO 9001:2008 | Ministry of New & Renewable Energy Govt. of India | एन. एस. आई. सी. NSIC ISO 9001 : 2008 NSIC Certified

Manufactured & Marketed by:

**PROMPTEC RENEWABLE ENERGY SOLUTIONS PVT LTD.**

(An ISO 9001-2008 Certified Company)

Head Office & Works
'Shibra Farms', Nagasandra Main Road,
Near 8th Mile, Tumkur Road,
Bangalore - 560 073. Karnataka, India

Sales Depot
1/153 Thalore, Old NH47,
Nenmanikara Gramapanchayat,
Thrissur, Kerala, India - 680 306
Enquiries : +91 98468 81939

**Ph :080-28390897 / +91 9686198166 / 67 | Fax : 080 28390889 Email: sales@promptec.in**
**We solicit Dealer / Representatives enquiries to supply our products in Kerala.**

**PANCHAYATRAJ** (Monthly) April 2014
Annual Subscription ₹120/-, Published on 20th April 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

# ഹൈമാസ്റ്റ്ലൈറ്റുകൾ സൗരോർജ്ജത്തിൽ..

## AMMINI SOLAR Introduces..

# GreenMast

## SOLAR LED MAST LIGHTS



**Different Models**
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

### Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

**ലൈറ്റിംഗ് രംഗത്ത്**
**20 വർഷത്തെ**
**സേവന പാരമ്പര്യം**

MSME National Award for Quality Products

ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

# അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ–മെയിൽ: mail@ammini.com

**For more details:1800 300 00 600 (TOLL FREE)**



Printed & Published by A. Sayeed, Director (i/c), Dept. of Panchayats on behalf of Govt. of Kerala and Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed